# വിഷയവിവരം.

1. പ്രസംഗത്തെപററി

—കൈരളീദാസൻ.

2. ഒറവങ്കര

—കെ. പി. കൃഷ്ണപൊതുവാൾ.

3. മണിപ്രവാളസ്വരൂപം

—കെ. വി. എം.

4. അതീനിയൻ പ്രജായത്തഭരണം.

—വിദ്വാൻ സി. കൃഷ്ണവാര്യർ ബി. എ.

5. കാട്ടുപൂക്കൾ

—എം ഗോപാലൻകുട്ടിമേനോൻ ബി. എ.

6. ഇന്ദുലേഖ

—സി. എസ്സ്. എൻ.

7. അരുണയുടെ അനുരാഗം

—എം. ബാലാദേവി.

8. പെരുവഴിയിൽവെച്ച്

—സി. ഗോവിന്ദക്കുറുപ്പ്.

9. ഭാഷാവിഷയം

—മല്ലിനാഥൻ.

# കൈരളി

| പുസ്തകം ൨൫ | ൧൧൨൩ കുംഭം | ലക്കം ൧൧ |
|---|---|---|


കൈരളീഭാഷണം.

## പ്രസംഗത്തെപ്പററി.

പ്രവചനം, പ്രഭാഷണം എന്നൊക്കെയുള്ള അർത്ഥത്തിൽ പ്രസംഗമെന്ന് പ്രയോഗിച്ചുകൂടെന്നുണ്ട്. പക്ഷെ ആ നിഷേധം നിഷ്ഫലമാകത്തക്കവണ്ണം പ്രയോഗം കൊണ്ടു് മലയാളത്തിൽ പ്രസംഗം സാധുവായ്ക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് ഇവിടേയും പ്രസംഗം തന്നെയാകട്ടെ.

പ്രസംഗവും ഒരു സുകുമാരകലയാണ്. അതുകൊണ്ടു ഒന്നായി അതിനെ അധികമാരും കരുതാറില്ല. നമ്മുടെ നാട്ടിലെയുള്ള ആ അവഗണനം. പാശ്ചാത്യ ദേശങ്ങളിൽ പ്രസംഗം ഒരു കലയായിട്ടു് —സാഹിത്യത്തിലെ ഒരു പ്രധാന വിഭാഗമായിട്ടു്— നൂററാണ്ടുകൾ പലതു കഴിഞ്ഞു. പ്രസംഗംകൊണ്ടു മാത്രം ഭുവനവിശ്രുതരായിട്ടുള്ള സാഹിത്യകാരന്മാർ പലരുണ്ടു്. ഡെമോസ്തനീസ്സ്, സിസറൊ, എഡ്മണ്ട്ബർക്ക് മെക്കോളെ എന്നിങ്ങനെയുള്ളവർ, അവരിൽ ഒന്നാംകിടക്കാരാണ്. ആധുനികലോകത്തിൽ വിൻസൻറ് ചർച്ചിൽ ലോയിഡ് ജോർജ്ജ് എന്നിവരെപ്പോലെയുള്ള മഹാരഥന്മാർ അവരുടെ പ്രഭാഷണങ്ങൾകൊണ്ടു് തന്നെയായിരിക്കും സഹൃദയപൂജിതരായിത്തീരുക. നമ്മുടെ നാട്ടിൽ വിദ്വാന്മാർ അധികവും ഇംഗ്ലീഷിലാണ് പ്രസംഗിക്കാറ്. മലയാളത്തിൽ പ്രസംഗിക്കുന്നതു് ഒരുവക ഗൌരവക്കുറവായിട്ടു് മിക്കവരും വിചാരിച്ചു് പോന്നു. മലയാളഭാഷക്കു് കാര്യപ്പെട്ട വിഷയങ്ങൾ പ്രതിപാദിക്കുവാൻ കെല്പില്ലെന്നായിരുന്നു വിദ്വാന്മാരുടെ വെയ്പു്. ഇപ്പോൾ ആ ഭാവന ഏറെക്കുറെ നീങ്ങിയിട്ടുണ്ടു്. എന്നാലും മലയാളസാഹിത്യംകൊണ്ടു് കൈകാര്യം ചെയ്യുന്ന ഏതാനും പേരൊഴിച്ചു് മററു പ്രാമാണികന്മാർ സാഹിത്യേതരങ്ങളായ വൻകാര്യങ്ങളെപ്പററി മലയാളത്തിൽ നല്ലപോലെ പ്രസം

ശിക്കുക പതിവായിട്ടില്ലെന്നു് തോന്നുന്നു. ജനഹിതഭരണത്തിന്റെ ഉപകരണങ്ങളായ 'നിയമനിർമ്മാണസഭ'കളുടേയും മററും പ്രവർത്തനം പ്രവൃദ്ധമാകുന്നതോടെ ആ പതിവും ഉണ്ടാകുമെന്നാശിക്കാം. എന്നിട്ടു വേണ്ടിവരും പ്രസംഗവും ഒരു കലയായിത്തീർന്നു് നമ്മുടെ സാഹിത്യത്തെ പോഷിപ്പിക്കുവാൻ.

പ്രസംഗത്തിന്റെ വിജയം എന്തിലടങ്ങിയിരിക്കുന്നുവെന്നു് ശാസ്ത്രീയമായി പ്രതിപാദിക്കുവാൻ പ്രയാസം. കാരണം അതൊരു സുകുമാരകലയാണെന്നുള്ളതാണു്. ധ്വനികാരൻ പറയുമ്പോലെ എല്ലാം ഔചിത്യത്തിൽ ഒതുങ്ങുമെന്നു പറയുകയാണു് ഭേദം. വിഷയം, സന്ദർഭം, സദസ്സു് എന്നിവ നോക്കി ഔചിത്യത്തോടുകൂടി സംസാരിക്കുന്നവനാരോ അവൻ തന്നെ യഥാർത്ഥത്തിൽ പ്രാസംഗികൻ. ഒരു പ്രബന്ധകാരനാണെങ്കിൽ തന്റെ കൃതിയുടെ ഏതു വശത്തെക്കുറിച്ചും ഗാഢമായി ആലോചിച്ചതിന്നു ശേഷം പ്രവർത്തിച്ചാൽ മതി. ഒരു പ്രാസംഗികനാകട്ടെ, മണ്ഡപത്തിൽ കയറിയാൽ പിന്നെ ആലോചിക്കുവാൻ ഇടയില്ല. പറഞ്ഞു് പോകുന്നതിന്നിടയ്ക്കു് അപ്പപ്പോൾ വേണ്ട കലാകൌശലങ്ങൾ അപ്പപ്പോൾ അയാൾക്കു് തോന്നിക്കൊണ്ടിരിക്കണം. അഥവാ അയാളുടെ ഔചിത്യബോധം ക്ഷിപ്രകാരിയായിരിക്കണം. പ്രത്യുല്പന്നമതിയല്ലാത്ത പ്രാസംഗികൻ പരാജയപ്പെടുകയേയുള്ളു. ഒരെഴുത്തുകാരൻ വായനക്കാരുടെ മനസ്സിനെ അകലത്തിരുന്നു സങ്കല്പിച്ചാൽ മതി. ഒരു പ്രാസംഗികനോ സകലേന്ദ്രിയങ്ങളും ഒരുമിച്ചു് പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന അനേകസഹസ്രം ശ്രോതാക്കളെ ഒരേ സമയത്തു് അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. കിട്ടിയാൽ കിട്ടി, പോയാൽ പോയി — ഇതാണു് അയാളുടെ വിജയാപജയങ്ങളുടെ നില. അതുകൊണ്ടു് ഒരു കലാകർമ്മത്തിന്നു വേണ്ടിവരുന്ന മായികോപായങ്ങൾ എന്തെല്ലാമോ അവയെ അശേഷം ഏററവും ത്വരിതഗതിയിൽ സന്നിധാപനംചെയ്തു് പ്രവർത്തിപ്പിക്കുവാൻ അയാൾക്കു് കഴിയണം.

സദസ്സിന്റെ സന്തോഷമോ സന്തോഷക്കേടോ വകവെക്കാതെ ഏതെങ്കിലും വിഷയത്തെപ്പററി സവിസ്തരം പ്രതിപാദിക്കുന്ന പ്രാസംഗികന്മാരുണ്ടു്. അവർ ചെയ്യുന്നതു് പ്രസംഗമല്ല. ഒരു യഥാർത്ഥപ്രാസംഗികന്റെ അതിപ്രധാനമായ കരണീയം സദസ്യരെ അനുനയം ചെയ്യുക എന്നുള്ളതാണു്. സദസ്യരുടെ ധീശക്തിയേയൊ വികാരാവേശത്തേയൊ അഭിപ്രായഗതിയേയൊ അനുനയംചെയ്തു് വശപ്പെ

ടുത്തി താൻ പറയുന്ന കാര്യങ്ങൾ അവക്ക് സമ്മതമാക്കിത്തീർത്തിട്ടുവേണം ഒരു പ്രാസംഗികൻ കൃതാർത്ഥനാകുവാൻ. അപ്പോൾ പ്രാസംഗികൻ കാര്യമായി ശ്രദ്ധിക്കേണ്ടതു് ശ്രോതാക്കളും താനുമായിട്ടുള്ള ബന്ധത്തെയാണെന്നു് സ്പഷ്ടം. പ്രസംഗമാരംഭിച്ചു് അല്പസമയത്തിന്നുള്ളിൽ പ്രാസംഗികൻ ശ്രോതാക്കളെ സ്വാധീനപ്പെടുത്തിക്കഴിയണം. ഖണ്ഡകഥാകാരന്മാർ കഥാരംഭത്തിൽ ചെയ്യുമ്പോലെ പല വിദ്യകളും അതിലേക്കു് പ്രാസംഗികൻ അവലംബിക്കേണ്ടതുണ്ടു്. അവയെല്ലാം അയാളുടെ ഉചിതജ്ഞതക്കു വിട്ടുകൊടുക്കുവാനെ തരമുള്ളു. സാധാരണമായി പ്രസംഗങ്ങൾ 'ബോറാ'കുന്നതു് രണ്ടു് കാരണങ്ങളാലാണ്—ഒന്നു് സ്വരക്കുറവു് മറെറാന്നു് കാര്യക്കുറവു്. ഹാളിൽ ഇരിക്കുന്നവരിൽ അധികം പേക്കും കേൾക്കാൻ പാടില്ലാത്തവിധം അത്ര അവസന്നമാണ് സ്വരമെങ്കിൽ പ്രാസംഗികൻ പണിരാജിവെച്ചു് ഇറങ്ങിപ്പോകുകയാണ് ഭേദം.

"Keep your eyes on the man in the back row or at the far end of the table, notice if he has the strained expression of one whose wireless set is nearly getting America but not quite. If he has it, raise your chin, and so improve your voice, and at the same time enable the audience to see the movements of your lips."

ഇങ്ങനെയാണു് ഒരിംഗ്ലീഷുകാരൻ പ്രാസംഗികന്റെ സ്വരക്രമവൽക്കരണത്തെക്കുറിച്ചു് പറഞ്ഞിട്ടുള്ളതു്. ഒടുവിലത്തെ ബെഞ്ചിൽ ഇരിക്കുന്നവരെക്കൊണ്ടുകൂടി തല കുണുക്കിക്കുവാൻ പോരുംവരെ സ്വരം ഉയർത്തുവാൻ പ്രാസംഗികൻ ശ്രമിക്കേണ്ടതാണു്. അത്രക്കൊന്നും തന്റെ സ്വരത്തിനു് ബലമില്ലെങ്കിൽ പിന്നെ പ്രാസംഗികൻ ശ്രോതാക്കളെക്കൊണ്ടു ഫൂൽക്കാരവും ധിക്കാരവും ചെയ്യിക്കുവാൻ ഇടയാക്കാതെ ഇറങ്ങിപ്പോന്നേക്കണം. Louder please എന്നു് ഹാളിൽനിന്നു് ഉയരുന്ന അർത്ഥന അർത്ഥവത്തല്ലെന്നു് ഒരിക്കലും കരുതിപ്പോകേണ്ട. അന്തസ്സുകൊണ്ടു് അതിനെ വകവെക്കാത്തവന്നു് പ്രസംഗത്തിൽ തീർച്ചയായും അടിയറവു പറരം. സ്വരമെത്ര നന്നായാലും ഭാഷാരീതി എത്ര മനോഹരമായാലും പ്രസംഗത്തിൽ ഒരു കഴമ്പുമില്ലെന്നു വന്നാൽ അധികംനേരം ആരും കേട്ടിരിക്കയില്ല. യദൃച്ഛയാ ഒരിക്കൽ ഹാളിൽ കടുങ്ങിപ്പോയാൽ ശ്രോതാക്കൾ പിന്നെയൊരിക്കൽ അത്തരം പ്രസംഗം കേൾക്കാൻ അവിടെ കയറിവരില്ല. സ്വരവും കാര്യവും ഒത്താൽ പിന്നെ പ്രസംഗം ഭംഗിപ്പെടുത്താൻ കുറെ വിദ്യകൾ ഉണ്ടാകുകയേ വേണ്ടു.

നിസ്സാരങ്ങളായ ഏതാനും പിശകുകൾ പ്രസംഗത്തെ അപകടത്തിൽ കലാശിപ്പിക്കാറുണ്ടു്. പന്തിയല്ലാത്ത വസ്ത്രധാരണം, അവയവങ്ങളുടെ അനാശാസ്യപ്രവൎത്തനം, പിഴച്ച ഉച്ചാരണം എന്നിങ്ങനെ പലതുണ്ടു് അക്കൂട്ടത്തിൽ. തിരിച്ചെടുത്താൽ അംവ ഓരോന്നും അത്ര കാൎയ്യമാക്കാനുണ്ടാവില്ല. പക്ഷെ ഒരൊററ ഉച്ചാരണപ്പിശകുകൊണ്ടു പ്രസംഗം അവതാളത്തിലായതിന്നു് ഉദാഹരണങ്ങളുണ്ടു്. ശ്രോതാക്കളുടെ ശ്രദ്ധ മുഴുവൻ ആ വക നിസ്സാരസ്ഖലിതങ്ങളിൽ കേന്ദ്രീഭവിക്കുന്നതാണു പ്രസംഗം അപജയത്തിൽ കലാശിക്കുന്നതിന്നു കാരണം.

മലയാളത്തിൽ പല പ്രാസംഗികന്മാരും പാട്ടുപാടി ശ്രോതാക്കളുടെ മനം കവരുവാൻ ഉത്സാഹിക്കാറുണ്ടു്. അവരുടെ പ്രസംഗത്തിൽ ഉദ്ധരണങ്ങളായിരിക്കും അധികം. സ്വന്തം വാക്യങ്ങൾ ചമ്പുക്കളിലെ ഗദ്യങ്ങളോളംതന്നെ ഉണ്ടാകുകയില്ല. അന്യന്റെ മുതൽകൊണ്ടു വ്യാപാരം ചെയ്യുന്ന അത്തരം പ്രാസംഗികന്മാൎക്കു നേട്ടം വളരെ കുറവായിരിക്കും. എന്നുവെച്ചാൽ അവൎക്കു് സദസ്യരെ അനുനയം ചെയ്തു് ഏതെങ്കിലും ഒരഭിപ്രായത്തിലേക്കു് ആകൎഷിക്കുവാൻ സാധിക്കുകയില്ലെന്നൎത്ഥം. അതിരുകവിഞ്ഞ ഫലിതത്തിന്റേയും ഫലം ഇതുതന്നെയാണു്. പാട്ടും ഫലിതവും കേൾക്കുമ്പോഴൊക്കെ ആളുകൾ രസിക്കുമെങ്കിലും പ്രസംഗത്തിന്റെ ഫലമായി യാതൊന്നും അവരുടെ മനസ്സിൽ നവമായി കയറിയെന്നു് വരികയില്ല. ഇങ്ങനെ പറഞ്ഞതുകൊണ്ടു് ഉദ്ധരണവും ഫലിതവും പ്രസംഗത്തിൽ വൎജ്ജ്യമെന്നൎത്ഥമില്ല. ആകാം. പക്ഷേ അതിന്നുമുണ്ടു് ഒരളവു് എന്നുമാത്രം. ഫലിതവും ഉദ്ധരണവും വശമില്ലാത്തവരിൽ ഏതാനുംപേർ അലങ്കാരധാടികൊണ്ടു കേൾവിക്കാരെ അമ്പരപ്പിക്കുന്നൊരു പതിവുണ്ടു്. ആരംഭംതൊട്ടു് അവസാനംവരെ അവിച്ഛിന്നമായ ആലങ്കാരികഭാഷകൊണ്ടു പ്രസംഗം ഒരു വെടിക്കെട്ടുപോലെയായിരിക്കും. എന്തോ കുറെ പച്ചയും മഞ്ഞയും കണ്ടുവെന്നല്ലാതെ വെടിക്കെട്ടിൽനിന്നു കാണികൾക്കൊന്നും കിട്ടാറില്ലല്ലൊ. ഏകദേശം അതുതന്നെ പ്രസംഗം കേട്ടാലുള്ള ഫലവും. യഥാൎത്ഥത്തിൽ പ്രസംഗത്തിന്നിടക്കു അലങ്കാരജടിലമായ ഭാഷ കുറക്കുകയാണു ഭേദം. കേൾക്കുന്ന നിമിഷത്തിൽ അൎത്ഥാവബോധം ഉണ്ടാക്കുന്ന ഭാഷാരീതിക്കാണു പ്രസംഗമണ്ഡപത്തിൽ വിജയമധികവും.

അവസാനിച്ചാലും അവസാനിക്കാത്ത മാതിരി പ്രസംഗിക്കു

ന്നവരുണ്ട്. വിരമിച്ച ആകാംക്ഷയെ ഉത്ഥാപനം ചെയ്യുവാൻ അവർ ചെയ്യുന്ന ശ്രമം ശ്രോതാക്കളെ എത്ര ഉപദ്രവിക്കുമെന്നു് അവർ അറിയുന്നില്ല. പ്രസംഗം എത്ര നന്നായാലും നാതിദീഘമായിരിക്കണം. ഇനിയും കുറച്ചു കേട്ടാൽകൊള്ളാം എന്നു ശ്രോതാക്കൾക്കു തോന്നിക്കൊണ്ടിരിക്കെയായിരിക്കണം പ്രസംഗത്തിൻെറ അവസാനം. ഒരിക്കൽ ഒരു മഹാപണ്ഡിതൻ രണ്ടിലധികം മണിക്കൂർ പ്രസംഗിച്ചു കഴിഞ്ഞപ്പോൾ യോഗഭാരവാഹികളിലൊരാൾ സമയം വൈകിപ്പോയെന്നു അറിയിക്കുവാൻ എന്ന ഭാവേന വിളക്കു കൊളുത്തി മേശപ്പുറത്തുവെച്ചു. ശ്രോതാക്കൾ എല്ലാവരും ഇരുട്ടിലാണു്. അപ്പോൾ പ്രാസംഗികൻ തലപ്പാവെടുത്തു മേശപ്പുറത്തുവെച്ചു പ്രസംഗക്കുറിപ്പു് ഒന്നുകൂടി സൂക്ഷിച്ചു നോക്കി സംസാരിക്കുവാൻ ഒരുങ്ങി. അദ്ദേഹത്തിൻെറ വിഷയം മനഃശാസ്ത്രമായിരുന്നുപോലും! പ്രാസംഗികന്മാർ ഇത്തരം വകതിരിവില്ലായ്മ കൂടാതെ കഴിക്കേണ്ടതാണു്.

"Begin, low, speak low :
Take fire, rise higher;
When most impressed
Be self-possessed ;
At the end wax warm,
And sit down in a storm."

കൈരളീദാസൻ.

---

## ഒറവങ്കര.

നീലകണ്ഠൻനമ്പൂതിരി (രാജാ)

മർത്ത്യാകാരേണ ഗോപീവസനനിരകവ-
 ന്നോരു ദൈത്യാരിയെത്തൻ-
ചിത്തേ ബന്ധിച്ച വഞ്ചീശ്വര! തവ നൃപനീ-
 തിക്കുതെററില്ല പക്ഷേ
പൊൽത്താർമാതാവിതാ തൻകണവനെ വിട്ടവാ
 നാശ്രയിക്കുന്നു ദാസീ-
വൃത്ത്യാ നിത്യം ഭവാനെ ക്കനിവവളിലുദി-
 ക്കൊല്ല കാരുണ്യരാശേ!

എന്ന ഒരൊററ ശ്ലോകംകൊണ്ടുതന്നെ 'കേരളമൊഴികവിതാകാരക ന്മാ'രുടെ ഇടയിൽ ഉന്നതസ്ഥാനത്തിനർഹനായിത്തീന്ന രാജൻനമ്പൂതിരി, ശ്രീപരശുരാമനിൽനിന്നു മന്ത്രവാദം സിദ്ധിച്ചിട്ടുള്ള കോശ്ശാപ്പിള്ളി ഒറവങ്കരയില്ലത്തു ശങ്കരൻനമ്പൂതിരിയുടെ പുത്രനായി 1032 എടവത്തിൽ ജനിച്ചു. അദ്ദേഹത്തിനു് ഒരു ജ്യേഷ്ഠഭ്രാതാവുണ്ടായിരുന്നു. അദ്ദേഹമാണു രാജൻനമ്പൂതിരിയെ ബാല്യകാലത്തു വിദ്യാഭ്യാസം ചെയ്യിച്ചിരുന്നതു്. വേദാദ്ധ്യയനവും സമാവത്തനവും കഴിഞ്ഞതിനു ശേഷം നീലകണ്ഠൻ നമ്പൂതിരി1047-ൽ കൊടുങ്ങല്ലൂർ വിദ്വാൻ കുഞ്ഞിരാമവമ്മഇളയതമ്പുരാൻ (1096 കക്കടകത്തിൽ തീപ്പെട്ടു) തിരുമനസ്സിലെ പ്രിയശിഷ്യനായിത്തീന്നു. അവിടെ പഠിച്ചു താമസിച്ചിരുന്ന കാലത്തു ശ്രീകുരുംബേശ്വരിയെ ഒരു സംവത്സരം ഭജിക്കയുണ്ടായി. ആ ഭജനത്തിന്റെ ഒടുവിലത്തെ മണ്ഡലക്കാലത്തു മൌനവ്രതം അനുഷ്ഠിച്ചിരുന്നു. എന്നു മാത്രമല്ല അത്താഴപ്പൂജയ്ക്കു നിവേദിച്ച നാഴി പാൽ മാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളു. ഈ ഭജനം കഴിഞ്ഞതിനുശേഷമാണു് അവിടെയ്ക്കു കവിതാനിമ്മാണത്തിൽ ഉത്സാഹവും അധികമായ വാസനയും വദ്ധിച്ചു തുടങ്ങിയതെന്നു പറയപ്പെടുന്നു. വെണ്മണി നമ്പൂതിരിപ്പാടന്മാർ, ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, നടുവത്തച്ഛൻനമ്പൂതിരി, കാത്തൊള്ളി അച്യുതമേനോൻ മുതലായ കവിശ്രേഷ്ഠന്മാരുടെ സഹവാസവും ഗുരുനാഥന്റെ ഉള്ളലിഞ്ഞ അനുഗ്രഹവും, ശ്രീകുരുംബേശ്വരിയുടെ കൃപാകടാക്ഷവും സിദ്ധിച്ചതിനാൽ രാജൻനമ്പൂതിരി അചിരേണ ഒരു വ്യുൽപന്നൻ, നല്ല കവി, വലിയ മാന്ത്രികൻ എന്നീ പേരുകൾ സമ്പാദിച്ചു.

1055-ൽ മാതാപിതാക്കന്മാരുടെ നിബ്ബന്ധംകൊണ്ടു് അവിടുന്നു ഗൃഹസ്ഥാശ്രമം സ്വീകരിച്ചു. എന്നാൽ ഒരു സംവത്സരം കഴിഞ്ഞപ്പോൾ, ആ സതീരത്നം കാലഗതിയെ കൈക്കൊണ്ടു. ആ സംഭവം അവിടുത്തെ എന്തെന്നില്ലാതെ പീഡിപ്പിച്ചുവെന്നതു് അക്കാലത്തുണ്ടായ ദേവീസ്തവത്തിലുള്ള,

സൃഷ്ടിച്ചു മത്ത്യദേഹം വിധി, വിധുമുഖിമാ-
ക്ലിഷ്ടമല്ലാത്ത വേഷം
കെട്ടിച്ചു, വിത്തസമ്പാദന മതിൽ വഴിമു-
ട്ടിച്ചു മട്ടിച്ചു ചിത്തം,
പൊട്ടിച്ചു ഗേഹബന്ധം, മമ ഭവജലധി-
ക്കക്കരയ്ക്കുള്ള പോതം

> വെട്ടിച്ചൂ, ഞാൻ ജയിച്ചൂ ജനനി തവ കട-
> ക്കൺകഴുക്കോൽ കിടച്ചാൽ.

എന്ന പദ്യം സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ.

പഠിപ്പും ഭജനവും കഴിഞ്ഞതിനുശേഷവും അദ്ദേഹം കുറെ കാലം കൊടുങ്ങല്ലൂർതന്നെ താമസിക്കയുണ്ടായിട്ടുണ്ടു്. അക്കാലത്തു കൊടുങ്ങല്ലൂർ കോവിലകത്തു നടന്നിരുന്ന കവിതാപരീക്ഷകളിലെല്ലാം അദ്ദേഹം ചേരുകയും, പ്രശസ്തവിജയം നേടുകയും ചെയ്യാറുണ്ടായിരുന്നു. "ജാതിത്വത്തിന്നു രാജൻ" എന്നു വെണ്മണി അച്ഛൻനമ്പൂതിരിപ്പാടും, "ഫലിതത്തിന്നു രാജാവും" എന്നു മഹൻനമ്പൂതിരിപ്പാടും, 'ഫലിതമധികമായ് രാജവിപ്രൻ ചമക്കും" എന്നു കൊച്ചുണ്ണിത്തമ്പുരാനും, "നാട്ടിൽ പേർ പുകഴ്കൊണ്ട വല്യ കവിയാം രാജാവുനമ്പൂരി" എന്നു കുഞ്ഞിക്കുട്ടൻതമ്പുരാനും ഓരോ സന്ദർഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു് അദ്ദേഹത്തിന്റെ കവിതയെപ്പററി അവക്കുണ്ടായിരുന്ന മതിപ്പു് എത്രമാത്രമെന്നു പറയേണ്ടതില്ലല്ലോ.

അക്ഷരശ്ലോകം ഉണ്ടാക്കിച്ചൊല്ലുകയെന്നതു്, പഴയ കവിതാനിമ്മാണപരീക്ഷകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായിരുന്നു. സകല കലാമമ്മജ്ഞനായ വാച്ചുയൊഴിഞ്ഞ കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഒരിക്കൽ തിരുവഞ്ചിക്കുളത്തു ഭജിപ്പാനെഴുന്നള്ളിയിരുന്നപ്പോൾ ഒരു ദിവസം ഒരു അക്ഷരശ്ലോകപരീക്ഷ നിശ്ചയിച്ചു. ഉച്ചക്കു പന്ത്രണ്ടു മണി മുതൽ നാലു മണിവരെയായിരുന്നു സമയം. ശ്ലോകം ചൊല്ലുന്നതു് അവിടുന്നു കല്പിക്കുന്ന വിഷയത്തെപ്പററിയായിരിക്കണം. ഒരക്ഷരംപോലും മാററം വരുത്താതെ ശ്ലോകം രണ്ടു പ്രാവശ്യം ചൊല്ലണമെന്നായിരുന്നു നിശ്ചയം. കുഞ്ഞിരാമവമ്മ തമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഒറവങ്കര രാജൻനമ്പൂതിരി എന്നീ നാലു പേരാണു് അന്നുണ്ടായിരുന്നതു്. അന്നത്തെ അക്ഷരശ്ലോകം ചൊല്ലൽ വലിയ തമ്പുരാൻ തിരുമനസ്സിലേക്കു് എന്തെന്നില്ലാത്ത ആശ്ചയ്യമുളവാക്കി. ഈ അക്ഷരശ്ലോകപരീക്ഷയെപ്പററി രാജൻനമ്പൂതിരി കൊച്ചി കേരളവമ്മ തമ്പുരാൻ ബി. എ., എഫ്. എം. യു. തിരുമനസ്സിലേക്കു് എഴുതി അയച്ചതാണു താഴെ ചേക്കുന്ന പദ്യം.

> മഞ്ജുത്വം കൈക്കലാക്കീകവികുലതിലകൻ
> കൊച്ചുകൊച്ചുണ്ണി ഭൂപൻ,
> കുഞ്ഞിക്കുട്ട ക്ഷിതീശൻ ദ്രുതതര കവിതാ-
> വൈഭവംകൊണ്ടുപോയി,

സഞ്ജാതാമോദമന്നെൻ ഗുരുവരനു മഹോ
　　പദ്യമേററം ചമച്ച്,
ഭഞ്ജിക്കാതേ കടിഞ്ഞിൽ പ്രസവസദൃശമായ്
　　ഞാനുമൊപ്പിച്ചു മാറി.

ഒരു അഴകാപുരിവർണ്ണന, കൂട്ടശ്ലോകങ്ങൾ, ഒററ ശ്ലോകങ്ങൾ, അം ബോപദേശം, ശൃംഗാരശ്ലോകങ്ങൾ, സമസ്യാപൂരണങ്ങൾ, എഴുത്തുകൾ മുതലായ അക്കാലത്തെ കവിതാമാർഗ്ഗങ്ങളിലെല്ലാം ഇദ്ദേഹം യഥേഷ്ടം സഞ്ചരിച്ചിട്ടുള്ള ഒരാളാണ്. അപാരമായ കവിതാവാസന, ഫലിത പ്രയോഗവൈദഗ്ദ്ധ്യം, കുറച്ചു വാക്കുകളെക്കൊണ്ടു വിപുലമായ ആശയ ത്തെ പുറപ്പെടുവിക്കാനുള്ള ശക്തി, എന്നിവ അദ്ദേഹത്തിൻെറ ഏതു കൃതിയിലും കിടന്നു വിളയാടുന്നുണ്ട്. പ്രാണായാമം, മനോനിയന്ത്ര ണം, നാദാനുസന്ധാനം മുതലായ വിഷയങ്ങളിൽ അദ്ദേഹം അനുഭവ സ്ഥനായിരുന്നുവെന്നതിനും, കർമ്മയോഗശാസ്ത്രങ്ങളിലും, വേദാന്തത്തി ലും അദ്ദേഹത്തിനു് അപാരമായ വൈദുഷ്യമുണ്ടായിരുന്നുവെന്നതിനും ദേവീസ്തവങ്ങൾ മൂർദ്ധന്യോദാഹരണങ്ങളാണ്.

സൃഷ്ടിസ്ഥിതിസംഹാരകാരിണിയായ പരാശക്തിയുടെ മായാ വൈഭവങ്ങളെക്കുറിച്ചു വിചിന്തനം ചെയ്യുന്ന ഭക്തന്മാർക്കും പുതുമഴ ക്കു് ഈയ്യാംപാററകളെപ്പോലെ ഉണ്ടാകയും ഉടനടി നശിക്കുകയും ചെയ്യുന്ന ഓരോ കമ്പനികളിൽ ഓഹരി ചേർന്നു നിരാശന്മാരായി ത്തിരിയുന്ന മലയാളികൾക്കും ഒരുപോലെ പിടിക്കുന്നതായിരിക്കും ഈ പദ്യം—

സൃഷ്ടിക്കേകൻ, പ്രതിഷ്ഠയ്ക്കൊരുവന, തഖിലം
　　സംഹരിപ്പാനൊരാളി
മട്ടിൽക്കുറിട്ടു മൂർത്തിത്രയബഹുലതയാ-
　　യിന്നു നിൻപൂർവ്വപുത്രൻ
കട്ടിക്കാരൻ ത്രിസൂത്രപ്പണിപണിതഴകോ-
　　ടുള്ളതെല്ലാം മറച്ചി-
ട്ടെട്ടിക്കൂട്ടും ജഗൽക്കമ്പനിയുടെ മുതലാ
　　ളാത്ത നീയതൃദാരേ!

(തുടരും)

കെ. പി. കൃഷ്ണപ്പൊതുവാൾ.

# "മണിപ്രവാളസ്വരൂപം."

## ഒരു മറുപടിക്കു മറുപടി.

9848

കൈരളിയുടെ തുലാം ലക്കത്തിൽ ഞാൻ എഴുതിയിരുന്ന ലേഖനത്തിന്നു മറുപടി എന്ന നിലയിൽ രാജർഷിയുടെ ധനു-മകരം ലക്കത്തിൽ വ്യാകരണ. സാ. ശിരോമണി പി. കൃഷ്ണൻനായർ എഴുതിയ ദീർഘലേഖനം കണ്ടു. മണിപ്രവാളസ്വരൂപത്തെക്കുറിച്ചു മി. കൃഷ്ണൻനായർ ധരിച്ചിട്ടുള്ളതിന്നും ഞാൻ ധരിച്ചിട്ടുള്ളതിന്നും തമ്മിൽ വലിയ അന്തരമുണ്ടെന്നു വരുന്നതായാൽ സാഹിത്യലോകത്തിൽ പുതുതായ ഒരു വിപ്ലവത്തിന്നൊ ക്ഷോഭത്തിന്നൊ ഇടയാകയില്ലെന്നാണു് എന്റെ വിശ്വാസം. ലീലാതിലകത്തിന്റെ അവതാരികയിൽ "സംസ്കൃതത്തിൽ ഉപയോഗിച്ചുവരുന്നവയും ഛന്ദശ്ശാസ്ത്രത്തിൽ വിധിച്ചിട്ടുള്ളവയുമായ ഛന്ദസ്സുകളിൽ നിർമ്മിതങ്ങളായ പദ്യങ്ങൾ മാത്രമേ മണിപ്രവാളത്തിൽ പെടുകയുള്ളു" എന്നു ഞാൻ പറഞ്ഞിട്ടുണ്ടു്. ആയതു കേരളപാണിനീയത്തിൽ പ്രൊഫസർ, രാജരാജവർമ്മ തമ്പുരാൻതന്നെ പ്രതിപാദിച്ചിട്ടുള്ളതുമാണു്. ഈ ഒരു സംഗതിയെക്കുറിച്ചാണു് മി. കൃഷ്ണൻനായർ വലിയ വാദകോലാഹലം ഉളവാക്കുവാൻ അരയും തലയും മുറുക്കി അരങ്ങത്തിറങ്ങിയിരിക്കുന്നതു്. മി. കൃഷ്ണൻനായരെപ്പോലെ ലീലാതിലകത്തിൽ വിജാതീയമായ പാണ്ഡിത്യമുള്ളവനായിട്ടു വേറെ ആരുമില്ലെന്നു് അദ്ദേഹം ലീലാതിലകത്തിലെ ആദ്യത്തെ മംഗളശ്ലോകത്തിന്നു് എഴുതിയ വ്യാഖ്യാനംകൊണ്ടുതന്നെ കേരളീയർ അറിഞ്ഞിട്ടുണ്ടായിരിക്കും. അദ്ദേഹത്തിന്റെ ലേഖനത്തിൽ പറഞ്ഞ സംഗതികൾകൊണ്ടു "മണിപ്രവാളസ്വരൂപം"ത്തെപ്പററി പൊതുവെ ജനങ്ങൾക്കുള്ള ധാരണയ്ക്കു പറയത്തക്ക വ്യത്യാസമൊന്നും വരുവാനില്ല. ഈ സ്ഥിതിക്കു് ഈ ലേഖനത്തിന്നു് ഒരു മറുപടി എഴുതാതിരുന്നാൽക്കൂടി വൈഷമ്യമില്ല. എന്നാൽ എന്റെ വ്യക്തിയെ സ്പർശിക്കുന്നവയും അഭിമാനത്തെ ക്ഷതപ്പെടുത്തുന്നവയുമായ ചില വാക്കുകൾ മി. കൃഷ്ണൻനായർ ഇതിൽ ഉപയോഗിച്ചിട്ടുള്ളതുകൊണ്ടും പ്രസ്തുതമായ വിഷയത്തിന്റെ പരിധിയിൽനിന്നു തുലോം അകന്നു് അനാവശ്യമായി വാക്കുകൾ വർദ്ധിപ്പിച്ചിട്ടുള്ളതുകൊണ്ടും ഈ മറുപടി എഴുതുവാൻ പുറപ്പെടുന്നതാണു്. ഞാൻ മി. കൃഷ്ണൻനായരുടെ "പ്രിയസുഹൃത്തുതന്നെയാണു്" എന്നദ്ദേഹം പറയുന്നു വളരെ വന്ദനം! അദ്ദേഹത്തിന്റെ മറുപടികൊണ്ടു "സൌഹാർദ്ദത്തിന്നും, പ്രിയതയ്ക്കും ന്യൂന

തയോ അഭാവമോ സംഭവിച്ചിട്ടുണ്ടെന്നോ മററോ" ഞാൻ വിചാരിക്കയില്ലെന്നു് അദ്ദേഹം വിശ്വസിക്കയും ചെയ്യുന്നു. മി. കൃഷ്ണൻനായരുടെ പാണ്ഡിത്യപ്രൌഢിയുടേയും വാദപാടവത്തിൻേറയും ഒരു സ്വരൂപജ്ഞാനം എനിക്കുള്ളതുകൊണ്ടു് അദ്ദേഹം ഇതല്ലാ ഇതിലപ്പുറം വല്ലതും എഴുതിയാൽക്കൂടി അതിൽ ആശ്ചര്യത്തിന്നോ അസ്വാസ്ഥതക്കോ, എന്നെസ്സംബന്ധിച്ചേടത്തോളം, അവകാശമില്ലെന്നു വ്യക്തമായിത്തന്നെ പ്രസ്താവിച്ചുകൊള്ളുന്നു.

"നിലവിലിരിക്കുന്ന ആററൂരിൻെറ പരിഭാഷയെ അവഗണിച്ചു ലീലാതിലകത്തിന്നു സ്വന്തം പരിഭാഷ നിർമ്മിച്ചു പുറത്തിറക്കിയ ശ്രീമാൻ കെ. വി. എം." എന്നു മി. കൃഷ്ണൻനായർ പറഞ്ഞു കാണുന്നു. ഇങ്ങനെ ഒരറിവു് അദ്ദേഹത്തിന്നു് എങ്ങനെയാണു കിട്ടിയതെന്നു് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. ലീലാതിലകത്തിന്നു ഞാനെഴുതിയ പരിഭാഷയുടെ ആഗമം ആ പുസ്തകത്തിൻെറ പ്രസ്താവന വായിച്ചുനോക്കിയാൽ ഏവക്കും അറിയാവുന്നതാണു്. ആററൂരിൻെറ പരിഭാഷ ഉണ്ടാകുന്നതിന്നു കുറെ മുമ്പായിത്തന്നെ എൻെറ പരിഭാഷ എതാണ്ടു് എഴുതിക്കഴിഞ്ഞിരുന്നു. ആററൂരിൻെറ പരിഭാഷയെ "അവഗണിച്ചി"ട്ടല്ലാ എൻെറ പരിഭാഷ നിർമ്മിക്കുകയൊ പുറത്തിറക്കുകയൊ ചെയ്തിട്ടുള്ളതു്. ഒരു ഗ്രന്ഥത്തിന്നു് ഒന്നൊ ഒന്നിലധികമൊ പരിഭാഷകൾ ഉണ്ടായിരുന്നാൽക്കൂടി വേറെ ഒരു പരിഭാഷ പ്രസിദ്ധപ്പെടുത്തുന്നതായാൽ അതു മുമ്പുള്ള പരിഭാഷകളെ "അവഗണിച്ചി"ട്ടാണു ചെയ്യുതെന്നു പറയാവുന്നതാണോ? വലിയ കോയിത്തമ്പുരാൻേറയും രാജരാജവർമ്മ തമ്പുരാൻേറയും ശാകുന്തള പരിഭാഷകൾ ഉണ്ടായിരിക്കെ ശ്രീമാൻ ആററൂർ തൻെറ ശാകുന്തള പരിഭാഷ പുറത്തിറക്കിയതു് ആ തമ്പുരാക്കന്മാരുടെ പരിഭാഷകളെ അവഗണിച്ചിട്ടാണോ? മി. കൃഷ്ണൻനായർ അങ്ങനെ പറഞ്ഞാൽക്കൂടിയും ശ്രീമാൻ ആററൂർ അപ്രകാരം പറകയില്ലെന്നു് എനിക്കുറപ്പുണ്ടു്. "പഠനപാഠനപ്രചാരലോപത്താൽ അപപാഠജടിലമായി കണ്ടു കിട്ടിയ ലീലാതിലകത്തെ പണ്ഡിതവര്യനായ ആററൂർ സ്വന്തം പരിഭാഷയോടുകൂടി പ്രസിദ്ധപ്പെടുത്തിയതിൽ എത്ര അബദ്ധം ഉണ്ടെന്നുവരികിലും ആ പരിഭാഷ കേരളീയക്കാകമാനം ആദരണീയംതന്നെയാണു്. ആററൂരിൻെറ സന്മനസ്സുതയാൽ രണ്ടു പന്തീരാണ്ടായി പഠനപാഠനാദിപ്രചാരം ലഭിച്ചിരിക്കുന്ന ലീലാതിലകത്തെ, ഇന്നൊരാൾ പണ്ഡിതനാണെന്നു നടിച്ചു പരിഭാഷപ്പെടുത്തുന്നതായാലത്തെ സ്ഥിതി അതാണോ?" എന്നു മി. കൃഷ്ണൻനായർ എഴുതിക്കാണു

ന്നു. ഈ എഴുതിയ മഹാനുഭാവൻതന്നെ മദിരാശി സൎവ്വകലാശാലവക പൌരസ്ത്യഭാഷാഗവേഷണപ്രസിദ്ധീകരണത്തിൽ "ലീലാതിലകത്തിലെ അപപാഠങ്ങളും അബദ്ധങ്ങളും" എന്ന ലേഖനത്തിൽ ലീലാതിലകത്തിനു "ശുദ്ധപാഠത്തോടും വ്യാഖ്യാനത്തോടും കൂടിയ ഒരു പരിഷ്കരിച്ച പതിപ്പ്" ഉണ്ടാകേണ്ടതാവശ്യമാണെന്ന് എഴുതിക്കാണുകയുണ്ടായി. എന്റെ പരിഭാഷയോടുകൂടിയ ലീലാതിലകം അപ്രകാരമുള്ള ഒരുത്തമപ്രസിദ്ധീകരണമാണെന്നു ഞാൻ നടിച്ചിട്ടുമില്ല, നടിക്കുന്നുമില്ല. എന്നാൽ ആററൂരിന്റെ പരിഭാഷയും എന്റെ പരിഭാഷയും ഭിന്നരീതികളിൽ ഉള്ളവയാകകൊണ്ടു വിഷയങ്ങളെ എളുപ്പത്തിൽ ഗ്രഹിക്കുന്നതിന്ന് ആററൂരിന്റേതിനെക്കാൾ എന്റേതു കുറച്ചധികം ഉപകരിക്കുകയില്ലയോ എന്നു സംശയിക്കുന്നു. രണ്ടു പരിഭാഷകളും തമ്മിൽ തട്ടിച്ചുനോക്കി രണ്ടിലേതാണ് അധികം നന്നായിട്ടുള്ളതെന്നു കാണിപ്പാനാണു മി. കൃഷ്ണൻനായർ തന്റെ വിലയേറിയ സമയവും 'രാജൎഷി' മാസികയുടെ പന്ത്രണ്ടര പേജും ചെലവാക്കിയിരുന്നതെങ്കിൽ അതു സാഹിത്യലോകത്തിന്ന് ഉപകാരപ്രദമാകുമായിരുന്നു! അതിനുപകരം, എന്റെ പരിഭാഷ ഒന്നു നോക്കുകപോലും ചെയ്യാതെ അതു് ആററൂരിന്റെ പരിഭാഷയെ അവഗണിച്ചു നിൎമ്മിച്ചതാണെന്നും ഞാൻ "പണ്ഡിതനാണെന്നു നടിച്ചു" പരിഭാഷപ്പെടുത്തിയതാണെന്നും പറഞ്ഞു സ്വയം കൃതാൎത്ഥതപ്പെടുന്നതിനാണു നമ്മുടെ വ്യാകരണസാഹിത്യശിരോമണി ശ്രമിച്ചു കാണുന്നതു്. ലീലാതിലകപരിഭാഷയിൽ എനിക്കു് ഒരബദ്ധവും പിണഞ്ഞിട്ടില്ലെന്നു ഞാൻ അഭിമാനിക്കുന്നില്ല. പാഠശുദ്ധിയുള്ള മൂലഗ്രന്ഥം കിട്ടാഞ്ഞതുകൊണ്ടു ചില ചില്ലറ സ്ഖലിതങ്ങൾ പററിപ്പോയിട്ടുണ്ടു്. അതെങ്ങാനുമാണു മി. കൃഷ്ണൻനായർ ചൂണ്ടിക്കാണിച്ചിരുന്നതെങ്കിൽ തിരുത്തി ശരിപ്പെടുത്താമായിരുന്നു. അപ്രകാരമുള്ള കാൎയ്യങ്ങളൊന്നും സ്പൎശിക്കാതേയും എന്റെ പരിഭാഷയെ ഒന്നു കടാക്ഷിക്കപോലും ചെയ്യാതേയും മി. കൃഷ്ണൻനായർ ലീലാതിലകവിഷയത്തിൽ എന്നെ വ്യക്തിഗതമായി പഴിക്കുവാൻ പുറപ്പെട്ടതു് അദ്ദേഹത്തിന്റെ ഹൃദയനൈൎമ്മല്യത്തെത്തന്നെ വെളിപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ഹൃദയം കണ്ണാടിപോലെ നിൎമ്മലമാണു്. അതിൽ പ്രതിഫലിക്കുന്ന വസ്തുക്കൾ വിപരീതമായിട്ടാണു കാണുന്നതെങ്കിൽ ആശ്ചൎയ്യമില്ലല്ലോ. ഞാൻ 'ഭാഷാവിഷയമായ അപകാരം" ചെയ്തു "കണ്ടുകൊണ്ടു മൌനം ഭജിക്കാൻ" അദ്ദേഹത്തിനു തരമില്ലത്രെ. വേണ്ട; യഥേഷ്ടം എഴുതുന്നതിനു യാതൊരു പ്രതിബന്ധവുമില്ല. അദ്ദേഹം ഭാഷക്കു ചെയ്യുന്നതായി നടി

കുന്ന ഉപകാരം യഥാൎത്ഥത്തിൽ ഉപകാരംതന്നെയാണോ, അതോ അപകാരമാണോ എന്നു പരിശോധിക്കുവാൻ മററുള്ളവൎക്കുള്ള അവകാശാധികാരങ്ങളെ നിഷേധിപ്പാനും അദ്ദേഹത്തിന്നു പാടില്ല. മി. കൃഷ്ണൻനായരുടെ ലേഖനം

"ഉപക്രമോപസംഹാരാ-
വഭ്യാസോപൂൎവ്വതാ ഫലം
അൎത്ഥവാദോപപത്തീ ച
ലിംഗം താല്പൎയ്യനിൎണ്ണയേ."

എന്നുള്ള ഹരിമതപ്രകാരം പരിശോധിച്ചു നോക്കിയതിൽ ലീലാതിലകം പരിഭാഷപ്പെടുത്തിയ എന്നെ അധിക്ഷേപിക്കുകയും ദൂഷിക്കുകയും ചെയ്യുക എന്നുള്ളതാണ് ആ ലേഖനത്തിൻെറ താല്പൎയ്യമെന്നു വ്യക്തമാകുന്നുണ്ടു്. എൻെറ ലീലാതിലകപരിഭാഷ വായിച്ചു നോക്കാതെ അതു പരിത്യാജ്യമാണെന്നഭിപ്രായപ്പെട്ടതിൽനിന്നു് ഇങ്ങനെയല്ലാതെ മറെറാരുവിധം അനുമിപ്പാൻ നിവൃത്തിയില്ല. അതിരിക്കട്ടെ.

എൻെറ ലേഖനത്തിൽ മി. കൃഷ്ണൻനായരുടെ "പൂൎവ്വപക്ഷം സിദ്ധാന്തവും സിദ്ധാന്തം പൂൎവ്വപക്ഷവുമാണെന്നു സ്ഥാപിച്ചിരിക്കുന്നതായി വിചാരിക്കുന്നു." എന്നാണു വലിയൊരു അബദ്ധം അദ്ദേഹം കാണുന്നതു്. ഞാൻ ഇങ്ങനെ ചെയ്തതു ചില "അസംബദ്ധങ്ങൾ നിൎദ്ദേശിക്കുകയും ചില യുക്ത്യാഭാസങ്ങളെ പ്രദൎശിപ്പിക്കുകയും ചെയ്തുകൊണ്ടാ"ണെന്നു് അദ്ദേഹം പറയുന്നു. ഈ "അസംബദ്ധ"ങ്ങളും "യുക്ത്യാഭാസ"ങ്ങളും എന്താണെന്നല്ലേ കേൾക്കേണ്ടതു്. ഞാൻ അദ്ദേഹത്തിൻെറ ഉപന്യാസത്തെ ആറു ഖണ്ഡികകളായി തിരിച്ചു "അനുവദിച്ചു" പോയതാണു പോൽ അസംബദ്ധവും മറവുമായതു്. വിഷയങ്ങളെ സാമാന്യത്തിലധികം പരത്തി വാഗ്ജാലം ആവശ്യത്തിലധികം ഉപയോഗിച്ചു വായനക്കാൎക്കു് ആകപ്പാടെ ഒരെത്തുംപിടിയും കിട്ടാത്തവിധം ചമച്ച മി. കൃഷ്ണൻനായരുടെ ഉപന്യാസത്തെ ഖണ്ഡികകളായി തിരിക്കാത്ത പക്ഷം വായനക്കാൎക്കു പല കുഴപ്പങ്ങളും വരാവുന്നതുകൊണ്ടു ഞാൻ അങ്ങനെ ചെയ്തുപോയതാണു്. ഖണ്ഡികകളായി തിരിക്കരുതെന്നു് അദ്ദേഹത്തിന്നു് ഉദ്ദേശമുണ്ടായിരുന്നുവെങ്കിൽ അതിനെപ്പററി വല്ല സൂചനയും തരേണ്ടതായിരുന്നു. "പൂൎവ്വപക്ഷം സിദ്ധാന്തവും സിദ്ധാന്തം പൂൎവ്വപക്ഷവു"മാണെന്നു പറഞ്ഞിട്ടുള്ളതിൻെറ കാരണങ്ങളും അതിൽ കാണിച്ചിട്ടുണ്ടു്. "പൂൎവ്വപക്ഷം സിദ്ധാന്തവും സിദ്ധാന്തം പൂൎവ്വപക്ഷവു" മാണെന്നു മറെറാരാൾക്കു പറയുവാനിടയാകാത്തവിധം തൻെറ ലേഖനത്തെ മി. കൃഷ്ണൻനായർ ആദ്യ

മേതന്നെ നിയന്ത്രിച്ചിരുന്നുവെങ്കിൽ ഈ പരാതി പറയുവാൻ ഇടവരികയുമില്ലായിരുന്നു. പക്ഷേ "ശാസ്ത്രകാരന്മാർ ചെയ്യാറുള്ളതുപോലെ" ആകണം തന്റെ ലേഖനം എന്നുദ്ദേശിച്ച് എന്റെ അഭിപ്രായത്തെ "സപരികരം പ്രദർശിപ്പിച്ച നിരസിക്കുവാൻ" പുറപ്പെട്ടതുകൊണ്ടായിരിക്കാം ഇങ്ങനെ വേണ്ടിവന്നതു്. ഞാൻ പ്രദർശിപ്പിച്ച ആറു ഖണ്ഡികകളിൽ "ആദ്യത്തെ രണ്ടെണ്ണം മാത്രം പൂർവ്വപക്ഷവും മുൻകാണിച്ച അഞ്ചാം ഖണ്ഡികയെ തിരുത്തി ശരിയാക്കുന്നപക്ഷം അതടക്കം ബാക്കിയുള്ള നാലു ഖണ്ഡികകളിൽ 3, 4, 5 എന്നീ മൂന്നെണ്ണം സിദ്ധാന്തസ്ഥാപനപ്രകാരങ്ങളും ആറാമത്തേതു കേവലം സിദ്ധാന്തനിഗമനവുമായിരിക്കെ......1 മുതൽ 5 കൂടിയുള്ള ഖണ്ഡികകളിൽ പറഞ്ഞവ പൂർവ്വപക്ഷങ്ങളും 6-ാം ഖണ്ഡികയിലെ കാര്യം സിദ്ധാന്തവുമാണെന്നാണു വിചാരിക്കേണ്ടതു്." എന്നിങ്ങനെ അബദ്ധമായി ഞാൻ വിചാരിക്കയും അതവലംബിച്ച പ്രവർത്തിക്കയും ചെയ്തിരിക്കുന്നുവത്രെ. "സപരികരം പ്രദർശിപ്പിച്ച" മി. കൃഷ്ണൻനായർ ഈ വക കുഴപ്പങ്ങൾക്കു് ഇടയാകാത്തവിധം തന്റെ ലേഖനത്തെ നിയന്ത്രിച്ചിരുന്നുവെങ്കിൽ ഖണ്ഡികകൾ തിരിച്ചതിനെപ്പററി അദ്ദേഹത്തിന്നു പരിഭവിപ്പാൻ ഇടവരികയില്ലായിരുന്നു.

"ഭാഷാസംസ്കൃതയോഗം വസന്തതിലകാദിസംസ്കൃതവൃത്തനിബദ്ധമായ പദ്യത്തിൽ ആയിരുന്നാലേ മണിപ്രവാളമാകൂ" എന്നുള്ളതിലേയ്ക്കു ഞാൻ കൊണ്ടുവന്നിട്ടുള്ള യുക്തികളും പ്രമാണങ്ങളും തുലോം അശക്തങ്ങളാണെന്നാണു മി. കൃഷ്ണൻനായർ പറഞ്ഞിരിക്കുന്നതു്. ഇതിൽ "വസന്തതിലകാദിവൃത്തനിബദ്ധമായ പദ്യം എന്നു പറഞ്ഞിരിക്കുന്ന സാധനം എന്തൊന്നാണു്" എന്നു് അദ്ദേഹം ചോദിക്കുന്നു. "പദ്യം" എന്ന "സാധനം" നാലു പാദങ്ങളിൽ നിബദ്ധമായിട്ടുള്ള വാങ്മയം എന്നാണു ഞാൻ ധരിച്ചിട്ടുള്ളതു്. ഈ വാസ്തവം മി. കൃഷ്ണൻനായരും മനസ്സിലാക്കിയിട്ടുണ്ടായിരിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. ഒമ്പതു വിധം മണിപ്രവാളങ്ങളെപ്പറയുന്ന ഘട്ടത്തിൽ "അസ്യൈകസ്യാർദ്ധസ്യ ചതുർത്ഥപാദസ്യ വാ കേവലസംസ്കൃതത്വേ ഭാഷായാഃ പ്രാധാന്യം ഹീയതേ (ഇതിൽ ഒരു പദ്യത്തിന്റെ ഒരർദ്ധം മുഴുവനുമോ, നാലാംപാദം മാത്രമോ സംസ്കൃതമായാലും ഭാഷയ്ക്കു പ്രാധാന്യമില്ലാതാകും.)" എന്നു പറയുന്ന ലീലാതിലകകാരൻ രണ്ടർദ്ധമായും, നാലു പാദമായും തിരിക്കാവുന്ന പദ്യത്തെയാണു മണിപ്രവാളമെന്നു വിവക്ഷിച്ചിട്ടുള്ളതെന്നു പ്രസ്പഷ്ടമാണു്. എന്നാൽ "ഭാഷാസംസ്കൃതയോഗം പദ്യത്തിലായാലും ഗദ്യത്തിലായാലും ഉഭയരൂപ

PRESENTED BY
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ത്തിലായാലും മണിപ്രവാളമാണെന്നു സ്പഷ്ടമായി പറഞ്ഞിരിക്കുന്ന അദ്ദേഹം ഭ്രാന്തനൊ ലോകവഞ്ചകനൊ ആണെന്നല്ലേ വരിക." എന്നു മി. കൃഷ്ണൻനായർ ചോദിക്കുന്നു. ഈ ചോദിക്കുന്നതിനു മുമ്പിൽ അദ്ദേഹം എന്റെ ലേഖനത്തിൽനിന്നു് ഉദ്ധരിച്ചിട്ടുള്ള വാക്യങ്ങളുടെ സാരം മനസ്സിലാക്കിയിരുന്നുവെങ്കിൽ ഈ ചോദ്യംതന്നെ വരികയില്ലായിരുന്നു. "ഒരു കവിതയെ കാവ്യമെന്നു പറയുന്നതുപോലെ അതിൽ കാവ്യം അടങ്ങിയിരിക്കുന്നുവെന്നും പറയാവുന്നതാണു്. ഇതുപോലെതന്നെയാണു മണിപ്രവാളത്തിന്റെ കാര്യവും. ഭാഷാസംസ്കൃതയോഗമുള്ള കവിതയെ മണിപ്രവാളമെന്നു പറയാം. ഒരു കവിതയിലടങ്ങിയ ഭാഷാസംസ്കൃതമയങ്ങളായ വാക്യങ്ങളേയും മണിപ്രവാളമെന്നു പറയാം" എന്നു ഞാൻ സ്പഷ്ടമായി ഉപന്യസിച്ചിട്ടുണ്ടു്. "ഭാഷാസംസ്കൃതയോഗമുള്ള കവിതയെ മണിപ്രവാളമെന്നും ആ കവിതയേയൊ അഥവാ ആ കവിതയിലടങ്ങിയ വാക്യങ്ങളേയൊ അനേകം മണിപ്രവാളങ്ങളെന്നും അനേകം കവിതകളെന്നും അനേകം കാവ്യങ്ങളെന്നും തുഷ്യതുദുർജ്ജനന്യായേന ഇഷ്ടംപോലെ പറയാമെന്നിരിക്കട്ടെ" എന്നു മി. കൃഷ്ണൻനായർ പറഞ്ഞിട്ടുള്ളതിൽനിന്നു്, ഏതു ന്യായേനയെങ്കിലും, അദ്ദേഹത്തിന്നും ഈ പറഞ്ഞതു സമ്മതമാണെന്നു വരുന്നു. എങ്കിലും "അതുകൊണ്ടു പ്രകൃതത്തിലേക്കെന്തു ഗുണം" എന്നാണു് അദ്ദേഹം ചോദിക്കുന്നതു്. എന്നാൽ "അറിഞ്ഞോ അറിയാതേയൊ, ആചാര്യൻ ഭ്രാന്തനോ ലോകവഞ്ചകനോ ആണെന്നു മിഥ്യാഭിശംസനം ചെയ്യുന്ന ശ്രീ. കെ. വി. എം. ന്റെ ഖല്യവചനം ആരോപുകച്ചപുകയിൽ ബുദ്ധിമങ്ങി വിഷത്തീവമിച്ചു് അതിൽ ആത്മാവിനെ ദഹിപ്പിക്കുന്ന മൂർഖപ്പാമ്പുകളെപ്പോലെയുള്ള ചുരുക്കം ചില മണ്ടന്മാരായ ഈർഷ്യാലുക്കൾക്കു മാത്രമല്ലേ തല്ക്കാലത്തേക്കെങ്കിലും ഹൃദ്യമായിത്തോന്നുകയുള്ളു?" എന്നു മി. കൃഷ്ണൻനായർ ചോദിച്ച ചോദ്യംകൊണ്ടു പ്രകൃതത്തിലേക്കു വളരെ പ്രയോജനമുണ്ടെന്നു ബുദ്ധിയുള്ളവരെല്ലാം സമ്മതിക്കും. എന്തുകൊണ്ടെന്നാൽ കെ. വി. എം. എന്ന ആളെക്കുറിച്ചുള്ള അധിക്ഷേപപ്രകടനമാണു ലേഖകന്നിവിടെ പ്രകൃതം. എന്റെ "ഖല്യവചനം" "ആരോ പുകച്ചപുകയിൽ ബുദ്ധിമങ്ങി . . . . . . . ഈർഷ്യാലുക്കൾക്കു" ഹൃദ്യമായിത്തോന്നുകയില്ലെന്നു സ്പഷ്ടമാണു്. മി. കൃഷ്ണൻനായർക്കു് അങ്ങനെ തോന്നിയില്ലല്ലോ. പ്രകൃതാപ്രകൃതങ്ങളെക്കുറിച്ചുള്ള വിചാരത്തിന്നു ലേഖകൻ ഇറങ്ങിയ സ്ഥിതിക്കു് എനിക്കങ്ങോട്ടും ഒന്നു ചോദിപ്പാനുണ്ടു്. മണിപ്രവാളസ്വരൂപത്തെക്കുറിച്ചുള്ള ചിന്തയാണല്ലൊ ഇവിടെ പ്രകൃതം. അതിൽ "പൈ

കിളക്കണ്ണിയേയും പരാപരക്കണ്ണിയേയും നോക്കിയാണ തുഞ്ചൻ കിളിപ്പാട്ട നിൎമ്മിച്ചിരിക്കുന്നതെന്നും എന്നാൽ കിളിപ്പാട്ടിന്റെ രീതി തമിഴ രീതിക്കു ചേൎന്നതല്ലെന്നും ശ്രീമാൻ കോവുണ്ണി നെടുങ്ങാടി പറഞ്ഞിരിക്കുന്നതിനെ ഭാഷാവൃത്തവിഷയകമായ പരിപൂൎണ്ണഗവേഷണമായി ധരിച്ച് അസ്ഥാനത്തിൽ അഹങ്കരിച്ചു മിഥ്യാഭിയോഗം ചെയ്യുന്ന കൈരളിയുടെ ദാസനെപ്പോലെയുള്ള ചുരുക്കം ചില മാണവന്മാരല്ലാതെ മററാരും ഈ വക വിപരീതഗ്രഹവും ഉറപ്പും വിലവച്ചു കൊടുക്കുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്." എന്നു്, ലേഖകനുമാത്രം അറിയാവുന്നവിധം, ഏതോ ഒരു മാന്യനോടുള്ള പക പോക്കുവാൻ മാത്രം ഉപകരിക്കുന്നതും അസ്ഥാനപ്രയുക്തവുമായ അക്ഷരസമുദായത്തെ വലിച്ചിഴച്ചു കൊണ്ടുവന്നതു് എത്രത്തോളം പ്രകൃതോപയോഗിയായിട്ടുണ്ടെന്നു് ഒന്നു പറഞ്ഞുതന്നാൽകൊള്ളാം. "ആരോ പുകച്ചു പുകയിൽ ബുദ്ധിമങ്ങി വിഷത്തീവമിച്ചു് അതിൽ ആത്മാവിനെ ദഹിപ്പിക്കുന്ന മൂർഖപ്പാമ്പിനെപ്പോലെയുള്ള'വർ ആരാണെന്നു മുകളിൽ കൈരളീദാസനെക്കുറിച്ചു മി. കൃഷ്ണൻനായർ പറഞ്ഞിട്ടുള്ളതിന്റെ തന്മയത്വം ഗ്രഹിപ്പാൻ സാധിക്കുന്ന ."ചുരുക്കം ചില" നിൎമ്മത്സരന്മാർ ഗ്രഹിച്ചുകൊള്ളും.

പാട്ടിന്റെ ലക്ഷണം പറയുന്ന "ദ്രമിഡസംഘാതാക്ഷരനിബദ്ധമേതുകമോനവൃത്തവിശേഷയുക്തം പാട്ടു്" എന്ന സൂത്രത്തിന്റെ മുമ്പിൽ "അഥ പാട്ടപി ഭാഷാ സംസ്കൃതയോഗോ ഭവതീത്യാശങ്കായാം സൂത്രം" എന്നവതാരിക പറഞ്ഞിട്ടുള്ളതുകൊണ്ടു പാട്ടിൽ ഭാഷാസംസ്കൃതയോഗമുണ്ടായാലും അതു പാട്ടല്ലാതെ മണിപ്രവാളമാകയില്ലെന്നും മണിപ്രവാളപ്രസിദ്ധവസന്തതിലകാദി വൃത്തങ്ങളിൽനിന്നു വിലക്ഷണമായ വൃത്തവിശേഷത്തോടുകൂടിയതാണ പാട്ടെന്നും ലീലാതിലകത്തിൽ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ടെന്നു് ആ പുസ്തകം വായിച്ചിട്ടുള്ള എവൎക്കും സുഗ്രഹമാണ്. എങ്കിലും മി. കൃഷ്ണൻനായർ അതു സമ്മതിക്കുന്നില്ല. "വിവേകമുള്ളവരാരും അങ്ങനെ വിചാരിക്കയില്ലെന്നാണ"ത്രേ വിവേകശാലിയായ ആ പണ്ഡിതശിരോമണിക്കു് തോന്നുന്നതു്. "ആശങ്ക എന്നുവെച്ചാൽ സിദ്ധാന്തമാണെന്നാണൊ മി. കെ. വി. എം. ധരിച്ചിരിക്കുന്നതു്" എന്നും "അതിനെ സിദ്ധാന്തമായി ഗ്രഹിച്ചുറപ്പിക്കുന്ന കെ. വി. എം. അവർകളുടെ ശാസ്ത്രവ്യുല്പത്തിയും വിവേകവും വിജാതീയമാണെന്നു വേണ്ടെ വിചാരിപ്പാൻ" എന്നും ഉള്ള ആ മഹാനുഭാവന്റെ ചോദ്യം തികഞ്ഞ വിവേകത്തെയാണ വെളിപ്പെടുത്തുന്നതെന്നു പറയാതെ കഴികയില്ല! മണിപ്രവാളത്തിന്നു പ

റഞ്ഞ ലക്ഷണപ്രകാരം നോക്കുമ്പോൾ പാട്ടിലുംകൂടി ഭാഷാസംസ്കൃതയോഗമുള്ളതുകൊണ്ടു് അതും മണിപ്രവാളമാകയില്ല എന്നു് ആരെങ്കിലും ശങ്കിക്കുന്നതായാൽ അതിന്റെ നിവാരണത്തിനു "ദ്രമിഡസംഘാതാക്ഷരേ"ത്യാദി സൂത്രം പറയുന്നു എന്നാണു ലീലാതിലകകാരൻ പറഞ്ഞിട്ടുള്ളതു്. ഈ ആശങ്കയെ സിദ്ധാന്തമെന്നു ഞാൻ എങ്ങനെ തെററിദ്ധരിക്കും? തെററിദ്ധരിച്ചുവെന്നു മി. കൃഷ്ണൻനായർ പറഞ്ഞതിന്നു തെളിവെന്തു്? എന്റെ "ശാസ്ത്രവ്യുല്പത്തിയും വിവേകവും വിജാതീയ"മാണെങ്കിൽ അതു ഞാൻ സഹിക്കാം. "വിജാതീയം" എന്നതുകൊണ്ടു മി. കൃഷ്ണൻനായരുടെ ശാസ്ത്രവ്യുല്പത്തിയിൽനിന്നും വിവേകത്തിൽനിന്നും വിലക്ഷണം എന്നാണർത്ഥം വിവക്ഷിച്ചിട്ടുള്ളതെങ്കിൽ അതു് അസന്ദിഗ്ദ്ധമായും സന്തോഷത്തോടുകൂടിയും ഞാൻ സമ്മതിക്കുകകൂടി ചെയ്യുന്നു. പാട്ടിൽ ഭാഷാസംസ്കൃതയോഗമുണ്ടായിരുന്നാലും അതു പാട്ടല്ലാതെ മണിപ്രവാളമാകയില്ലെന്നാണു് ലീലാതിലകകാരൻ പറഞ്ഞിട്ടുള്ളതു്. അതു മാത്രമേ ഞാനും പറഞ്ഞിട്ടുള്ളു. ഇതിൽ "ആശങ്ക"യെ "സിദ്ധാന്ത"മായി ഞാൻ ഗ്രഹിച്ചുവെന്നു പറയുവാൻ പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു കാരണവും ഉണ്ടെന്നു തോന്നുന്നില്ല. അതും പോരാ, "ഭാഷാപദങ്ങളോടുള്ള എല്ലാ സംസ്കൃതപദങ്ങളുടെ യോഗവും പാട്ടാണെന്നുള്ള കെ. വി. എം. അവർകളുടെ അഭിപ്രായം ലീലാതിലകദൃഷ്ട്യാ അബദ്ധമാകുന്നു" എന്നുകൂടി മി. കൃഷ്ണൻനായർ പറയുന്നു. ഇങ്ങനെ ഒരഭിപ്രായം ഞാൻ പറഞ്ഞിട്ടുള്ളതായി എന്റെ ലീലാതിലകപരിഭാഷയിലോ, കൈരളിയിൽ ഞാനെഴുതിയ ലേഖനത്തിലോ ഏതു ഭൂതക്കണ്ണാടികൊണ്ടു നോക്കിയാലും കാണുവാൻ കഴിയുന്നതല്ല. എനിക്കില്ലാത്തതും ഞാൻ പറഞ്ഞിട്ടില്ലാത്തതുമായ ഒരഭിപ്രായം എനിക്കുണ്ടെന്നു നിസ്സങ്കോചം എഴുതുവാൻ "ശാസ്ത്രവ്യുല്പത്തി"യും "വിവേക"വും ഉള്ള മി. കൃഷ്ണൻനായർ പ്രേരിതനായതു് എന്തൊരു വ്യാമോഹത്താലാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. "മണിപ്രവാളലക്ഷണം പാട്ടല്ലാത്ത ഭാഷാസംസ്കൃതയോഗം എന്നാണെന്നു താല്പര്യം ഗ്രഹിച്ചുകൊള്ളുക" എന്നു പറഞ്ഞ ഒരാളെ "ശാസ്ത്രജ്ഞ"നെന്നു പുകഴ്ത്തുകയും അതേ അഭിപ്രായം തന്നെ പറഞ്ഞ മറെറാരാളുടെ വചനം "കേവലം അവ്യുല്പന്നോചിത"മെന്നു കാണിച്ചു് ആ ആളെ ധിക്കരിക്കുകയും ചെയ്യുതു കാണുമ്പോൾ ആശ്ചര്യത്തേക്കാളധികം അനുകമ്പയാണു തോന്നുന്നതു്. "ഉച്ചൈരുദ്ഘുഷ്യ ജേതവ്യം" എന്ന നയം അനുസരിക്കുകയോ വിജയം സിദ്ധിച്ചതായി ഭാവിക്കുകയോ ചെയ്യാത്ത എന്നിൽ അങ്ങനെയൊരപരാധം

ആരോപിക്കുവാൻ മി. കൃഷ്ണൻനായർ മുതിൎന്നതിൽ വ്യസനിക്കുന്നു. ഞാൻ "പണ്ഡിതമാനി"യാണെന്നുവെച്ചു എന്റെ "പാണ്ഡിത്യത്തെയും പ്രതിഭയേയും പടുതയേയും പ്രത്യേകം പ്രത്യേകം ദൂരെ നിന്നു കാറുവായ് നോക്കി നമസ്കരിക്കുന്നതിനു" സന്നദ്ധനായ മി. കൃഷ്ണൻനായൎക്ക് എന്റെ പേരിൽ തോന്നിയ വികാരങ്ങളെക്കുറിച്ചു വിശേഷിച്ചൊന്നും ഞാൻ പറയുന്നില്ല. എന്നാൽ "ലീലാതിലകപരിഭാഷകൻ, ലീലാതിലകത്തിൽ നിർദ്ദേശിച്ചിരിക്കുന്നതും പ്രാമാണികവും അതിപ്രസിദ്ധവുമായ കാവ്യപ്രകാശമെങ്കിലും വായിച്ചിട്ടുണ്ടോ? നോക്കുകയോ, കാണുകയൊ ചെയ്താൽ പോര! അങ്ങനെയാണെങ്കിൽ ഇത്രയല്ല, ഇതിൽ കവിഞ്ഞും അസംബന്ധം പറഞ്ഞു എന്നു വരാം. ഞാൻ ചോദിക്കുന്നതു ഗുരുമുഖേന വായിച്ചു കാൎയ്യം ഗ്രഹിച്ചിട്ടുണ്ടോ എന്നാണ്." എന്നു മി. കൃഷ്ണൻനായർ എഴുതിക്കാണുന്നതിൽ രണ്ടു വാക്കു പറയാതെ കഴികയില്ല. ഞാൻ ഏതെല്ലാം ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടെന്നും അവ ഗുരുമുഖേനയാണോ വായിച്ചിട്ടുള്ളതെന്നും മി. കൃഷ്ണൻനായൎക്ക് അറിയേണ്ട ആവശ്യം എന്താണ്? കാവ്യപ്രകാശത്തിന്റെ കാൎയ്യം മാത്രം എന്തിനു ചോദിക്കുന്നു? വളരെ ഗ്രന്ഥങ്ങളുടെ പേർ പറയുവാനറിയുകയോ, അവയിലെ ചില ഭാഗങ്ങൾ വായിച്ചു തലയിൽ കയററി തലെക്കു കനംപിടിപ്പിക്കുകയോ ചെയ്തു പാണ്ഡിത്യാഭിമാനംകൊണ്ടു വലിയ തലയെടുപ്പു കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയോ പ്രയത്നം ചെയ്കയോ പതിവില്ലെന്നു മാത്രം മി. കൃഷ്ണൻനായർ ഗ്രഹിച്ചാൽ മതി. അദ്ദേഹം എന്നിൽ ചെയ്ത ദോഷാരോപണത്തെ "സപരികരംപ്രദൎശിപ്പിച്ചു സപ്രമാണം നിരസിക്കു"വാനോ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അനാവശ്യമായിട്ടുള്ളതിനെ "ഉചിതമായ ദളം നിവേശിപ്പിച്ചു വ്യാവൎത്തിപ്പിക്കു"വാനോ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ തീരെ "അവ്യുല്പന്ന"നായ ഞാൻ ഇവിടെ ശ്രമിക്കുന്നില്ല.

"ലീലാതിലകം മണിപ്രവാളത്തെ മാത്രം ലക്ഷ്യമാക്കി പ്രവൎത്തിക്കുന്ന ഒരു ഗ്രന്ഥമല്ല. മണിപ്രവാളത്തേയും പാട്ടിനേയും, അതിൽ ലക്ഷണനിർദ്ദേശപൂൎവ്വകം ഉദാഹരിച്ചിട്ടുണ്ട്" എന്നു ഞാൻ പറഞ്ഞതിനെ ഖണ്ഡിപ്പാൻ "മണിപ്രവാളത്തിന്നു ശരീരം, ദോഷം, ഗുണം, ആത്മാവ് എന്നിങ്ങനെ നിരൂപണീയങ്ങളായ അംഗങ്ങൾ ഉണ്ടു"എന്നും മററുമുള്ള പല സംഗതികൾ മി. കൃഷ്ണൻനായർ എടുത്തു കാണിച്ചിട്ടുണ്ട്. ലീലാതിലകം പരിഭാഷപ്പെടുത്തിയ ഈയുള്ളവൻ ലീലാതിലകത്തിലെ ചില ശില്പങ്ങളിൽ ഉള്ള ഏതാനും വാക്യങ്ങൾ കാ

ണകപോലും ഉണ്ടായിട്ടില്ലേ എന്നു ശങ്കിച്ചു "കൃഷ്ണൻനായരുടെ ലീലാതിലകസവ്യത്രുപാഭിജ്ഞതയെ നമസ്കരിക്കതന്നെ വേണമെന്നു പറയുന്ന ശ്രീമാൻ കെ. വി. എം. അവർകൾക്കു ഈ വകയെല്ലാം കാട്ടിക്കൊടുക്കുവാൻ ആ കൃഷ്ണൻനായർതന്നെ വേണമെന്നായിരിക്കുമോ വിധിമതം" എന്നു ചോദിച്ചിരിക്കുന്നു. മി. കൃഷ്ണൻനായരുടെ ലീലാതിലകാഭിജ്ഞതയേയും കാവ്യപ്രകാശം ഗുരുമുഖത്തിൽനിന്നു ഗ്രഹിച്ചിട്ടുള്ള അറിവിനേയും പാണ്ഡിത്യത്തേയും വിവേകത്തേയും വിളിച്ചു പറയുന്ന പ്രസ്തുത വാക്യങ്ങളോടു് എനിക്കുള്ള ബഹുമാനാതിരേകം വാക്കുകളെക്കൊണ്ടു വ്യക്തമാക്കുവാൻ വയ്യാതെയാണു് ഇരിക്കുന്നതു്. ഹാ, എത്ര ഔദാൎയ്യമുള്ള ഒരു മഹാപണ്ഡിതൻ! എത്ര കാരുണ്യമുള്ള ഒരു ഗുരുവരൻ!! അജ്ഞാനതിമിരത്താൽ അന്ധന്മാരായ അസ്മാദൃശന്മാൎക്കു് അഭിജ്ഞേയങ്ങളായ അനേകവിഷയങ്ങളെ പ്രതിപാദിക്കുന്ന ലീലാതിലകത്തിലെ പല വാക്യങ്ങൾ കാട്ടിത്തന്നതിനു അദ്ദേഹത്തോടു ഞാൻ എന്നെന്നും കൃതജ്ഞനായിരിക്കുന്നു എന്നു മാത്രമേ എനിക്കിതിൽ പറയാനുള്ളു.

മി. കൃഷ്ണൻനായരുടെ പൂൎവ്വോപന്യാസത്തിൽ ഇരുപത്തിനാലുവൃത്തം, പതിന്നാലുവൃത്തം, മുതലായവ മണിപ്രവാളമാണെന്നും, പാട്ടല്ലെന്നും വളരെ ഗൌരവത്തോടുകൂടി പ്രതിപാദിച്ചിരുന്നു. ഈ ലേഖനത്തിൽ അതിനെപ്പററി അത്ര ഉച്ചത്തിലൊന്നും ഉൽഘോഷിച്ചുകാണുന്നില്ല. "ദ്രമിഡസംഘാതാക്ഷരനിബദ്ധമല്ലായ്കയാലും മോനയില്ലാത്തതിനാലും മററും പാട്ടിൻെറ ലക്ഷണം സൎവ്വഥാ ഘടിക്കാത്ത പതിന്നാലുവൃത്തം,ഇരുപത്തിനാലുവൃത്തം എന്നിവ പാട്ടാണെന്നു ശഠിക്കുന്നതു് രജം ഗജമാണെന്നു ശഠിക്കുന്നതുപോലെ അസംബദ്ധമാകയാൽ അസമാധേയമാണു്." എന്നു് ഒഴുക്കൻമട്ടിൽ പറയുക മാത്രമെ ഇത്തവണ മി.കൃഷ്ണൻനായർ ചെയ്തിട്ടുള്ളു. ഇരുപത്തിനാലുവൃത്തം മുതലായവ പാട്ടാണെന്നുള്ളതിലേക്കു തക്ക യുക്തിപ്രമാണങ്ങൾ കേരളപാണിനിയുടെ വൃത്തമഞ്ജരിയെങ്കിലും വായിച്ചുനോക്കിയാൽ കാണാവുന്നതാണെന്നു്, അവിവേകമാകയില്ലെങ്കിൽ, ഞാൻ എടുത്തു പറഞ്ഞുകൊള്ളുന്നു. "ദ്രമിഡസംഘാതാക്ഷരനിബദ്ധ"ത്വം, എതുകായുക്തത്വം, മോനയുക്തത്വം, വൃത്തവിശേഷയുക്തത്വം എന്നിങ്ങനെ നാലു ലക്ഷണങ്ങളാണല്ലോ ലീലാതിലകകാരൻ പാട്ടിനു വേണമെന്നു പറയുന്നതു്. ഇവയിൽ ഒന്നും മൂന്നും ലക്ഷണങ്ങൾ ഇല്ലെങ്കിലും ശേഷം രണ്ടു ലക്ഷണങ്ങൾ ഉള്ളതുകൊണ്ടു പതിന്നാലുവൃത്തം മുതലായവൎക്കു പാട്ടിൻെറ കൂട്ടത്തിൽ കൂടുവാൻ അൎഹതയില്ലെങ്കിൽ എതുകയും വൃത്ത

വിശേഷവും ഉള്ളതുകൊണ്ടു മണിപ്രവാളത്തിൻെറ കൂട്ടത്തിൽ ചേരുവാനും അതിനൎഹതയില്ലല്ലൊ. അപ്പോൾ ത്രിശങ്കുവിനെപ്പോലെ അന്തരാളത്തിൽ സ്ഥിതി ചെയ്വാൻ മാത്രമേ ഇരുപത്തിനാലുവൃത്തം മുതലായവയ്ക്കു് അൎഹതയുള്ളു എന്നു വരും. അങ്ങനെയൊരു കഠിനമായ ശിക്ഷ ആ വക ഗ്രന്ഥങ്ങൾക്കു കല്പിക്കുവാൻ മി. കൃഷ്ണൻനായർ ഒരുങ്ങുമോ? ഏതുകയും വൃത്തവിശേഷവുമുണ്ടെന്നു സമ്മതിക്കുന്ന ഇരുപത്തിനാലുവൃത്തത്തെ മണിപ്രവാളമായി ഗണിക്കുവാൻ കാരണമെന്തു്? ലീലാതിലകത്തിൽ പറഞ്ഞ ലക്ഷണങ്ങളെ പ്രത്യക്ഷരം അനുസരിച്ചുകൊണ്ടല്ല മലയാളത്തിൽ ഇന്നു നടപ്പുള്ള പാട്ടുകൾ മിക്കതും ഉണ്ടായിട്ടുള്ളതു്. ഗാനാത്മകത്വം എന്ന അസാധാരണധൎമ്മം പുരസ്കരിച്ചാണു് അവയെ പാട്ടുകളായി തിരിച്ചിട്ടുള്ളതു്. സംസ്കൃതവൃത്തനിബന്ധങ്ങളായ പദ്യങ്ങൾപോലെ രണ്ടാംപാദത്തിൻെറ അവസാനത്തിൽ മുറിക്കാതെ നീട്ടിക്കൊണ്ടുപോകാവുന്ന ഒരുതരം വിജാതീയവൃത്തമാണു് ഇരുപത്തിനാലുവൃത്തം മുതലായവയിൽ ഉള്ളതു്. വൃത്തമഞ്ജരിയിൽ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുള്ള ഇത്തരം സംഗതികൾ മി. കൃഷ്ണൻനായൎക്കു കാട്ടിക്കൊടുക്കുവാൻ അവ്യുൽപന്നനായ ഞാൻ തന്നെ വേണമെന്നായിരിക്കയില്ലല്ലോ "വിധിമതം"

മി. കൃഷ്ണൻനായർ അവസാനമായി ഇങ്ങനെ പറയുന്നു. "കഷ്ടിച്ചു കാവ്യവ്യുല്പത്തിയുംകൊണ്ടു ശാസ്ത്രങ്ങളിൽ കൈകാൎയ്യംനടത്താൻ പുറപ്പെടുന്നവർ 'പ്രക്ഷാളനാദ്ധിപങ്കസ്യ ദൂരാദസ്പൎശനംവരം, എന്ന ന്യായം അറിഞ്ഞിരിക്കേണ്ടതാണു്". ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. കാവ്യവ്യുല്പത്തിയെന്നും ശാസ്ത്രവ്യുല്പത്തിയെന്നും, വ്യുല്പത്തി രണ്ടുവിധമുണ്ടോ? ഉണ്ടെങ്കിൽ അവ രണ്ടിൻേറയും ലക്ഷണങ്ങളേവ? എന്നെസ്സംബന്ധിച്ചേടത്തോളം കാവ്യവ്യുല്പത്തിയൊ ശാസ്ത്രവ്യുല്പത്തിയോ "കഷ്ടിച്ചു"പോലുമുണ്ടെന്നു ഞാൻ അഭിമാനിക്കുന്നില്ല. "ലോകവ്യുല്പത്തി" എന്നൊരുതരം വ്യുല്പത്തിയില്ലേ, അതുമാത്രം കുറച്ചുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. കാവ്യവ്യുല്പത്തിയും ശാസ്ത്രവ്യുല്പത്തിയും ഉള്ളവൎക്കു ലോകവ്യുല്പത്തിയില്ലാത്തപക്ഷം,

"യത്ര ശാബ്ദികസ്തത്ര താൎക്കികോ
യത്ര താൎക്കികസ്തത്ര ശാബ്ദികഃ
യത്ര നോഭയം തത്ര തൂഭയം
യത്ര തൂഭയം തത്ര നോഭയം."

എന്നു പറഞ്ഞതുപോലെ അമളിപിണയുമെന്നു ധരിച്ചിരുന്നാൽ നന്നു്.

അവസാനമായി ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. എന്റെ ലീലാതിലകപരിഭാഷ ഇന്നും മി. കൃഷ്ണൻനായരാൽ അസ്പൃഷ്ടമായിട്ടാണിരിക്കുന്നതു്. അതിന്റെ അവതാരികയിൽ മണിപ്രവാളസ്വരൂപത്തെക്കുറിച്ചു പറഞ്ഞ ഒരു വാക്യത്തിന്മേലാണു് ഈ വാദസൌധം കെട്ടിപ്പടുത്തിട്ടുള്ളതു്. വാദത്തിലടങ്ങിയ സംഗതികൾ നോക്കുമ്പോൾ ഇപ്പോഴും

"അതു ചൊല്ലുവിനുണ്ണിയച്ചിയാരേ!
തുടരോ പാടകമോ മണിപ്രവാളം."

എന്നേ ചോദിക്കുവാൻ തോന്നുന്നതുമുള്ളു.

കെ. വി. എം.

# അതീനിയൻ പ്രജായത്തഭരണം

(തുടർച്ച)

അതീനിയൻ പ്രജായത്തഭരണത്തിന്റെ സ്ഥാപകനെന്നു വിശ്വവിശ്രുതനായിത്തീർന്ന സോളോണിന്റെ ഭരണഘടനാപരമായ പരിഷ്കാരങ്ങൾക്കു ദൃഷ്ടമാത്രത്തിൽ വളരെ പ്രാധാന്യമുണ്ടെന്നു തോന്നുകയില്ലെങ്കിലും വാസ്തവത്തിൽ അവ പ്രജായത്തഭരണസിദ്ധാന്തങ്ങൾ അടങ്ങിയിട്ടുള്ളവയാണെന്നു രാജ്യതന്ത്രകുശലന്മാർക്കു മനസ്സിലാക്കുവാൻ കഴിയും. അദ്ദേഹം നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പല മാററങ്ങളും വരുത്തുകയും ഭരണഘടനാപരമായ അഭിവൃദ്ധിക്കു് അത്യധികം ഉതകുന്ന നവീനങ്ങളായ ചില സ്ഥാപനങ്ങളെ നിർമ്മിക്കുകയും ചെയ്തു. ധനികായത്തഭരണത്തിന്റെ ആവിർഭാവത്തോടുകൂടി ഏതൻസിലെ ജനങ്ങൾ സാമ്പത്തികസ്ഥിതിയെ ആസ്പദമാക്കി നാലായി വിഭജിക്കപ്പെട്ടിരുന്നു. പ്രസ്തുതവിഭാഗത്തെ അദ്ദേഹവും അംഗീകരിച്ചുവെങ്കിലും 'എക്ലേസിയാ' എന്ന പൊതുജനസഭയിൽ ഏററവും താഴ്ന്ന വർഗ്ഗക്കാർക്കുകൂടി പ്രവേശനം നൽകുകയും "ഏറോപ്പഗസ്സ്" എന്ന പ്രഭുജനസഭയുടെ പ്രവർത്തനപരിധിയെ വളരെ സങ്കുചിതമാക്കുകയും പകരം നാനൂറു സാമാജികന്മാരടങ്ങിയ ഒരു പുതിയ പ്രതിനിധിസഭയെ സൃഷ്ടിച്ചു ഭരണവിഷയത്തിൽ പലവിധത്തിലും പൊതുജനങ്ങൾക്കു നേരിട്ടു് അനേകം അധികാരങ്ങളും അവകാശങ്ങളും വിട്ടുകൊടുക്കുകയും ചെയ്തതിനാൽ അദ്ദേഹത്തിന്റെ പരിഷ്കരണം പ്രജായത്തഭരണത്തിന്റെ ക്രമോന്മുഖമായ അഭിവൃദ്ധിക്കു സർവ്വാത്മനാ സഹായിക്കത്തക്കതായിരുന്നു. സോളോണിന്റെ ഭരണഘടനാപരമായ പരിഷ്കാരങ്ങളിൽ "ഹെലയാ" എന്ന സ്ഥാപനമാണു സർവ്വാതിശായിയായ പ്രാധാന്യത്തെ അർഹിക്കുന്നതു്. പ്രസ്തുത സ്ഥാപനം ഭരണാധികാരികളെ പൊതുജനങ്ങളോടു നേരിട്ടു് ഉത്തരവാദപ്പെട്ടവരാക്കിത്തീർത്തു പൊതുജനങ്ങൾക്കു് അവരെ നിയന്ത്രിക്കുവാനും അവരുടെ പ്രവർത്തനങ്ങളെപ്പററി ചോദ്യം ചെയ്യുവാനുമുള്ള അധികാരം ഈ കോടതി മുഖേന സ്വായത്തമായി. അപ്രകാരം ഭരണകൂടം പൊതുജനഹിതത്തിനു വിധേയമായിത്തീർന്നു.

സോളോണിനു ശേഷം അല്പകാലത്തേക്കു് ഏതൻസിൽ മർദ്ദനപരമായ ഭരണം സ്ഥാപിതമായെങ്കിലും അധികം കഴിയുന്നതിനു മുമ്പു കെയിസ്തനീസ് എന്ന മഹാശയൻ ചില നവീനപദ്ധതികൾ അവതരിപ്പിക്കുകയും അതീനിയൻ പ്രജായത്തഭരണത്തെ സമുദ്ധരിച്ചു

കുറെക്കൂടി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുവെന്നു മുമ്പൊരിടത്തു പ്രസ്താവിച്ചുവല്ലോ. അദ്ദേഹം ആദ്യമേതന്നെ പൊതുജനങ്ങൾക്കിടയിലുണ്ടായിരുന്ന ആഭിജാത്യഭ്രമത്തെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി സാമ്പത്തികസ്ഥിതി വ്യത്യാസത്തെ ആസ്പദമാക്കി നിലനിന്നുപോന്നിരുന്ന വൎഗ്ഗചതുഷ്ടയത്തിൻെറ സ്ഥാനത്തു കൃത്രിമമെങ്കിലും ഫലപ്രദമായ സങ്കരത്തോടുകൂടിയ മറെറാരു വൎഗ്ഗദശകത്തെ സൃഷ്ടിച്ചു. മുമ്പുണ്ടായിരുന്ന നാനൂറു സാമാജികന്മാരടങ്ങിയ പ്രതിനിധിസഭയുടെ സ്ഥാനത്തു് ഓരോ വൎഗ്ഗത്തിൽനിന്നു് അമ്പതു സാമാജികന്മാർ വീതം അഞ്ഞൂറു സാമാജികന്മാരടങ്ങിയ ഒരു പുതിയ പ്രതിനിധിസഭയും അതോടൊപ്പം ആവിൎഭവിച്ചു. രാഷ്ട്രീയകാൎയ്യങ്ങളിലും വിദേശനയത്തിലും മററും പ്രസ്തുതസഭക്കുണ്ടായിരുന്ന അധികാരം അഖണ്ഡമായിരുന്നു. അഞ്ഞൂറു സാമാജികന്മാരുംകൂടി ഒന്നിച്ചു ചേൎന്നു യഥാവസരം കാൎയ്യങ്ങൾ നടത്തുക എന്നതു സുസാദ്ധ്യമല്ലാതിരുന്നതിനാൽ രാഷ്ട്രീയ കാൎയ്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സംവത്സരത്തിനു തുല്യമായ പത്തു ഘട്ടങ്ങൾ കല്പിക്കുകയും ഓരോ ഘട്ടത്തിൽ അമ്പതു സാമാജികന്മാർ വീതം പ്രസ്തുത സഭയുടെ പ്രവൎത്തനങ്ങളിൽ ഭാഗഭാക്കുകളാകയും ചെയ്യു. ഭരണാധികാരികളെ നിയമിക്കുകയും മററും ചെയ്യുന്നതിലും അദ്ദേഹം സ്തുത്യൎഹങ്ങളായ ചില പരിഷ്കാരങ്ങൾ വരുത്തിയിരുന്നു. അദ്ദേഹത്തിൻെറ "നിഷ്കാസനപദ്ധതി"യും ഒട്ടും അപ്രധാനമായിരുന്നില്ല. ഏതെങ്കിലും ഒരു വ്യക്തി രാഷ്ട്രത്തിൻെറ അഭിവൃദ്ധിക്കു ഹാനികരങ്ങളായ സംരംഭങ്ങളിൽ ഏൎപ്പെടുകയോ പൊതുജനഹിതത്തെ അവഗണിച്ചു് എന്തെങ്കിലും ആചരിക്കുകയോ ചെയ്യാൽ ആ വ്യക്തിയെ പത്തു കൊല്ലത്തേക്കു അവിടെനിന്നു നിഷ്കാസനം ചെയ്യുവാനുള്ള അധികാരം പൊതുജനസഭയിൽ സമൎപ്പിക്കുകയാണു് അദ്ദേഹം ചെയ്തതു്. ആകപ്പാടെ ക്ലെയിസ്തനീസിൻെറ ഭരണഘടനകൊണ്ടുള്ള നേട്ടങ്ങൾ ചുരുക്കമാണെങ്കിലും അതു വൎഗ്ഗീയകലഹങ്ങളെ ഉന്മൂലനം ചെയ്യുകയും തന്മൂലം പ്രജായത്ത ഭരണത്തിനു സ്വയമേവ അഭിവൃദ്ധിപ്പെടുവാൻ ഏററവും സഹായകമായിത്തീരുകയും ചെയ്യു എന്നു പ്രത്യേകം പ്രസ്താവയോഗ്യമാണു്.

ക്ലെയിസ്തനീസിനുശേഷം ഇരുപതു കൊല്ലത്തോളം അഥീനിയൻ ഭരണഘടനയിൽ ഇടക്കിടെ സംഭവിച്ചിട്ടുള്ള മാററങ്ങൾ ഇത്രയാണെന്നു പരിച്ഛേദിക്കുവാൻ പ്രയാസമാണു്. സാന്തിപ്പസു തുടങ്ങിയ മഹാന്മാരുടെ വിദഗ്ദ്ധമായ നേതൃത്വം പ്രജായത്ത ഭരണത്തിൻെറ പുരോഗമനത്തെ നിലനിൎത്തിക്കൊണ്ടു പോരുവാൻ പൎയ്യാപ്തമാ

യിരുന്നു. അവസാനമായി എഫിയാൽട്ടീസ എന്ന മഹാനുഭാവൻ പ്രഭുസഭക്കു രാഷ്ട്രീയകാൎയ്യങ്ങളിലുണ്ടായിരുന്ന അധികാരങ്ങളെല്ലാം പ്രജായത്ത ഭരണസിദ്ധാന്തങ്ങളെ ആസ്പദമാക്കി പൊതുജനസഭക്കും മററും വിട്ടുകൊടുപ്പിക്കുകയുംകൂടിച്ചെയ്തപ്പോൾ അതീനിയൻ പ്രജായത്ത ഭരണം വിജയകരമായി പ്രവൎത്തിക്കത്തക്കവണ്ണം നിരങ്കുശമായി തീൎന്നു. അതിനാൽ അനന്തരഗാമിയായ പെരിക്ലീസിന്നു് ഏതൻസിൽ സമഗ്രവും മാതൃകാഭൂതവുമായ പ്രജായത്ത ഭരണം നിഷ്പ്രയാസം സ്ഥാപിക്കുവാൻ സാധിച്ചു. അതീനിയൻ പൌരനായ ഏതൊരാൾക്കും—അയാൾ ഏതു വൎഗ്ഗത്തിൽപെട്ടവനായാലും ശരി—രാഷ്ട്രീയമായ ഏതു പദവിയും ലഭിക്കുവാൻ വിരോധമില്ലാത്ത മട്ടിൽ നിയമനവിഷയത്തിലുള്ള നറുക്കെടുപ്പു സമ്പ്രദായവും ദരിദ്രന്മാൎക്കുകൂടി രാഷ്ട്രീയകാൎയ്യങ്ങളിൽ പങ്കെടുക്കുവാനുള്ള സൌകൎയ്യവും അഭിരുചിയും ഉണ്ടാകത്തക്കവണ്ണം അതാതു സ്ഥാനങ്ങളിലേക്കുള്ള പ്രതിഫലനിശ്ചയവുമാണു പ്രജായത്ത ഭരണത്തിന്റെ ശാശ്വതവിജയത്തിന്നായി രാജ്യതന്ത്രമൎമ്മജ്ഞനായ പെരിക്ലീസ് സ്വന്തമായി അവതരിപ്പിച്ച ഏററവും പ്രധാനപ്പെട്ട രണ്ടു പദ്ധതികൾ. അതീനിയൻ പ്രജായത്ത ഭരണത്തിനുണ്ടായിരുന്ന സൎവ്വന്യൂനതകളും ഇതോടുകൂടി അവസാനിച്ചു. അതു് ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽതന്നെ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണമായി ലാലസിച്ചു. നിയമനിൎമ്മാണം, നീതിന്യായപരിപാലനം, വിദേശനയപ്രഖ്യാപനം തുടങ്ങിയ സകല കാൎയ്യങ്ങളും പൊതുജനങ്ങളുടെ ഹിതത്തിന്നും അഭിരുചിക്കും അനുസരിച്ചു നിയന്ത്രിക്കപ്പെട്ടു. രാഷ്ട്രീയരംഗത്തിൽ ഉച്ചനീചഭേദം നാമാവശേഷമായി. പെരിക്ലീസിന്റെ ഏതൻസിനെപ്പററി പ്രധാനപ്പെട്ട മററ ചില കാൎയ്യങ്ങൾകൂടി ഗ്രാഹ്യങ്ങളായിട്ടുള്ളതിൽ അവയെപ്പററിയും ലഘുവായ ഒരു വിവരണം അസ്ഥാനത്തിലാവുകയില്ലെന്നു വിശ്വസിക്കുന്നു.

ഏതൻസിലെ പൊതുജനസഭ ഇന്നത്തെ നിയമനിൎമ്മാണസഭകളെപ്പോലെയോ മററൊ ഒരു പ്രതിനിധി സമ്മേളനം ആയിരുന്നില്ലെന്നും അതിന്റെ പ്രവൎത്തനത്തിൽ ഓരോ പൌരനും നേരിട്ടു പങ്കെടുത്തിരുന്നുവെന്നും മുമ്പുതന്നെ പ്രസ്താവിച്ചുവല്ലോ. അതിന്നും പുറമേ ഓരോരുത്തൎക്കും ആയുഷ്കാലത്തിനിടക്കു് ഏതെങ്കിലും സന്ദൎഭത്തിൽ ഒരു ഭരണാധികാരിയുടെ നിലയിൽ വൎത്തിക്കേണ്ട ഘട്ടത്തെ അഭിമുഖീകരിക്കേണ്ടിവന്നിരുന്നു എന്ന സംഗതി അതീനിയക്കാരുടെ ദേശാഭിമാനത്തേയും രാഷ്ട്രീയകാൎയ്യാസക്തിയേയും ഉദ്ദീപിപ്പിച്ചിരുന്നു. മുപ്പ

തിനായിരത്തിൽപ്പരം മാത്രം പ്രായപൂർത്തിയെത്തിയ പൌരന്മാരുണ്ടായിരുന്ന ഏതൻസിൽ അഞ്ഞൂറു സാമാജികന്മാരടങ്ങിയ ഉപരിതനസഭയിലെ സ്ഥാനങ്ങളടക്കം 1900 അധികൃതസ്ഥാനങ്ങൾ ഉണ്ടായിരുന്നു എന്നും ഇവയിൽ മിക്ക സ്ഥാനങ്ങളിലേക്കും കൊല്ലംതോറും മാറിമാറി നറുക്കെടുപ്പു സമ്പ്രദായത്തിൽ തിരഞ്ഞെടുപ്പു നടത്തിയിരുന്നുവെന്നും ഓർക്കുമ്പോൾ ഏതൊരു അതീനിയൻ പൌരനും ഒരിക്കലെങ്കിലും ഒരധികൃതസ്ഥാനം അലങ്കരിക്കുവാനുള്ള ഭാഗധേയം സിദ്ധിക്കുവാനിടവന്നിരിക്കണമെന്നു് ഊഹിക്കാവുന്നതാണല്ലോ. ഇതിന്റെ ഫലമായി അതീനിയക്കാർ അവരുടെ രാഷ്ട്രത്തെ വിശിഷ്ടമായ ഒരാശ്രയസ്ഥാനമായും വരിഷ്ഠമായ ഒരു സമ്പത്തായും പരിഗണിച്ചിരുന്നു എന്നു വേണം പറയുവാൻ. പൊതുജനസഭയിൽ സന്നിധാനം ചെയ്തു രാഷ്ട്രീയകാര്യങ്ങളെ സ്വേച്ഛാനുസാരം നയിക്കുന്നതിനുപോലും അതീനിയക്കാർക്കു സമുചിതമായ പ്രതിഫലം ലഭിച്ചിരുന്നു എന്നു മാത്രമല്ല രാഷ്ട്രത്തിന്റെ ആയവ്യയങ്ങളിൽ അവർക്കുണ്ടായിരുന്ന അഭിലഷണീയമായ നിയന്ത്രണാധികാരം ഹേതുവായി പൊതുവിലുള്ള ആദായം മുഴുവനും പൊതുജനങ്ങൾതന്നെ നാനാരൂപത്തിലായി യഥാർഹം പങ്കിട്ടെടുക്കുകയും ചെയ്തിരുന്നു.

അക്കാലത്തെ അതീനിയൻ പ്രജായത്ത ഭരണത്തിന്റെ മുദ്രാവാക്യം "ഉത്തമജീവിതം" എന്നതു മാത്രമായിരുന്നു. രാഷ്ട്രസേവനത്തെക്കാൾ അധികം ആനന്ദപ്രദവും അഭിമാനകരവുമായ മറ്റൊരു കർത്തവ്യമില്ലെന്നായിരുന്നു അതീനിയക്കാരുടെ ദൃഢവ്രതം. വ്യക്തിപരമായും സാമുദായികമായും ഉള്ള അവരുടെ സകല പ്രവർത്തനങ്ങളും രാഷ്ട്രീയോന്നമനത്തെ പ്രധാനാസ്പദമാക്കിക്കൊണ്ടുള്ളവയായിരുന്നു. താദാത്വികമായ പ്രജായത്ത ഭരണം പ്രസ്തുതോത്തമജീവിതത്തെ ദ്വേധാ സുസാദ്ധ്യമാക്കിത്തീർത്തു എന്നതു സവിശേഷം സ്മർത്തവ്യമത്രേ. ഒന്നാമതായി ഭരണവിഷയകമായ കർത്തവ്യത്തെ സമഞ്ജസമായ രീതിയിൽ നിറവേററുന്നതിനു വേണ്ടിടത്തോളം ജ്ഞാനവും പ്രാപ്തിയും സമ്പാദിക്കാതെ നിവൃത്തിയില്ലെന്നു വന്നതിനാൽ അതീനിയൻ പൌരന്മാർ വിദ്യാഭ്യാസത്തിൽ പ്രശംസാർഹമായ നിഷ്കർഷത്തോടുകൂടി വർത്തിച്ചു. രാഷ്ട്രീയകാര്യങ്ങളിലുള്ള നിരന്തരപരിചയവും സ്പൃഹണീയാസക്തിയും അവരുടെ പ്രായോഗികജ്ഞാനത്തെ പതിന്മടങ്ങു വർദ്ധിപ്പിച്ചു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. രണ്ടാമതായി രാഷ്ട്രത്തിന്റെ പരമലക്ഷ്യം പൌരന്മാരുടെ സർവ്വതോമുഖമായ അഭ്യുദയം ഒന്നു മാത്രമായിരുന്നതിനാൽ വിദ്യാഭ്യാസം, വിനോദം തുടങ്ങിയ സകലകാര്യ

ങ്ങളിലും ധനികനെന്നോ ദരിദ്രനെന്നോ ഭേദമില്ലാതെ സകലരും രാഷ്ട്രത്തിന്റെ മുക്തഹസ്തമായ സാഹായ്യത്തേയും ഉച്ചാവചങ്ങളായ ആനുകൂല്യങ്ങളേയും ഒരുപോലെ അനുഭവിച്ചിരുന്നു. കലാശാസ്ത്രാദികൾ മാത്രമല്ല വ്യവസായാദികളും അഭിവൃദ്ധിയുടെ പരകോടിയിലെത്തിയതു് ഇക്കാലത്താണു്. അന്നത്തെ ഗ്രീസ്സിലെ വ്യാവസായികകേന്ദ്രമായിരുന്നു ഏതൻസ്.

ഗ്രീക്കുകാരുടെ പദ്യസാഹിത്യവും നാടകപ്രസ്ഥാനവും രണ്ടും ഇക്കാലത്തുതന്നെയാണു പ്രശസ്തമായ പദവിയിലെത്തിച്ചേർന്നതു്. ദുഃഖപര്യവസായികളായ നാടകങ്ങളുടെ രചനയാൽ കലാപ്രണയികളും സാഹിത്യമർമ്മജ്ഞന്മാരുമായ ഈഷിലസ്, സൊഫോക്‌ളിസ്, യൂറിപ്പിഡീസ് എന്നീ മഹാശയന്മാരും സുഖപര്യവസായികളായ നാടകങ്ങളുടെ രചനയാൽ രസികാഗ്രണിയായ അരിസ്റ്റോഫെയാൻസ് എന്ന മഹാശയനും അക്കാലത്തു ഗ്രീക്കുസാഹിത്യത്തെ എത്രമാത്രം പരിപുഷ്ടമാക്കിയിട്ടുണ്ടെന്നു് അവരുടെ ഗ്രന്ഥതല്ലജങ്ങൾതന്നെ വ്യക്തമാക്കുന്നുണ്ടു്. നേതൃത്വത്തിനു് അത്യന്തം ഉപയുക്തമായ വിചാലത പൊതുജനങ്ങളുടെ ശ്രദ്ധയേയും അഭിനന്ദനത്തേയും സവിശേഷം ആകർഷിച്ചിരുന്നു. ശാസ്ത്രീയഗവേഷണങ്ങളും ഒട്ടും ദുർല്ലഭമായിരുന്നില്ല. ചരിത്രപിതാവെന്നു വിശ്വവിഖ്യാതനായ ഹെറഡോട്ടസ്സും ഇദംപ്രഥമമായി വിമർശനപരമായ ചരിത്രമെഴുതിയ തൂസിഡൈഡീസും അവരുടെ വിശ്വോത്തരങ്ങളായ ഗ്രന്ഥങ്ങൾ നിർമ്മിച്ചതു് ഈ കാലഘട്ടത്തിലാണെന്നുള്ള സംഗതി തദാനീന്തനന്മാരായ അതീനിയക്കാരുടെ ബഹുമുഖമായ പരിശ്രമത്തിനും അഭിനന്ദനീയമായ വിചാരശീലത്തിനുമുള്ള മറെറാരുദാഹരണം മാത്രമാണു്. ഇതിന്നെല്ലാംപുറമെ സഞ്ചരിഷ്ണുക്കളായ ചില പ്രവാചകന്മാർ പൊതുജനങ്ങൾക്കിടയിൽ ഉപരിവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന്നുവേണ്ടി തീവ്രമായി യത്നിച്ചിരുന്നു. അവരുടെ വാഗ്വിദഗ്ദ്ധത നിരതിശയമായിരുന്നുവെങ്കിലും സാധാരണന്മാരുടെ ദൃഷ്ടിയിൽ അവർ അത്രമാത്രം വിശ്വാസ്യന്മാരായിരുന്നില്ല. അവരിൽ അബ്‌ഡീറയിലെ പ്രോട്ടഗോറാസ്സ് എന്ന മഹാനുഭാവനും ഏതൻസിലെ സോക്രട്ടീസ്സ് എന്ന തത്വചിന്തകനും—ഇദ്ദേഹം സമകാലികന്മാരായ മററു പ്രവാചകന്മാരിൽനിന്നു വളരെ ഭിന്നനായിരുന്നു—അഭ്യർഹിതതമമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്നുണ്ടെന്നുള്ളതു് സുപ്രസിദ്ധമായ ഒരു സംഗതിയാണല്ലോ.

(തുടരും)

വിദ്വാൻ സി. കൃഷ്ണവാര്യർ ബി. എ.

# * "കാട്ടുപൂക്കൾ"

('മാവേലി')

കൂരിരുളിന്റെ തടവുകാരായ്
പാരിതിലാരുമറിഞ്ഞിടാതെ,
ജീവിതകാലം കഴിച്ചിടേണം
ഹാ! വനഭൂവിൽ പിറന്ന ഞങ്ങൾ!

വർണ്ണമഹിമകളില്ല തെല്ലു,-
മെന്നല്ല ഗന്ധവുമേതുമില്ല,
എങ്കിലുമുണ്ടു മധുരമാം തേൻ
തങ്കിലസിപ്പൊരു ഹൃത്തുമാത്രം!

മേദുരശ്രീചേരും വാനിലേക്കായ്,-
സ്വാതന്ത്ര്യപ്പച്ചപ്പടപ്പിലേക്കായ്,-
എത്തിനോക്കീടാൻ ചിലപ്പൊഴുന്നും
മെത്തും ദുരാഗ്രഹമാർന്നു ഞങ്ങൾ.

നീരന്ധ്രമായിപ്പടർന്നു നില്ക്കും
ഭൂരുഹസഞ്ചയത്തിന്റെ കൈകൾ,
സ്വച്ഛന്ദം കൂത്താടും സ്വാർത്ഥത്തിന്റെ
വാഴ്ചയെഗ്ഘോഷിക്കും ചെങ്കോലുകൾ,
ചുററും നിരന്നഹോ! ദൃഷ്ടിമാർഗ്ഗം
മുററും നിരോധിക്കുമെപ്പൊഴെല്ലാം.

കൂർത്തുള്ള കൊമ്പുകൾകൊണ്ടു കുത്തി
മർദ്ദിക്കും നിർദ്ദയമാനസർക്കായ്,-
തേനീച്ചകൾക്കായ്, — നിതാന്തമസ്മ-
ച്ഛോണിതം കാണിക്ക വെക്കണംപോൽ!
ഹാ! ഫലമേതുമൊന്നാർജ്ജിച്ചീടാ-
താമരണാന്തം വസിപ്പൂ ഞങ്ങൾ.

കൂരിരുളിന്റെ തടവുകാരായ്
പാരിതിലാരുമറിഞ്ഞിടാതെ,
ജീവിതകാലം കഴിച്ചിടേണം
ഹാ! വനഭൂവിൽ പിറന്ന ഞങ്ങൾ!

---

* ധനികവർഗ്ഗത്തിന്റെ നിർദ്ദയമർദ്ദനത്തിന്നു വിധേയരായി, ക്ലേശഭൂയിഷ്ഠമായ ഒരു ജീവിതം നയിക്കുന്ന ആ മൂകലക്ഷത്തെ കാട്ടുപൂക്കളായി കല്പിച്ചിരിക്കുന്നു.

എം. ഗോപാലൻകുട്ടിമേനോൻ, ബി. എ.

## ഇന്ദുലേഖ.

കഴിഞ്ഞ അമ്പതുകൊല്ലമായി കേരളത്തിലെ സഹൃദയലോകത്തിനു കമനീയമായ ഒരു കലാശില്പവിശേഷം കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്ന 'ഇന്ദുലേഖ'യുടെ നേക്കും കല്ലെറിയുവാൻ ഓങ്ങുന്ന കയ്യൊന്നുണ്ടാകുമെന്നു ഞാൻ ഈ അടുത്തകാലംവരേയും തീരെ വിചാരിച്ചിരുന്നില്ല. ഇക്കഴിഞ്ഞ നവമ്പർ 17-ാംനു- പുറപ്പെട്ട 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ, ശ്രീമാൻ എക്കണത്തു ശങ്കരനുണ്ണി അവർകൾ 'ഇന്ദുലേഖ'യെപ്പററി ആക്ഷേപരൂപത്തിൽ എഴുതിക്കണ്ട ലേഖനം വായിച്ചപ്പോൾ, ജനിച്ചതു മുതൽ ഇതുവരേയും കാണുന്നവരുടെയെല്ലാം കരളഴിഞ്ഞ ലാളനത്തിനും പ്രശംസക്കും പാത്രീഭവിച്ചുംകൊണ്ടുവന്ന 'ഇന്ദുലേഖ'യുടെ ജാതകത്തിൽ ഇത്ര പെട്ടന്നു് ഒരു ശനിപ്പിഴവന്നുപെട്ടുപോയോ എന്നു ഞാൻ തനിയേതന്നെ ചോദ്യം ചെയ്തുപോയി! 'ഇന്ദുലേഖ' ജനിച്ചിട്ടു് അമ്പതുകൊല്ലം കഴിഞ്ഞു. 'സുവർണ്ണജൂബിലി' കൊണ്ടാടേണ്ടുന്ന കാലം വന്നപ്പോഴാണു് ഈ കാലമത്രയും ഭദ്രമായ മൌനമുദ്രയെ ആശ്ലേഷിച്ചുംകൊണ്ടു കഴിഞ്ഞുകൂടിയ നമ്മുടെ ലേഖകൻ പെട്ടന്നു് ഒരു ദുഃസ്വപ്നം കണ്ടു ഞെട്ടിയുണന്ന മട്ടിൽ പ്രക്ഷുബ്ധനായി, എത്രയും കക്കശമായ ഒരു നിരൂപണവുംകൊണ്ടു പത്രരംഗത്തിൽ പ്രത്യക്ഷപ്പെട്ടതു്! 'കാലഹരണ'ചാദം സാഹിത്യത്തിൽ കൊണ്ടുവരുവാൻ ന്യായമില്ലെന്നും, എതു സാഹിത്യകൃതിയെപ്പററിയും എതു കാലത്തും എതൊരാൾക്കും നിരൂപണം ചെയ്യാമെന്നും സമ്മതിക്കാമെങ്കിലും, മിസ്റ്റർ ശങ്കരനുണ്ണി ചെയ്യുകാണുന്ന തരത്തിലുള്ള ഒരു നിരൂപണത്തിന്റെ ആവശ്യവും ഔചിത്യവും എനിക്കു തീരെ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. 'ഇന്ദുലേഖ'യിലെ ഇതിവൃത്തഘടന, പാത്രസൃഷ്ടി, വർണ്ണനാരീതി മുതലായ വിഷയങ്ങളെക്കുറിച്ചു്, ശാസ്ത്രീയനിരൂപണരീതിക്കനുസരണമായി നിരൂപണംചെയ്തു്, ആ വിശിഷ്ടഗ്രന്ഥത്തെ വേണ്ടവിധത്തിൽ ആസ്വദിക്കുവാനും, അതിനെപ്പററി ശരിയായ ഒരു മതിപ്പു് ഉണ്ടാക്കിത്തീക്കുവാനും വായനക്കാക്കു കഴിവുണ്ടാക്കിക്കൊടുപ്പാനായി ആരു ശ്രമിച്ചാലും അതു് ആശാസ്യമായിട്ടേ വരികയുള്ളു. എന്നാൽ മിസ്ററർ ശങ്കരനുണ്ണിയുടെ ഉദ്യമം ആ വിധത്തിലുള്ള ഒന്നാണോ? അദ്ദേഹത്തിന്റെ നിരൂപണത്തിൽ ശരിയായ നിരൂപണത്തിന്റെ ധമ്മങ്ങൾ ഒട്ടെങ്കിലും ഒത്തുവന്നു കാണുന്നുണ്ടോ? ഈ ചോദ്യത്തിനു കേവലം 'ഇല്ല' എന്നുതന്നെ മറുപടി പറയേണ്ടിയിരിക്കുന്നു. 'ഇന്ദുലേഖ' യു

ടെ കാവ്യഗുണത്തേയും, 'ഇന്ദുലേഖാ' കർത്താവിന്റെ ഉദ്ദേശത്തേയും മനസ്സംസ്കാരത്തേയും മററും പററി അവജ്ഞാഗർഭങ്ങളും അടിസ്ഥാനരഹിതങ്ങളുമായ അഭിപ്രായപ്രകടനങ്ങളോടുകൂടി മിസ്ററർ ശങ്കരനുണ്ണി എഴുതി വിട്ടിട്ടുള്ള ആ ആക്ഷേപലേഖനത്തിനു നിരൂപണമെന്ന മാന്യമായ പേരിനുള്ള യോഗ്യത എന്തായാലും ഇല്ലെന്നുതന്നെ പറയണം. പ്രസിദ്ധഹാസ്യകലാ കോവിദനും സാഹിത്യമർമ്മജ്ഞനുമായ 'സഞ്ജയൻ' പറഞ്ഞതുപോലെ അതിനു് ഏററവും പററിയ പേരു് 'കപിക്ലോട്ടിസം' എന്നാകുന്നു.

എന്തൊക്കെയാണു് മിസ്റ്റർ ശങ്കരനുണ്ണി 'ഇന്ദുലേഖ'യെപ്പററി പറഞ്ഞിട്ടുള്ളതു്? ചന്തുമേനോൻ ഇന്ദുലേഖാമാധവന്മാരെ സൃഷ്ടിച്ചതു്, 'നഭൂതോനഭവിഷ്യതി' എന്ന മട്ടിൽ മാതൃകാഭൂതരായ നായികാനായകന്മാരാകണമെന്നുദ്ദേശിച്ചായിരുന്നു; പക്ഷേ, അവർ ആയിത്തീർന്നതു് അങ്ങിനേയൊന്നുമല്ല. 'വിനായകം പ്രകുർവ്വാണോരചയാമാസവാനരം' എന്നു പറഞ്ഞതുപോലെയാണുണ്ടായതു്. ഇന്ദുലേഖ മദാമ്മയും നാടത്തിയുമല്ലാത്ത ഒരു വിചിത്രസൃഷ്ടി! മാധവനോ? മനഃസംസ്കാരവും തന്റേടവും തീരെയില്ലാത്ത ഒരു വങ്കനും! അതേ, 'ചളരെ താണതരത്തിലുള്ള ഒരു കല്പനാശക്തിയുടെ സൃഷ്ടി' എന്നേ പറയാവൂ. പ്രതിനായകനായിക്കാണുന്ന സൂരിനമ്പൂരിപ്പാടിനെ സൃഷ്ടിച്ചതു കഥയ്ക്കുവേണ്ടിയല്ല; പരിഹസിപ്പാൻവേണ്ടിയാണു്. സൂരിനമ്പൂരിയുടെ ചിത്രം വരച്ചകൈയ്ക്കു് ചിത്രരചനയുടെ യാതൊരു ചടങ്ങും അറിഞ്ഞുകൂട. തീരെ വകതിരിവില്ലാതെ തലങ്ങും വിലങ്ങും ചായം വാരിത്തേച്ചു വികൃതപ്പെടുത്തിയ ഒരു ഹാസ്യചിത്രം! 'ഇന്ദുലേഖ'യിൽ ശരിയായ ചിത്രമൊന്നുണ്ടെങ്കിൽ അതു പഞ്ചുമേനോന്റേതാണു്.

'ഇന്ദുലേഖ'യിലെ പാത്രസൃഷ്ടിയെപ്പററി മിസ്റ്റർ ശങ്കരനുണ്ണിക്കുള്ള അഭിപ്രായം ഇതാണു്. കഥാഘടനയേസ്സംബന്ധിച്ചാണെങ്കിൽ ഇതിലും മോശമായ അഭിപ്രായമേ അദ്ദേഹത്തിനു പറയുവാനുള്ളൂ. കഥയോടു യാതൊരു ബന്ധവുമില്ലാത്ത പല വിഷയങ്ങളും വലിച്ചിഴച്ചുകൊണ്ടുവന്നു കുത്തിത്തിരുകി വൃഥാ സ്ഥൂലമാക്കിത്തീർത്തിട്ടുള്ള ആ പതിനെട്ടാമദ്ധ്യായം ഒന്നുമതി നിരൂപകന്നു കഥാരചനയിൽ ചന്തുമേനോനുള്ള 'കഥയില്ലായ്മ'യെ തെളിയിക്കുവാൻ! 'ഇന്ദുലേഖ'യിലുള്ള ഏതെങ്കിലും ഒന്നിനെപ്പററി നമ്മുടെ നിരൂപകന്നു നല്ല ഒരു അഭിപ്രായം പറയുവാനുണ്ടെങ്കിൽ അതു ഭാഷയെപ്പററി മാത്രമാണു്. 'ഇന്ദുലേഖ'യിലെ ഭാഷ നമ്മുടെ ക്ഷയിക്കാത്ത തറവാട്ടു സ്വത്തായിരിക്കട്ടെ

എന്നു് അനുഗ്രഹിക്കുവാൻ മാത്രമുള്ള ഒരു കാരുണ്യബുദ്ധിയെങ്കിലും
അദ്ദേഹത്തിനു തോന്നിയതിൽ 'ഇന്ദുലേഖ'യും, 'ഇന്ദുലേഖാ'പ്രണയി
കളായ മലയാളികളും കൃതജ്ഞരായിരിക്കേണ്ടതാണു്.

ഇന്നത്തെ മലയാളികൾക്കു് 'ഇന്ദുലേഖ'യിൽ വലിയ പ്രതിപ
ത്തിയൊന്നുമില്ല എന്നു് അവരുടെയെല്ലാം വക്കാലത്തുപിടിച്ചുംകൊ
ണ്ടു വാദിക്കുവാനും മിസ്റ്റർ ശങ്കരനുണ്ണി ഒരുക്കമുണ്ടു്. സാക്ഷാൽ തുഞ്ച
ത്തെഴുത്തച്ഛന്റെ രാമായണാദി കൃതികളിൽ ഇന്നത്തെ മലയാളികൾ
ക്കു് എത്രത്തോളം പ്രതിപത്തിയുണ്ടെന്നു മിസ്റ്റർ ശങ്കരനുണ്ണിക്കു
പറയുവാൻ സാധിക്കുമോ എന്നറിഞ്ഞുകൂട. മിസ്റ്റർ ശങ്കരനുണ്ണി
ക്കുവേണ്ടി ഇന്നത്തെ മലയാളികൾക്കു് 'ഇന്ദുലേഖ'യിൽ വലിയ പ്ര
തിപത്തിയൊന്നുമില്ലെന്നു സമ്മതിച്ചാൽത്തന്നെയും, അതുകൊണ്ടു്
'ഇന്ദുലേഖ' കേവലം നിർഗ്ഗുണമായ ഒരു നോവലാണെന്നു സാധിക്കു
ന്നതെങ്ങിനെയാണെന്നു മനസ്സിലാകുന്നില്ല. ഇന്നത്തെ മലയാളികൾ
ക്കെന്നല്ല എന്നത്തെ മലയാളികൾക്കും രുചിക്കാത്ത ഒരു കൃതിയാണു്
'ഇന്ദുലേഖ' എന്നു വന്നാൽ മാത്രമേ അതൊന്നിനും കൊള്ളാത്ത ഒരു
'പൊട്ടനോവൽ' ആണെന്നു വരികയുള്ളു. തലച്ചോറിന്റെ പരമാണു
ക്കൾക്കു തരക്കേടൊന്നും പറ്റാതെയുള്ള ഏതുകാലത്തെ മലയാളികളും
തീരാത്ത തൃഷ്ണയോടുകൂടി വായിക്കുന്ന ഒരു പുസ്തകമാണു് 'ഇന്ദുലേഖ'
എന്നുള്ളതിലേക്കു ഏതു പുസ്തകവ്യാപാരിയും തെളിവു തരും. 'ഇന്ദു
ലേഖ' ഉത്ഭവിച്ചിട്ടു് അര നൂറ്റാണ്ടു കഴിഞ്ഞു; ഇക്കാലത്തിനുള്ളിൽ
എത്ര നോവലുകൾ മലയാളത്തിലുണ്ടായി? അവയിൽ എത്ര എണ്ണം
ഇന്നു ജീവിക്കുന്നുണ്ടു ? 'ഇന്ദുലേഖ'മാത്രം ഇന്നും ഭാസുരയൌവനകാ
ന്തിയായി രസികജനങ്ങളുടെ ചിത്തരംഗങ്ങളിൽ നൎത്തനംചെയ്തു
കൊണ്ടിരിക്കുന്നു. മിസ്റ്റർ ശങ്കരനുണ്ണിയെപ്പോലെ 'തലമന്നെ
ണ്ണതേയ്ക്കുന്ന' നിരൂപകന്മാർക്കും 'ഇന്ദുലേഖ'യെ മറക്കുവാൻ സാധിക്കു
ന്നില്ലെന്നാണല്ലോ അദ്ദേഹത്തിനിപ്പോൾ അസംഗതമായിട്ടാണെങ്കി
ലും അതിനെപ്പറ്റി ഒരു നിരൂപണം എഴുതുവാൻ തോന്നിയതിൽ
നിന്നു വെളിപ്പെടുന്നതു്.

'ഇന്ദുലേഖ' ഉത്ഭവിച്ച കാലത്തു് കേരളഭാഷയുടേയും സാഹി
ത്യത്തിന്റേയും സ്ഥിതി എന്തായിരുന്നു? 'ഇന്ദുലേഖ'യേപ്പോലെ
കേരളത്തിലെ സാമുദായികസ്ഥിതിയെ വിഷയീകരിച്ചുകൊണ്ടൊരു
നോവലെഴുതുവാൻ മാൎഗ്ഗദർശിയായ വല്ല മാതൃകയുമുണ്ടായിരുന്നുവോ?
ഈ വക സംഗതികളൊന്നും തീരെ ആലോചിക്കാതെ ഇത്രയും നിർ

ദാക്ഷിണ്യമായ ഒരു നിരൂപണം എഴുതിവിട്ട മിസ്റ്റർ ശങ്കരനുണ്ണി മലയാളത്തിലെ ആ ഒന്നാമത്തെ നോവലിൻെറ നേരെ ഏററവും വലിയ ഒരു അനീതിയാണു് കാണിച്ചിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു. കുററം പറയുവാൻ ആക്കും എളുപ്പമുണ്ടു്; മിസ്റ്റർ ശങ്കരനുണ്ണിയെപ്പോലെ ശരിയായ കാരണമൊന്നും കാണിക്കാതെ കുററംപറയുന്നതിനാണെങ്കിൽ കുറേക്കൂടി എളുപ്പമുണ്ടു്. പക്ഷേ, യാതൊരു പൂർവ്വമാതൃകയുമില്ലാതെ നൂതനമായൊന്നു നിർമ്മിക്കണമെങ്കിൽ അതൊട്ടും സുകരമായിട്ടുള്ളതല്ല. 'ഇന്ദുലേഖ'ക്കുമുമ്പേ 'കുന്ദലത' ഉണ്ടായിട്ടുണ്ടെങ്കിലും ആ ജ്യേഷ്ഠത്തിയെ ഈ അനുജത്തി ഒട്ടും അനുകരിച്ചിട്ടില്ല. അനുജത്തിയുടെ ആവിർഭാവത്തോടുകൂടി ജ്യേഷ്ഠത്തിയെ ആളുകൾ മറക്കുവാൻ തുടങ്ങിയതിൽനിന്നു്, അനന്യസാധാരണമായ വിധത്തിൽ ആളുകളെ ആകർഷിക്കത്തക്ക ഒരു സവിശേഷത അനുജത്തിക്കുണ്ടെന്നു് തെളിയുന്നുണ്ടല്ലോ.

'ഇന്ദുലേഖ'യുടെ ഈ സവിശേഷത എന്താണു്? അതേ, 'ഇന്ദുലേഖ'യിലെ കഥാപാത്രങ്ങൾ നമ്മളേപ്പോലെതന്നെയുള്ള സാധാരണ മനുഷ്യരാണു്; സാധാരണ മനുഷ്യരേപ്പോലെ രാഗവും ദ്വേഷവും, ആശയും നിരാശയും, നന്മയും തിന്മയും കലന്നവരാണു്. 'ഇന്ദുലേഖ വായിക്കുമ്പോൾ, അതിലുള്ള കഥാപാത്രങ്ങളേപ്പററി, നമ്മുടെ ഇടയിൽ നാം നിത്യവും പരിചയിച്ചുവരുന്ന ആളുകളാണെന്നുള്ള ഒരു തോന്നൽ നമുക്കുണ്ടായിത്തീരുന്നു. മിസ്റ്റർ ശങ്കരനുണ്ണി പറയുന്നതുപോലെ ചന്തുമേനോൻ, 'നഭൂതോനഭവിഷ്യതി' എന്ന നിലയിൽ സർവ്വഗുണങ്ങളും തികഞ്ഞ ആദർശകഥാപാത്രങ്ങളെ സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചിട്ടേ ഇല്ല. ഇന്ദുലേഖയും മാധവനും മലയാളത്തിലെ യുവതീയുവാക്കന്മാർക്കു് എന്നും അനുകരിക്കുവാൻ പററിയ മാതൃകാഭൂതരായ നായികാനായകന്മാരാണെന്നു് അദ്ദേഹം ഒരിക്കലും സങ്കല്പിച്ചിട്ടില്ല. 'ഇന്ദുലേഖ'യിലെ നായികാനായകന്മാരുൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും ഏറെക്കുറെ 'ഇന്ദുലേഖ' ഉണ്ടായ കാലത്തെ സാമുദായികസ്ഥിതിയെ ഉദാഹരിച്ചുകാണിക്കുന്നവരാണു്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ പിൻതുണയോടുകൂടി പടിവാതിൽ ഉന്തിത്തുറന്നു കടന്നുവന്ന പാശ്ചാത്യപരിഷ്കാരം സമുദായത്തിനുള്ളിൽ വലുതായ ഒരു പരിവർത്തനം വരുത്തുവാൻ വട്ടംകൂട്ടിത്തുടങ്ങിയ ഒരു കാലഘട്ടത്തിലാണു് 'ഇന്ദുലേഖ' ഉത്ഭവിച്ചതു്. പരസ്പരവിരുദ്ധങ്ങളായ പഴമയും പുതുമയും തമ്മിലിടഞ്ഞു്, ഘോരമായ

ഘട്ടനംകൊണ്ടു് ബലാബലപരീക്ഷ നടത്തിക്കൊണ്ടിരുന്ന ഒരു ദശാസന്ധിയായിരുന്നു അതു്. അങ്ങിനെ രൂപമെടുത്തു തുടങ്ങിയ ആ സാമുദായികപരിവർത്തനത്തിന്റെ പ്രഥമദശയെയാണു് 'ഇന്ദുലേഖ' എത്രയും ഹൃദയംഗമമായവിധത്തിൽ ചിത്രീകരിച്ചു കാണിക്കുന്നതു്. ഇന്ദുലേഖയും മാധവനും ഇംഗ്ലീഷു വിദ്യാഭ്യാസത്തിന്റെ പുറകെ വന്ന പുതുപരിഷ്കാരത്തിന്റെ നന്മയും തിന്മയും കലന്ന പ്രതിനിധികളാണു് എങ്കിൽ, പഞ്ചുമേനോനും സൂരിനമ്പൂരിപ്പാടും പുതുമയോടു ശുണ്ഠിയെടുത്തു മല്ലിട്ടുനോക്കുന്ന പഴമയുടെ പ്രതിപുരുഷന്മാരുമാകുന്നു. പുതിയ വിദ്യാഭ്യാസവും പരിഷ്കാരവും സമുദായത്തിൽ എന്തെല്ലാം വൈചിത്ര്യങ്ങൾ വരുത്തിക്കൂട്ടുവാൻ തുടങ്ങിയെന്നു് ഇന്ദുലേഖയും മാധവനും കാണിച്ചുതരുന്നു. പഴമയുടെ പ്രതാപചിഹ്നങ്ങളായ അന്ധവിശ്വാസം, അനാചാരം, ബ്രാഹ്മണമേധാവിത്വം മുതലായ കൂട്ടങ്ങൾ പുതുമയുടെ ഉന്തും തള്ളുമേററു് എങ്ങിനെ ശുണ്ഠിയെടുത്തു കയക്കുന്നു് എന്നാണു പഞ്ചുമേനോനും സൂരിനമ്പൂരിപ്പാടും കാണിച്ചുതരുന്നതു്. ചെറുശ്ശേരിയെപ്പോലെ പഴമയുടെ നല്ല ഭാഗങ്ങളെ പ്രകാശിപ്പിക്കുകയും, പുതുമയുടെ മോടിയിൽ ഭ്രമിക്കാതെ അതിന്റെ നന്മയെ ആദരിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങളേയും നമുക്കതിൽ കാണാം. നമ്പൂരിസ്സംബന്ധത്തിന്റെ ഗർഹണീയതയെ കാണിക്കുവാൻവേണ്ടി അവതരിപ്പിക്കപ്പെട്ട സൂരിനമ്പൂരിപ്പാടിന്റെ ചിത്രത്തിൽ കറുപ്പുചായം കുറെ കൂടിപ്പോയി എന്നാക്ഷേപിക്കുന്ന നമ്മുടെ നിരൂപകന്റെ നന്മബുദ്ധിക്കു നമോവാകം പറയുകതന്നെ വേണം! സജാതീയരായ സാധാരണനായന്മാരുമായി 'ഇണങ്ങുംമരുങ്ങും' വയ്യെന്നുള്ള ദുർല്ലളിതമായ ദുരഭിമാനം പുലർത്തിപ്പോരുന്ന ചുരുക്കം ചില നായർ പ്രഭുകുടുംബങ്ങളിൽ മാത്രം ഇന്നും ചുററിപ്പററി നില്ക്കുന്ന നമ്പൂരിസ്സംബന്ധത്തിന്റെ വികൃതരൂപം സൂരിനമ്പൂരിപ്പാടാകുന്ന കണ്ണാടിയിൽ തെളിഞ്ഞു കാണുന്നതുകൊണ്ടായിരിക്കുമോ മിസ്റ്റർ ശങ്കരനുണ്ണി ആ ചിത്രം വരച്ച വിദഗ്ദ്ധഹസ്തത്തിനു വകതിരിവില്ലെന്നു കുററം പറയുന്നതെന്നു് അറിഞ്ഞുകൂട.

ചന്തുമേനോൻ ഒരു കഥ എഴുതേണ്ട ഉദ്ദേശത്തിലല്ല 'ഇന്ദുലേഖ' എഴുതിയതെന്നും, 'കാളിദാസപ്രഭൃതികളുടെ കാവ്യനാടകാദികൾ പഠിച്ചു സംസ്കൃതവ്യുല്പത്തിയുണ്ടായാൽ മനുഷ്യനാവുകയില്ല; ഇംഗ്ലീഷു പഠിച്ചു പാശ്ചാത്യമനോഭാവം സമ്പാദിച്ചാലെ ജന്മസാഫല്യം വരികയുള്ളു എന്ന അഭ്രാന്തസത്യം പഠിപ്പിപ്പാനും, നാട്ടിൽ നട

പ്പുള്ള സമ്പ്രദായങ്ങളെയെല്ലാം കലശലായി അപഹസിപ്പാനുംവേണ്ടിയാണെന്നും ആണു് ഈ കാലമത്രയും 'ഇന്ദുലേഖ' വായിച്ചിട്ടു്, മിസ്റ്റർ ശങ്കരനുണ്ണി കണ്ടുപിടിച്ച തത്വം! ഇത്തരത്തിലുള്ള ഒരു ഉദ്ദേശം ഉള്ളിൽവെച്ചുകൊണ്ടാണു ചന്തുമേനോൻ 'ഇന്ദുലേഖ' ഉണ്ടാക്കിയതു് എന്നു് അല്പം സമചിത്തതയോടുകൂടി 'ഇന്ദുലേഖ' വായിച്ചിട്ടുള്ളവരാരെങ്കിലും ഉന്നയിക്കുമോ എന്നു വായനക്കാർതന്നെ തീർച്ചപ്പെടുത്തട്ടെ. 'ഇന്ദുലേഖ'യിലെ ഒരുത്തമ കഥാപാത്രമായ ചെറുശ്ശേരിനമ്പൂതിരി സംസ്കൃതപഠനംകൊണ്ടു മാത്രം സംസ്കൃതചിത്തനായിത്തീർന്നിട്ടുള്ള ഒരാളാണെന്നു് 'ഇന്ദുലേഖ' ഒന്നോടിച്ചു വായിച്ചു നോക്കിയാൽക്കൂടി ആൎക്കും സ്പഷ്ടമായിബ്ഭവിക്കുന്നതാണു്. തന്റെ നായികാനായകന്മാൎക്കു ഇംഗ്ലീഷു വിദ്യാഭ്യാസത്തിനു പുറമേ സംസ്കൃതഭാഷാപരിജ്ഞാനംകൂടി വേണ്ടുവോളമുള്ളതായി വൎണ്ണിച്ചു കാണിച്ച ചന്തുമേനോൻ, സംസ്കൃതം പഠിച്ചതുകൊണ്ടു കാൎയ്യമില്ലെന്നും, ഇംഗ്ലീഷു പഠിച്ചാലേ ഗുണമുള്ളു എന്നും ആണു് 'ഇന്ദുലേഖ' മുഖേന ജനങ്ങളെ പഠിപ്പിക്കുവാൻ ഉദ്ദേശിച്ചതെന്നു പറഞ്ഞാൽ, അല്പം ആലോചനാശീലമുള്ളവൎക്കാൎക്കെങ്കിലും അതു ബോദ്ധ്യപ്പെടുമോ? ഏതായാലും, മലയാളക്കരെ മുഴുവൻ ഒരിക്കൽക്കൂടി അറബിക്കടലിൽ ആണ്ടുപോകണമെന്നുദ്ദേശിച്ചാണു ചന്തുമേനോൻ 'ഇന്ദുലേഖ' എഴുതിയതു് എന്നെങ്ങാനും പറഞ്ഞില്ലല്ലോ നമ്മുടെ നിരൂപകൻ എന്നാണു ഞാൻ സമാധാനപ്പെടുന്നതു്.

'ചന്തുമേനോന്റോ കാലത്തോ അതിനു മുമ്പോ ഇന്ദുലേഖയെപ്പോലെ ഒരു പെൺകിടാവിനെ ആരും കണ്ടിരിക്കയില്ല' എന്നും, 'ലോകത്തിൽ ലമ്പടന്മാർ എപ്പോഴുമുണ്ടു്. സൂരിയെപ്പോലെ വേറെ ആരേയും ആരെങ്കിലും കണ്ടിട്ടുണ്ടോ' എന്നും പറയുന്ന മിസ്റ്റർ ശങ്കരനുണ്ണിക്കു്, ആ വക കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ അതിശയോക്തിയെ അതിർകടന്ന നിലയിൽ ഉപയോഗിച്ചിരിക്കുന്നുവെന്നാണല്ലോ ആക്ഷേപമുള്ളതു്. 'ഇന്ദുലേഖ' 'വസ്തുസ്ഥിതിപ്രധാന' (Realistic) മായ ഒരു നോവലല്ലെന്നും 'കല്പനാവൈചിത്ര്യപ്രധാന (Romantic) മായ ഒരു നോവലാണെന്നും ഉള്ള വസ്തുത കേവലം ആലോചിക്കാതെയാണു് അദ്ദേഹം ഇങ്ങിനെ 'ഇന്ദുലേഖ'യിൽ അതിശയോക്തി സ്പൎശദോഷം ഉൽഭാവനം ചെയ്തിട്ടുള്ളതെന്നു സ്പഷ്ടമാണു്. കല്പനാവൈചിത്ര്യപ്രധാനമായ നോവലിൽ കഥാസംഭവങ്ങളേയും കഥാപാത്രങ്ങളേയും ചിത്രീകരിക്കുന്നതിൽ നിറംകൂടിയ ചായങ്ങളുപയോഗിക്കുന്നതു ദോഷമല്ല. കഥാപാത്രങ്ങളുടെ പ്രവൃത്തികളും,

അവയുടെ ഫലങ്ങളായ കഥാസംഭവങ്ങളും സംഭാവ്യതയുടെ സീമയെ അതിലംഘിക്കുന്നവയായിരിക്കരുതെന്നല്ലാതെ, സംഭവിച്ചവയോ സംഭവിച്ചേ കഴിയൂ എന്നുള്ളവയോ ആയിരിക്കണമെന്നു നിർബ്ബന്ധമില്ല. ചന്തുമേനോൻെറ കാലത്തു്, അതായതു്, 'ഇന്ദുലേഖ' ഉണ്ടാക്കിയ കാലത്തു്, നാട്ടിൽ ഇന്ദുലേഖയെപ്പോലെയുള്ള യുവതികൾ ധാരാളമുണ്ടായിരുന്നു എന്നു വരണമെന്നില്ല; ഇന്ദുലേഖയെപ്പോലെയുള്ള ഒരു പെൺകിടാവുണ്ടാകുന്നതു് അന്നത്തെ സ്ഥിതിക്കു തീരെ അസംഭാവ്യമാണെന്നു വരരുതെന്നു മാത്രമേയുള്ളു; ഇതിനു മുമ്പു കാണിച്ചവിധത്തിലുള്ള ഒരു സാമുദായികപരിതഃസ്ഥിതിയിൽ ഇന്ദുലേഖയെപ്പോലെയുള്ള ഒരു യുവതി ഉണ്ടായി എന്നും വരുന്നതിനു യാതൊരു വിരോധവുമില്ല എന്നു തീർത്തു പറയാം. സൂരിനമ്പൂതിരിപ്പാടിനെപ്പോലെയുള്ള വിഷയലമ്പടന്മാരായ വിടപ്രഭുക്കന്മാരെ ഇക്കാലത്തു കണ്ടുകിട്ടുവാൻ കുറെ പ്രയാസമാണെങ്കിലും, ചന്തുമേനോൻെറ കാലത്തു് അത്തരക്കാൎക്കു് അത്ര പഞ്ഞമൊന്നുമുണ്ടായിരുന്നില്ല. അന്നത്തെ സ്ഥിതിക്കു്, വിഷയലമ്പടത്വത്തിന്നു്, ജന്മിത്വത്തിൻേറയും ജാതിവലിപ്പത്തിൻേറയും സഹായമുണ്ടായാൽ സൂരിനമ്പൂരിയെപ്പോലെയുള്ളവരെ എത്ര വേണമെങ്കിലും സൃഷ്ടിക്കുവാൻ സാധിച്ചിരുന്നു. അതിനാൽ സൂരിനമ്പൂരിയുടെ വൎണ്ണനത്തിൽ അതിശയോക്തിയെ അതിർകടത്തി പ്രയോഗിച്ചു എന്നുള്ള ആക്ഷേപത്തിനു യാതൊരു അടിസ്ഥാനവുമില്ല. വസ്തുസ്ഥിതി പ്രധാനമായ നോവലിൽപ്പോലും ചിലപ്പോഴൊക്കെ അതിശയോക്തി പ്രയോഗം ആവാമെന്നിരിക്കുമ്പോൾ, 'ഇന്ദുലേഖ'യെപ്പോലെ കല്പനാവൈചിത്ര്യപ്രധാനമായ ഒരു നോവലിൽ അതിനു സ്ഥാനമുണ്ടോ എന്ന ചോദ്യത്തിനുതന്നെ അവകാശമില്ല.

'ഇന്ദുലേഖ'യിലെ പതിനെട്ടാമദ്ധ്യായം പ്രകൃത കഥാവസ്തുവോടു യാതൊരു ബന്ധവുമില്ലാതെ മുഴച്ചു നില്ക്കുന്നതായി ആക്ഷേപിക്കുന്ന മിസ്റ്റർ ശങ്കരനുണ്ണി വിക്ടർ ഹ്യൂഗോവിൻെറ 'പാവങ്ങൾ' എന്ന നോവലിൽ വാട്ടർലൂയുദ്ധം വൎണ്ണിച്ചിട്ടുള്ള അദ്ധ്യായത്തെപ്പററി എന്തു പറയുമോ ആവോ! വാട്ടർലൂ യുദ്ധത്തിനു 'പാവങ്ങ'ളിലെ കഥാവസ്തുവുമായി പറയത്തക്ക ബന്ധമൊന്നുമില്ലെങ്കിലും ചിന്തോത്തേജകമായ ആ യുദ്ധത്തിൻെറ വൎണ്ണനം ചിന്താശീലരായ വായനക്കാൎക്കു രസകരമായിട്ടുള്ളതാണു്. നോവൽകൎത്താക്കന്മാർ ചിലപ്പോൾ തങ്ങളുടെ ചിന്തയെ സവിശേഷം ഇളക്കിമറിച്ചിട്ടുള്ള ചില വിഷയങ്ങളെപ്പററി തങ്ങൾക്കു പറവാനുള്ള സംഗതികൾ പറവാൻവേണ്ടി ഇങ്ങി

നെ പ്രകൃതത്തിൽനിന്നു കുറെയൊക്കെ വ്യതിയാനം ചെയ്യു എന്നു വന്നേയ്ക്കാം. അങ്ങിനെയുള്ള പ്രകൃതവ്യതിയാനത്തിനു പര്യാപ്തമായ പ്രയോജനം ഉള്ള പക്ഷം അതു് ആക്ഷേപാർഹമായിട്ടുള്ളതുമല്ല. ഇതു സംബന്ധിച്ചു് ഒരു പ്രസിദ്ധ നിരൂപകൻ പറയുന്നതിങ്ങിനെയാണു്:—

We cannot object to that so long as the digressions and dissertations are themselves fraught with significance, even if they have no direct bearing on the story of the novel. The conception of the novel has changed altogether: the solid architecturel structure has grown obsolet: every looseness of form is admitted: We are satisfied so long as what the author has to say is provoking and stimulating'

[നോവൽകർത്താവു പ്രകൃതംവിട്ടുചെയ്യുന്ന പ്രസംഗത്തിനു പ്രത്യേകിച്ചു് എന്തെങ്കിലും ഒരർത്ഥമുണ്ടായിരിക്കണം. അതുണ്ടെങ്കിൽ ആ പ്രസംഗത്തിനു നോവലിലെ കഥയുമായി നേരിട്ടുള്ള ബന്ധം ഒന്നും ഇല്ലെങ്കിൽക്കൂടിയും വിരോധമില്ല. നോവലിന്റെ സ്വരൂപത്തെപ്പററിയുള്ള സങ്കല്പംതന്നെ ഇപ്പോൾ പാടേ മാറിക്കഴിഞ്ഞിരിക്കുന്നു. കഥാബന്ധത്തിനു പിരിമുറുക്കം വേണമെന്നില്ല എന്നായിരിക്കുന്നു. എല്ലാത്തരത്തിലുള്ള ബന്ധശൈഥില്യവും ആവാമെന്നു വന്നിരിക്കുന്നു. നോവൽകർത്താവിന്നു പറയുവാനുള്ള സംഗതികൾ വായനക്കാരുടെ ചിന്തയെ ഉണർത്തുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നുണ്ടെങ്കിൽ അത്രയുംകൊണ്ടുതന്നെ അവർ സംതൃപ്തിപ്പെട്ടുകൊള്ളും.]

'ഇന്ദുലേഖ'യിൽ പതിനെട്ടാമദ്ധ്യായത്തിൽ പ്രകൃതംവിട്ടുചെയ്തുകാണുന്ന പ്രസംഗം കഥയറിവാനുള്ള തൃഷ്ണയോടുകൂടിമാത്രം നോവൽ വായിക്കുന്ന കൂട്ടൎക്കു് ഒരുപക്ഷേ രുചിക്കാതെ വന്നേക്കാമെങ്കിലും ഒരു സാഹിത്യകൃതി എന്ന നിലയിൽ നോവൽ വായിക്കുന്ന സഹൃദയന്മാൎക്കെല്ലാം അതു വൈരസ്യകരമായിത്തീരുമെന്നു തോന്നുന്നില്ല. വിക്ടർഹ്യൂഗൊ, ടോൾസ്റ്റോയി തുടങ്ങിയ ചിന്തകന്മാരായ പാശ്ചാത്യസാഹിത്യകാരന്മാരുടെ നോവലുകളിൽ ഇങ്ങിനെ പ്രകൃതത്തിൽനിന്നു വ്യതിചലിച്ചുംകൊണ്ടുള്ള നിലയിൽ ഓരോരോ വിഷയങ്ങളെപ്പററി സുദീൎഘമായി ഉപന്യസിച്ചുകാണുന്നുണ്ടു്. അതിനെപ്പററി ആരും ഇങ്ങിനെ 'കൂട്ടവും കുറിയും' കൂട്ടിക്കണ്ടിട്ടുമില്ല. ഒരു നല്ല നോവൽ എന്നു് ഒരു കൃതിയെപ്പററിപ്പറയേണമെങ്കിൽ അതു കേവലം വായനക്കാരുടെ കഥാശ്രവണകൌതുകത്തെ തൃപ്തിപ്പെടുത്തുകമാത്രം ചെയ്താൽപ്പോരാ; വായനക്കാരുടെ ചിന്താശക്തിയെ തട്ടിയുണൎത്തി, ചിന്തിക്കുവാൻ എന്തെങ്കിലും വക നൽകുകകൂടിച്ചെയ്യണം. അതിലേയ്ക്കു വേണ്ടി നോവൽകർത്താവിനു സ്വീകരിക്കാവുന്ന മാൎഗ്ഗങ്ങളിൽ നേരി

ട്ടോ കഥാപാത്രങ്ങൾ മുഖേനയോ ചെയ്യുന്ന പ്രസംഗത്തിനും ഒരു സ്ഥാനമുണ്ട്.

'ഇന്ദുലേഖ'യുടെ 'ശില്പിക്കു തൂലിക ഉപയോഗിച്ചു ശീലംപോരാ, കൈപ്പുണ്യവും വന്നിട്ടില്ല' എന്നാണ് മിസ്റ്റർ ശങ്കരനുണ്ണിയുടെ ഒടുക്കത്തെ ആക്ഷേപം. ആദ്യമായി ഒരു നോവലെഴുതുവാൻ പുറപ്പെട്ട ചന്തുമേനോനു നോവലെഴുത്തിൽ തഴക്കവും പഴക്കവും ഉണ്ടാകുന്നതു് എങ്ങിനെയാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. നോവലെഴുതിപ്പരിചയം സിദ്ധിക്കാതെതന്നേ ഇദംപ്രഥമമായി 'ഇന്ദുലേഖ'യെപ്പോലെ ഇത്രയും സുന്ദരമായ ഒരു നോവൽ എഴുതിയുണ്ടാക്കുവാൻ സാധിച്ചതിൽ അദ്ദേഹത്തിൻെറ ജന്മസിദ്ധമായ വാസനാവൈഭവത്തെ അഭിനന്ദിക്കുകയല്ലേ ചെയ്യേണ്ടതു്? 'ഇന്ദുലേഖാ' കത്താവിൻെറ ശില്പകലാകൌശലം അനന്തരകൃതിയായ 'ശാരദ' യിൽ വന്നപ്പോഴേക്കും എത്രമേൽ തെളിഞ്ഞു കഴിഞ്ഞു എന്നു് അഭിജ്ഞന്മാരെ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. 'ശാരദ' മുഴുമിച്ചു കാണുവാനുള്ള ഭാഗ്യം മലയാളികൾക്കു കൈവന്നിരുന്നുവെങ്കിൽ കാണാമായിരുന്നു. വിലമതിക്കാൻവയ്യാത്ത എത്ര വലിയ ഒരു ശില്പചാതുര്യമാണു് 'ഇന്ദുലേഖ' എഴുതിയ ആ പ്രഗത്ഭഹസ്തത്തെ അനുഗ്രഹിച്ചിരുന്നതെന്നു്!

'ഇന്ദുലേഖ' യാതൊരു ദോഷവും തീണ്ടാതെ സൎവ്വഗുണങ്ങളും തികഞ്ഞുനില്ക്കുന്ന ഒരു നോവലാണെന്നു് ആരും പറയുന്നില്ല. ഇന്ദുലേഖ എഴുതിയ കൈയ്ക്കു പല തെറ്റുകളും പററിയിട്ടുണ്ടായിരിക്കും. 'ഇന്ദുലേഖ'യിലെ കഥാഘടനയിലും പാത്രസൃഷ്ടിയിലും വൈകല്യങ്ങൾ പലതും വന്നിരിക്കും. എങ്കിലും മി. ശങ്കരനുണ്ണി ചെയ്തുകാണുന്നതുപോലെയുള്ള ഒരു നിരൂപണത്തിനു യാതൊരു പ്രസക്തിയും കാണുന്നില്ല. പക്ഷേ, ഇമ്മാതിരിയുള്ള ആക്ഷേപരൂപങ്ങളായ എത്രയെത്ര നിരൂപണങ്ങൾ പുറപ്പെട്ടാലും മലയാളസാഹിത്യത്തിലും മലയാളികളുടെ മനോമണ്ഡലത്തിലും 'ഇന്ദുലേഖ'ക്കു ലഭിച്ചിട്ടുള്ള ഉറച്ച സ്ഥാനത്തിനു യാതൊരിളക്കവും ഉണ്ടാകുമെന്നു തോന്നുന്നില്ല. മലയാളികൾ ചെല്ലുന്ന ദിക്കിലൊക്കെ 'ഇന്ദുലേഖ'യുംകൂടെച്ചെല്ലും; മലയാളഭാഷ ഉള്ള കാലത്തോളം 'ഇന്ദുലേഖ'യും ജീവനോടുകൂടി ഉണ്ടായിരിക്കും.

സി. എസ്സ്. എൻ.

# അരുണയുടെ അനുരാഗം!

"അരുണേ! അരുണേ!"

ചുണ്ടുകളിൽ ഒരോമനപ്പുഞ്ചിരിയോടുകൂടി അരുണ എന്റെ മുമ്പിൽ പ്രത്യക്ഷീഭവിച്ചു.

"അരുണക്കു സോമേശ്വരനെ വിവാഹം കഴിക്കുവാൻ ഇഷ്ടമാണോ?"

അവൾ തലതാഴ്ത്തി, നിലത്തു കാലിന്റെ പെരുവിരൽകൊണ്ടു ചിത്രം വരക്കാൻ തുടങ്ങി.

"അപ്പോൾ അരുണക്കു സമ്മതമാണെന്നാണു ഞാനീലക്ഷണംകൊണ്ടൂഹിക്കേണ്ടതു് അല്ലേ?"

അവളുടെ താഴ്ത്തിയിരുന്ന തല ഉയൎന്നു വന്നു. അപ്പോൾ കണ്ണു നിറഞ്ഞൊഴുകിയിരുന്ന കണ്ണുനീരാണു കണ്ടതു്.

"അരുണേ! നിനക്കു് ഇതു വിരോധമുള്ള കാൎയ്യമാണെന്നു ഞാൻ വിചാരിച്ചിരുന്നേ ഇല്ല. അരുണക്കു് ഇതു സമ്മതമല്ലേ?" ഞാൻ എഴുനേറ്റു് അവളുടെ അടുത്തു ചെന്നു വാത്സല്യപൂൎവ്വം ചോദിച്ചു.

ഇടറിയ സ്വരത്തിൽ അവളിങ്ങിനെ പറഞ്ഞു തുടങ്ങി:— 'അമ്മയും അച്ഛനും ഗോപാലേട്ടനും കൂടെക്കൂടി നിശ്ചയിച്ച കാൎയ്യം, ഞാനെങ്ങിനെയാണു സമ്മതമല്ലെന്നു പറയ്യാ?"

"ഗോപാലേട്ടനെ ഈ കൂട്ടത്തിൽ പെടുത്തേണ്ട അരുണേ!" ഞാൻ അവളുടെ പുറത്തു തടവിക്കൊണ്ടു പറഞ്ഞു തുടങ്ങി, "ഗോപാലേട്ടൻ, വിവാഹം കഴിക്കാൻ പോകുന്ന സ്ത്രീപുരുഷന്മാരുടെ സമ്മതം നോക്കാതെ ഒരു കല്യാണത്തിനും ശ്രമിക്കാറില്ലല്ലോ. വേണെങ്കിൽ ഇപ്പോൾ ഞാൻ വിചാരിച്ചാൽതന്നെ, അരുണേടെ അച്ഛനോടും അമ്മയോടും പറഞ്ഞു് ഈ കാൎയ്യം വേണ്ടെന്നു വെക്കാൻ സാധിക്കും. പറയൂ, അരുണക്കു് എന്താണിതിൽ വിരോധം?"

അവൾ ഒന്നും മിണ്ടാതെ കീഴ്പോട്ടു നോക്കിനിന്നു.

"വേറെ വല്ലവരേയും അരുണ സ്നേഹിക്കുന്നുണ്ടോ?"

വിടൎന്ന കണ്ണുകളോടെ അവൾ മുഖംപൊക്കി. അവളുടെ ചെറുചുണ്ടുകൾ അല്പാല്പം വിറച്ചിരുന്നു.

"പറയൂ അരുണേ! ആരെ സ്നേഹിക്കുന്നുണ്ടെങ്കിലും പറഞ്ഞോളൂ."

"ഗോപാലേട്ടനെ—" വിറച്ചുകൊണ്ടവൾ പറഞ്ഞു നിൎത്തി.

ആശ്ചര്യംകൊണ്ടു ഞാൻ നഖശിഖാന്തം സ്തംഭിച്ചു. മുപ്പത്തിഎട്ടു വയസ്സു പ്രായംചെന്ന ഞാനും പതിന്നാലു വയസ്സു തികയാത്ത അരുണയും! ഇല്ല, ഈ പെൺകിടാവിന്നു സ്നേഹിക്കേണ്ട പ്രായം വരുന്നേയുള്ളു. ഞാൻ മനസ്സിൽ നിശ്ചയിച്ചു. എനിക്കുവേണ്ടി കാത്തിരിക്കുന്ന ശാന്തകുമാരിയുടെ അർത്ഥനാദൃഷ്ടികൾ, എന്റെ ആത്മാവിലേക്കൊരു മിന്നൽ പായിച്ചു. സഹോദരിമാരുടെ വിവാഹം മുതലായ കുടുംബഭാരങ്ങളൊഴിഞ്ഞാൽ ഞാൻ ആ സ്ത്രീയെ വിവാഹം ചെയ്യാമെന്നായിരുന്നു വാക്കു കൊടുത്തിരുന്നതു്. ശാന്തയുടെ സജലനയനങ്ങളോർത്തപ്പോൾ നിമിഷനേരത്തേക്കു് അരുണയോടു് എനിക്കു വെറുപ്പുതോന്നി.

"ഞാൻ......", അരുണ തേങ്ങിക്കൊണ്ടിങ്ങിനെ പറഞ്ഞു തുടങ്ങി......"ഗോ-പാ-ലേ-ട്ടാ!"

അവളുടെ കണ്ണുനീരു് എന്റെ ഹൃദയം അലിയിച്ചു. ഞാൻ കോമളസ്വരത്തിൽ പറഞ്ഞു:— അരുണ ഇപ്പോൾ കുട്ടിയല്ലേ? നിനക്കിപ്പോൾ സ്നേഹിക്കാറായിട്ടില്ലല്ലോ. ഈ പഠിക്കേണ്ട പ്രായത്തു കുട്ടികൾ പഠിക്കുകയല്ലേ വേണ്ടതു്?"

"പഠിക്കുവാൻതന്നെയാണു് എനിക്കിഷ്ടം പക്ഷേ—"

"പക്ഷേ, എന്താണു്? പറഞ്ഞോളൂ അരുണെ!" ഞാൻ അവളുടെ പുറത്തു തടവിക്കൊണ്ടു പറഞ്ഞു.

"ഈ കാര്യം ഇപ്പോൾ വേണ്ടെന്നുവെച്ചാൽ,—"

"ഉവ്വു് അരുണെ! വേണ്ടെന്നു വെക്കുവാൻ സാധിക്കും. ഇനി നാലു കൊല്ലം കഴിഞ്ഞു്, വിവാഹജീവിതത്തിൽ നിനക്കു് ആഗ്രഹം തോന്നുന്ന കാലത്തു മാത്രമേ ഞങ്ങൾ അതിന്നിനി ശ്രമിക്കുകയുള്ളു. അതുവരേക്കും അരുണ എന്തെങ്കിലും പഠിച്ചുകൊണ്ടിരിക്കണം. സ്കൂൾ ഫൈനൽ പാസ്സായാലും കുറച്ചു ഹിന്ദിയും പാട്ടും പഠിച്ചുകൂടേ?"

"ഉവ്വു്, എനിക്കു ഹിന്ദി പഠിക്കുവാൻ വളരെ മോഹമുണ്ടു്." അവൾ തിളങ്ങുന്ന കണ്ണുകളോടെ എന്നെ നോക്കി പറഞ്ഞു.

* * *

വളരെക്കാലമായി, ഞാൻ അരുണയുടെ വീട്ടിലാണു സ്ഥിരതാമസം. എന്റെ സഹോദരപത്നിയായ, അവളുടെ അമ്മയെ ഞാൻ 'ചേച്ചി' എന്നു വിളിക്കും; അരുണ എന്നെ 'ഗോപാലേട്ടനെ'ന്നും. ഞാൻ അവരുടെ വീട്ടിൽ എത്രതന്നെ സ്വാതന്ത്ര്യം കാണിച്ചാലും ചേച്ചിക്കുള്ളു സന്തോഷമായിരുന്നു. ഒരു ടൈപ്പിസ്റ്റായ എനിക്കു മാസ

ത്തിൽ അമ്പതുറപ്പിക ശമ്പളം കിട്ടിയിരുന്നു. അതിൽ, പകുതി ചേച്ചിക്കു വീട്ടു ചിലവിലേക്കുള്ളതും ബാക്കി എൻെറ സ്വന്തം ആവശ്യങ്ങൾക്കുള്ളതുമായിരുന്നു. ജ്യേഷ്ഠന്നു് ഉദ്യോഗമൊന്നുമില്ലാതിരുന്നതുകൊണ്ടു് എനിക്കു് ആ കുടുംബത്തോടുള്ള ബന്ധവും കടപ്പാടും കൂടുതലുണ്ടെന്നു തോന്നി. അദ്ദേഹത്തിൻെറ സ്മരണക്കുള്ള ഏക വസ്തുവായ അരുണയെ ഞാൻ എൻെറ സ്വന്തം അനുജത്തിയെപ്പോലെ സ്നേഹിച്ചു. അതുകൊണ്ടാണു് അവളുടെ വിവാഹകാൎയ്യത്തിൽ കൂടി തലയിടുവാൻ ഞാൻ ഒരുമ്പെട്ടതു്. എന്നാൽ കാൎയ്യം അത്ര സുസാദ്ധ്യമായി തോന്നിയില്ല.

പതിനെട്ടു വയസ്സു തികഞ്ഞ ഒരു യുവതിയായിതീൎന്നു അരുണ. ഇപ്പോഴും അവൾ "ഗോപാലേട്ടാ," എന്നു വിളിച്ചു് കിണുങ്ങി കൊഞ്ചി ഓടിവരുകയും അല്പാല്പം നരകയറിയ എൻെറ തല പിടിച്ചു് കുലുക്കുകയും ചെയ്യാറുണ്ടു്. പക്ഷെ, എൻെറ ഹൃദയം ദിവസം ചെല്ലുംതോറും കരിങ്കല്ലിൻെറ സ്വഭാവവിശേഷത്തോടുകൂടിയതായി രൂപാന്തരപ്പെട്ടുകൊണ്ടിരുന്നു.

"ഗോപാലമേനോൻ, എന്താ, 'ബാച്ചിലറായി' തന്നെയാണൊ കഴിഞ്ഞുകൂടുവാൻ വിചാരിക്കുന്നതു്?" എന്നു വല്ല സ്നേഹിതന്മാരും വല്ലപ്പോഴും ചോദിക്കുമ്പോൾ, എനിക്കു അവരോടു ഈ ഒരൊററ മറുപടിയേ പറയുവാനുള്ളു:— "ഞാൻ സ്നേഹിച്ചിരുന്ന പെൺകുട്ടി—തൻെറ ജീവനെ കൂടുതലായി എന്നെ ഇങ്ങോട്ടും സ്നേഹിച്ചിരുന്ന പെൺകുട്ടി—മറെറാരാളുടെ കൂടെ ഓടിപ്പോയ സ്ഥിതിക്കു്, ഞാനിതുവരെ സ്നേഹിക്കാത്ത പെൺകുട്ടിയെ വിവാഹം ചെയ്യുവാൻ, കുറച്ചാലോചിച്ചുവേണം" എൻെറ മറുപടി കേട്ടാൽ ചിലർ പുച്ഛിച്ചു് ചിരിച്ചിട്ടു് പറയും "കൊണ്ടെ മൂഢാ, തൻെറ അനുരാഗവും മണ്ണാങ്കട്ടയുമൊക്കെ."

* * *

ഉദ്ദേശം പത്തു നാല്പത്തിരണ്ടു വയസ്സുകാരനായ ഞാൻ; യാതൊരു കൂസലും കൂടാതെ—സമയഭേദം നോക്കാതെ— അകത്തെല്ലായിടത്തും സഞ്ചരിക്കുമ്പോഴൊ അരുണയുമായി കളിച്ചു ചിരിക്കുമ്പോഴൊ, ചേച്ചിയ്ക്കു് യാതൊരാശങ്കയുമുണ്ടായിരുന്നില്ല. എന്നാൽ ഇടയ്ക്കെല്ലാം അവരിങ്ങനെ ഓൎമ്മപ്പെടുത്താറുണ്ടു്. "ഗോപാലൻകുട്ടീ, അരുണേടെ കാൎയ്യം ഒന്നു് അമാന്തിക്കാതിരിയ്ക്കണെ—"

* * *

ഒരു സായാഹ്നത്തിൽ ഞാൻ പാൎക്കിൽപോയി തിരിച്ചുവന്ന

പ്പോൾ, എന്റെ മനസ്സ് പതിവിലധികം വികാരദ്യോതകമായിരുന്നു. ശാന്തയെ എനിക്കു് കടൽപ്പുറത്തു വെച്ച് ഒരു നോക്കു കാണുവാൻ സാധിച്ചു. ആ കുടില ഹൃദയ എന്നെ നോക്കി പുഞ്ചിരിയിടുവാൻ കൂടി ധൈര്യപ്പെട്ടു. വീട്ടിൽ എത്തുന്നതുവരെ ശാന്തയും അരുണയും എന്റെ ഹൃദയത്തിൽ ഘോരമായ സമരം നടത്തുകയായിരുന്നു. വീട്ടിലേക്കു കാലെടുത്തു കുത്തിയ ഉടൻ ഞാൻ ചേച്ചിയെ വിളിച്ചുപറഞ്ഞു—"ചേച്ചി! ചേച്ചി! ഇന്നെനിക്കു് ചായ വേണ്ട."

വൈകുന്നേരം ഞാൻ ചായ കഴിക്കാത്ത ദിവസങ്ങളിൽ, "എന്റെ ചായ അരുണക്കു കൊടുത്തേക്കു" എന്നു പറയാറുണ്ടു്. അവൾ അതു കേൾക്കേണ്ട താമസം ഓടിവന്നു് അതു വാങ്ങി കഴിക്കുകയും ചെയ്യും. ഇന്നു ഞാൻ എന്തോ കാരണങ്ങളാൽ അതു പറയുകയുണ്ടായില്ല. എന്റെ വരവും കാത്തിരിക്കാറുള്ള അരുണയെ അവിടെ കണ്ടതുമില്ല.

ആദ്യം ഞാനെന്റെ വായനമുറിയിലേക്കാണു് പോയതു്. അവിടെ ഇരുന്നു അല്പം വായിച്ചതിനുശേഷം അരുണയെ അന്വേഷിച്ചു് ഞാൻ അവളുടെ മുകളിലെ മുറിയിലേക്കു പോയി. അവിടെ അരുണ ഒരു കസേരയിലിരുന്നു പുസ്തകം നോക്കുകയായിരുന്നു. എന്നെ കണ്ട ഉടനെ അവൾ പുസ്തകവും കൊണ്ടു്, ഒരക്ഷരവും മിണ്ടാതെ താഴത്തേക്കിറങ്ങിപ്പോയി.

ഇങ്ങിനെ ഒരാഴ്ച കഴിഞ്ഞു. അരുണ എന്നെ കണ്ടാൽ ഓടിപ്പോകും. ചേച്ചിയുടെ ആവലാതി ജ്യേഷ്ഠന്റെ അടുത്തുകൂടി എത്തി അരുണയൊന്നും കഴിക്കുന്നില്ല; അവളുടെ ദേഹം വല്ലാതെ പടച്ചുതുടങ്ങി, എന്നൊക്കെ. എനിക്കും അതു വാസ്തവമായിതോന്നി. അവളുടെ മുഖത്തിനു വല്ലാത്ത വാട്ടവും ദേഹത്തിനു ക്ഷീണവും ഉണ്ടായിരുന്നു. എന്നാലും അവൾ ദിവസംതോറും സുന്ദരിയായി വന്നു.

ഒരു ദിവസം ഞാൻ ശബ്ദമുണ്ടാക്കാതെ അരുണയുടെ മുറിയിൽ കടന്നുചെന്നു് അവളുടെ കൈപിടിച്ചു ചോദിച്ചു—

"അരുണയ്ക്കെന്തു പററി? ഞാനെന്തു തെററാണു ചെയ്തതു്. എന്നെ ഇങ്ങിനെ വെറുക്കത്തക്കവണ്ണം"

അവൾ കൈ വിടുവിക്കുവാൻ ശ്രമിച്ചുകൊണ്ടു് ഇങ്ങിനെപറഞ്ഞു—"തെററുപററിയതു മുഴുവൻ എനിക്കാണു്. ഞാൻ അതിനു പ്രായശ്ചിത്തം ചെയ്യുന്നുവെന്നേയുള്ളു. പക്ഷേ, എതിർക്കുന്നതിനു ശക്തിയില്ലാതാകുകയാണു് ഇപ്പോൾ ഈ ചെയ്യുന്നതു്." അവളുടെ മുഖം ചെന്താമരപ്പൂപോലെ തുടുത്തു.

കുറച്ചു ദിവസങ്ങളായി അവളുടെ യൌവ്വനവും സൌന്ദൎയ്യവും എന്നെ ആകൎഷിക്കുവാൻ തുടങ്ങിയിരുന്നു. സാകൂതം ഞാനവളെ കുറെക്കൂടി ചേൎത്തു നിൎത്തിയിട്ടു ചോദിച്ചു —

"ഞാൻ നിന്നെ സ്നേഹിക്കുന്നു അരുണെ. നീയെന്നെ ഭാഗ്യവാനാക്കിത്തീൎക്കുമോ?"

"എന്നെ ഉപദ്രവിക്കാതിരുന്നാൽ എനിക്കു വല്ലതും പറയുവാൻ കഴിഞ്ഞു എന്നുവരും." അവൾ കൈവിടുൎത്തി ദൂരെ നീങ്ങി നിന്നുകൊണ്ടു പറഞ്ഞു— "എന്നെയല്ല; എന്റെ സൌന്ദൎയ്യത്തിനെ സ്നേഹിക്കുന്നു. കഷ്ടം! എന്നെപ്പോലെ ഭാഗ്യമില്ലാത്തവളായി ഈ ലോകത്തിൽ ആരുമുണ്ടാവില്ല" അവൾ പൊട്ടിക്കരഞ്ഞു.

"അരുണെ, ഞാൻ നിന്നെ ആത്മാൎത്ഥമായി സ്നേഹിക്കുന്നു. ഇതു വാസ്തവമാണു്."

"എന്റെ യൌവ്വനമുള്ളേടത്തോളം കാലം നിങ്ങളെന്നെ സ്നേഹിക്കും—" മുഴുവൻ പറയുന്നതിന്നു മുമ്പു് അവളുടെ ഇടനെഞ്ചു പൊട്ടി.

"എന്റെ അരുണെ, എനിക്കു മാപ്പുതരൂ. ഞാൻ നിന്റെ കാലുപിടിയ്ക്കാം. എനിക്കു നിയ്യിങ്ങിനെ ദുഃഖിക്കുന്നതു കാണാൻ വയ്യ."

"ഇത്ര നാളും ഗോപാലേട്ടന്നിതു കാണാൻ കഴിഞ്ഞില്ലേ? ഇനി അധികനാൾ വേണ്ടിവരികയുമില്ല. എന്റെ സൌന്ദൎയ്യം സ്ഥിരമല്ല. അതിനും പുറമേ, എന്റെ മനോവേദന അതിന്നു സഹായിക്കുകയും ചെയ്യും."

വേദനാജന്യമായ ഒരു തരം രൂക്ഷദൃഷ്ടിയോടെ എന്നെ നോക്കിക്കൊണ്ടു് അവൾ താഴത്തേക്കിറങ്ങിപ്പോയി.

* * *

അന്നു മുതല്ക്കു് ഒരു വല്ലാത്ത സ്വാസ്ഥ്യം എന്നെ ബാധിച്ചു. എന്റെ സഹോദരന്റെ ഏകസന്താനം, കാമനീയമായ അരുണ—എന്റെ മനസ്സിൽനിന്നും മായാത്ത ഒരു മൂൎത്തിയായി.

അനുരാഗത്തിന്റെ പരിശുദ്ധത, ഇത്രയും കഠോരമായ രൂപം കൈക്കൊള്ളുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ഞാൻ അവളോടു് അടുക്കുവാൻ ശ്രമിക്കുംതോറും അവൾ എന്റെ നിഴലിൽ നിന്നുതന്നെ അകന്നുകൊണ്ടിരുന്നു.

ഒരു ദിവസം ഞാൻ ഏററവും നിരാശാഭരിതനായി ചേച്ചിയോടിങ്ങിനെ പറഞ്ഞു— "ചേച്ചി, ഞാൻ നാടുവിട്ടു വല്ലേടത്തേയ്ക്കും കടന്നുപോവണമെന്നാണു വിചാരിക്കുന്നതു്."

അടുത്ത മുറിയിൽതന്നെ അരുണ ഇരിക്കുന്നുണ്ടായിരുന്നു. ചേച്ചി കൂട്ടാൻകഷ്ണം നുറുക്കുകയായിരുന്നു. അവരിങ്ങിനെ ശ്രദ്ധയില്ലാതെ പറഞ്ഞു— "ആണുങ്ങളല്ലായാൽ അവൾക്കു വീട്ടിലിരിക്കാൻ ഇഷ്ടമുണ്ടാവില്ല. അവൾക്കു നാടുവിട്ടുപോണം. എന്നെ സുഖമുണ്ടാവുള്ളു."

എന്നാൽ അരുണെസ്സ്ലീക്കൊഴ്ച്ചതിൽ അശ്രദ്ധയല്ല തോന്നിയതു്. അന്നു വൈകുന്നേരം ഞാനെൻെറ വായനമുറിയിൽ ഇരിക്കുമ്പോൾ അവൾ അങ്ങോട്ടു കടന്നുവന്നു. മനോവേദനയുടെ ആധിക്യത്താൽ, ഞാൻ ഹൃദയം തുറന്നു കരയുകയായിരുന്നു. അരുണ നിമിഷനേരം അതു നോക്കിനിന്നു. എന്നിട്ടു വിക്കിപറഞ്ഞു— "ഗോപാലേട്ടാ",

ഞാൻ മുഖമുയർത്തി. അരുണയുടെ കണ്ണിൽ വെള്ളം നിറച്ചു നില്ക്കുന്നു.

"ഗോപാലേട്ടൻ നാടുവിട്ടുപോണു അരുണെ. ഗോപാലേട്ടനെ നിനക്കു കുറച്ചെങ്കിലും ഇഷ്ടമുണ്ടെങ്കിൽ നീ സന്തോഷമായിരിക്കണം."

അവൾ തേങ്ങിക്കരഞ്ഞുകൊണ്ടു് എൻെറ കാല്ക്കൽ കുഴഞ്ഞുവീണു. "എനിക്കു മാപ്പു്, ഗോപാലേട്ടാ, ഞാൻ—ഞാൻ."

"നീ എന്നെ സ്നേഹിക്കുന്നുവോ, അരുണെ?" സാഹ്ലാദം ഇങ്ങിനെ ചോദിച്ചുകൊണ്ടു ഞാൻ അവളെ എഴുന്നേല്പിച്ചു കെട്ടിപ്പുണൎന്നു. അവളുടെ പേലവാധരങ്ങൾ എൻെറ ചെകിട്ടിൽ എന്തോ മന്ത്രിച്ചു. ഞങ്ങൾ അങ്ങിനെയാത്മനിവൃതിയടഞ്ഞു.

എം. ബാലാദേവി.

# പെരുവഴിയിൽവെച്ചു.

(തുടൎച്ച)

സവ്വ— (എഴുന്നേററിരുന്നു) കുട്ടികളേ, ചെകുത്താനെപ്പററിയൊന്നും സംസാരിക്കരുതു്. എൻെറ കൂട്ടരേ, പാപമാണതു്!

മെറിക്ക്— ങ്ഹാ നരച്ച താടിക്കാരൻ! അസ്ഥിക്കൂടം! (ചിരിക്കുന്നു.) ചുടലയിലേക്കു പോകേണ്ട. പ്രേതങ്ങൾ നമ്മോടു തത്വോപദേശത്തിന്നു നിലത്തുനിന്നു് ഇഴഞ്ഞു കയറും. ഹോ, ഒരു പാപം! നിങ്ങൾ നിങ്ങളുടെ നിസ്സാരധാരണകളുംകൊണ്ടു് ഉപദേശത്തിന്നു പുറപ്പെടേണ്ട. ഇരുട്ടിൽ ജീവിക്കുന്ന ഒരന്തമില്ലാത്ത കൂട്ടരാണു നിങ്ങൾ... (ഒരു പൈപ്പു കത്തിക്കുന്നു.) എൻെറ അച്ഛൻ ഒരു നാടനായിരുന്നു. അദ്ദേഹത്തിന്നും ഇടക്കൊക്കെ പ്രസംഗിക്കാൻ താല്പൎയ്യമായിരുന്നു. ഒരു ദിവസം രാത്രി അദ്ദേഹം പുരോഹിതൻെറ വീട്ടിൽനിന്നു് ഒരു ചാക്കു് ആപ്പിൾപ്പഴം കട്ടു, ഞങ്ങളുടെ അടുത്തു കൊണ്ടുവന്നുവെച്ചു പറഞ്ഞു, "മനസ്സിരുത്തണം; ഇതാ, കുട്ടികളേ, പള്ളിയിലെ "ആപ്പിൾ അനുഗ്രഹദിവസം" കഴിയുന്നതിന്നു മുമ്പു, നിങ്ങൾ ഒരൊററ ആപ്പിൾപ്പഴംപോലും തൊട്ടുപോകരുതു്. കാരണം, അതൊരു പാപമാണു്." നിങ്ങൾ പറഞ്ഞതുപോലെത്തന്നെയാണതു്. ഒരാൾ ചെകുത്താനെപ്പററി മിണ്ടാൻ പാടില്ല; എന്നാൽ അയാൾക്കു ചെകുത്താനാവാം... ഉദാഹരണത്തിന്നു്, ഇവിടെയുള്ള ഈ മൂധേവിയെ എടുത്തു നോക്കു (യെഫിമോവ്നയെ ചൂണ്ടിക്കാണിച്ചു്); അവൾ എന്നിൽ ചെകുത്താനെ കണ്ടു; എന്നാൽ അവൾ അവളുടെ സ്ത്രീസഹജമായ വിഡ്ഢിത്തംകൊണ്ടു്, അവളുടെ നല്ല കാലത്തു്, അവളുടെ ആത്മാവിനെ ഒരാറു തവണ ചെകുത്താന്നു കൊടുത്തിട്ടുണ്ടെന്നു ഞാൻ വാതുവെക്കാം...

യെഫിമോവ്ന— ഫൂ, ഫ്രൂ ഫൂ! ... കുരിശിൻെറ ശക്തി ഞങ്ങളുടെ കൂടെ ഉണ്ടായിരിക്കട്ടെ! (മുഖം കൈകൊണ്ടു പൊത്തുന്നു.) പ്രിയപ്പെട്ട സവ്വ!

ടിഹോണ്— നിങ്ങളെന്തിന്നാണു് അവരെ മെരട്ടുന്നതു്? സ്വയം വിനോദിക്കാൻ, ഒരു പററിയ വിദ്യ! (വാതിൽ കാററുകൊണ്ടു ശബ്ദിക്കുന്നു.) നമുക്കു് ഈശ്വരൻെറ ദയയുണ്ടാവട്ടെ! എന്തൊരു കാററാണു്.

മെറിക്ക്— (നീണ്ടുനിവൎന്നു) എനിക്കു് എൻെറ ശക്തി കാണിച്ചാൽ കൊള്ളാമെന്നുണ്ടു്. (വാതിൽ കാററുകൊണ്ടു ശബ്ദിക്കുന്നു.) കുശ പിശക്കുടാൻ...ആ കാററു്! അയാൾക്കു് ആ വാതിൽ വലിച്ചെടു ക്കാൻ കഴിയില്ല; എന്നാൽ, ഞാൻ വേണമെന്നു തോന്നിയാൽ, ആ ചാരായക്കടതന്നെ വലിച്ചിടാം. (എഴുന്നേററു വീണ്ടും കിടക്കുന്നു) ഞാനത്രമേൽ വ്യസനാകുലനായിരിക്കുന്നു!

നസറോവ്ന— പ്രിയപ്പെട്ട ചങ്ങാതി, ഒരു പ്രാൎത്ഥന ചൊല്ലു! എന്തു പ്രയോജനമാണു്, തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടു്?

യെഫിമോവ്ന— അദ്ദേഹത്തെ തൊടണ്ട, ഉപദ്രവിക്കണ്ട! അയാൾ പിന്നേയും നമ്മുടെ നേരെ നോക്കുകയാണു്! (മെറിക്കിനോടു്) ഞ ങ്ങളുടെ നേരെ നോക്കരുതു്, ദുഷ്ട! അയാളുടെ കണ്ണുകൾ!...രാപ്പി ശാചുക്കളുടെ കണ്ണുകൾപോലെയാണു്, അയാളുടെ കണ്ണുകൾ!

സവ്വ— തീൎത്ഥയാത്രക്കാരികളേ, അയാൾ നോക്കിക്കോട്ടെ! ഒരു പ്രാൎത്ഥ ന ചൊല്ലൂ, എന്നാൽ ഒരു പൈശാചനോട്ടവും നിങ്ങളുടെ മേലേശില്ല!

ബോർട്സോവ്— ഇല്ല, എനിക്കിതു സഹിക്കാൻ വയ്യ. അതു വേണ്ട തിലധികമായി! (മേശക്കടുത്തു ചെന്നു) ഹേ ടിഹോണ്ട് അവസാന മായി ഞാൻ നിങ്ങളോടു യാചിക്കുന്നു...ഒരു ഗ്ലാസ്സ്!

ടിഹോങ്ങ്— (തലയിളക്കീട്ടു്) പണം റൊക്കം!

ബോർട്സോവ്— എൻെറ ഈശ്വരാ, അപ്പോൾ ഞാൻ നിങ്ങളോടു പറഞ്ഞു കഴിഞ്ഞല്ലോ! കുടിക്കാനായി എല്ലാം തൽപ്പണംവെച്ചു നി ങ്ങൾക്കു് അതെങ്ങിനെ തരാനാണു്? ഒരു തുള്ളി ചാരായം കടം തന്നതുകൊണ്ടൊന്നും നിങ്ങൾ മുടിയുകയുമില്ല, ഉവ്വോ? ഒരു ഗ്ലാസ്സ് ചാരായത്തിന്നു് ഒരു ചെമ്പുതുട്ടേ വില വരുള്ളു; എന്നാൽ, എന്നെ അതു വേദനയിൽനിന്നു രക്ഷിക്കും, ഞാനൊരു തീവ്രനോവിൽ പ്പെട്ടിരിക്കുന്നു! ഇതൊരു ഭ്രമമല്ല; ഇതൊരു തീവ്രവേദനയാണു്. ഒന്നു മനസ്സിലാക്കൂ!

ടിഹോങ്ങ്—പോയി വേറെ വല്ലവരോടും പറയൂ അതു്; എന്നോടല്ല... പോയി ഇട്ടിക്കിലുള്ള നല്ല ആളുകളോടു ചോദിക്കൂ; ക്രിസ്തുവിനെ വി ചാരിച്ചു്, അവൎക്കു വേണമെന്നുണ്ടെങ്കിൽ, അവർ നിങ്ങളെ ചി കിത്സിച്ചുകൊള്ളട്ടെ; എന്നാൽ ഞാൻ ധൎമ്മമായിട്ടു ഭക്ഷണം മാത്രമേ കൊടുക്കാറുള്ളു.

ബോർട്സോവ്— നിങ്ങൾക്കവരെ തോല്പിയ്ക്കാം, പാവങ്ങൾ! എന്നാൽ ഞാൻ—ഇല്ല, നിങ്ങളോടു നന്ദി പറയുന്നു. അവരെ കൊള്ളയിടുന്നതു് എനിയ്ക്കു യോജിച്ചതല്ല. എനിയ്ക്കു യോജിച്ചതല്ല! മനസ്സിലായോ, നിങ്ങൾക്കു്? (മേശമേൽ കൈ ചുരുട്ടി ഇടിയ്ക്കുന്നു) അതെനിയ്ക്കു യോജിച്ചതല്ല! (ഒരു നിശ്ശബ്ദം) ഹും! . . . ഒരു നിമിഷം ക്ഷമിയ്ക്കു . . . (തീത്ഥയാത്രക്കാരുടെ നേരെ തിരിഞ്ഞു) അപ്പോൾ അതൊരുപായമാണു്! നല്ല ആളുകളെ, നിങ്ങളെനിയ്ക്കു് ഒരു ചെമ്പുതുട്ടു തരുമോ? എന്റെ ആത്മാവു് അതിന്നു് ആത്തിപ്പെടുന്നു. എനിയ്ക്കു സുഖമില്ല!

ഫെഡ്യ— പിന്നെ വല്ലതും . . . തെമ്മാടി . . . നിങ്ങൾ വെള്ളത്തിന്നു വിലവെയ്ക്കുന്നില്ലെന്നു ഞാൻ കരുതുന്നു?

ബോർട്സോവ്— ഞാൻ എന്നെ എങ്ങിനെ ഇടിച്ചു താഴ്ത്തുന്നു! എന്നെ എങ്ങിനെ ഇടിച്ചു താഴ്ത്തുന്നു! എനിയ്ക്കതാവശ്യമില്ല. എനിയ്ക്കു യാതൊന്നും ആവശ്യമില്ല . . . ഞാൻ നേരംപോക്കു പറകയായിരുന്നു!

മെറിക്ക്— പ്രഭോ, അങ്ങയ്ക്കു് അവനിൽനിന്നു് അതു കിട്ടില്ല. നമ്മക്കെല്ലാവക്കുമറിയാം. അവനൊരു അരക്കനാണെന്നു് . . . ഒരിത്തിരിനേരം ക്ഷമിയ്ക്കു! എന്റെ കയ്യിലെങ്ങോ ഒരു ചെമ്പുതുട്ടു കാണണം. . . . നമുക്കു രണ്ടു പേക്കുംകൂടി ഒരു ഗ്ലാസ്സു കുടിയ്ക്കാം . . . (കീശയിൽ തപ്പുന്നു) അതു തുലഞ്ഞു! ഞാനതെങ്ങാനും കളഞ്ഞുവോ? അന്നൊരു ദിവസം എന്റെ കീശയിൽ എന്തോ ഒന്നു കിലുങ്ങിയതു കേട്ടതുപോലെ തോന്നി . . . ഇല്ല, എന്റെ കയ്യിലൊന്നുമില്ല,—ചങ്ങാതി . . . നിങ്ങളുടെ ഭാഗ്യക്കേടു്! (ഒന്നു നിത്തി)

ബോർട്സോവ്— എനിയ്ക്കൊന്നു കുടിയ്ക്കണം. അല്ലെങ്കിൽ ഞാൻ എന്തെങ്കിലും സാഹസം പ്രവത്തിക്കും, അല്ലെങ്കിൽ ആത്മഹത്യ ചെയ്യും! . . . എന്റെ ഈശ്വരാ! ഞാനെന്താണു ചെയ്യേണ്ടതു്? (വാതില്ക്കലേയ്ക്കു നോക്കുന്നു) ഞാൻ പോയാലോ? പുറത്തെ ഇരുട്ടിലേയ്ക്കു കടക്കുകതന്നെ, പിന്നെ വിധി കൊണ്ടുപോകുന്നേടത്തേയ്ക്കും . . .

മെറിക്ക്— ഹേ തീത്ഥയാത്രക്കാരികളേ, നിങ്ങൾ അയാളോടു് ഒരു സുവിശേഷപ്രസംഗം ചെയ്യാത്തതെന്താണു്? അപ്പോൾ, ടിഹോണ്, നിങ്ങൾ എന്തെ അയാളെ ആട്ടിപ്പായിയ്ക്കാത്തതു്? അയാൾ രാത്രി താമസിയ്ക്കാനുള്ള വാടകതന്നിട്ടില്ല, ഉവ്വോ? അയാളെ ആട്ടിപ്പായി

ക്കു്, ഒരു തല്ലുകൊടുക്കു, അയാളെ! ഹാ, ആളുകളെല്ലാം ഈയിടെ വെച്ച് ക്രൂരന്മാരായിരിക്കുന്നു! അവരിൽ യാതൊരു മയവും, ദയയുമില്ല... ആളുകൾ മൃഗപ്രായരാണ്. ഒരാൾ മുങ്ങിച്ചാകാൻ തുടങ്ങുന്നു. അപ്പോൾ അവർ അയാളോടു കൂക്കിവിളിക്കുന്നു, വേഗമാവട്ടെ താഴ്ന്നുപോവും; ഞങ്ങൾക്കു നിങ്ങളെ നോക്കിക്കൊണ്ടു നില്ക്കാൻ സമയമില്ല ഇന്നു പ്രവൃത്തിദിവസമാണ്? അയാൾക്കൊരു കയറെറിഞ്ഞു കൊടുക്കാൻ! -അതിന്നുള്ള അവസരമേ ഇല്ല ... ഒരു കയറിന്നു കാശു വേണം...

സെല്ല— ഹേ നല്ല മനുഷ്യ, വിധി കല്പിക്കാതിരിക്കൂ!

മെറിക്ക്— നാവടക്കു, തന്തച്ചെന്നായേ! നിങ്ങളെല്ലാം ക്രൂരരാണ്! ഹെറോസുകാർ! ജൂഡാസുകാർ! (ടിഹോങ്ങിനോടു) ഇങ്ങോട്ടു വരു! എന്റെ ബൂട്ട്സുകളെടുത്തുകൊള്ളു. വേഗമാവട്ടെ!

ടിഹോങ്ങ്— എയ്, അയാൾ പോവുകയല്ലേ? (ചിരിക്കുന്നു) നിങ്ങളൊരു ഭയങ്കരനാണ്!

മെറിക്ക്— ഇങ്ങോട്ടുവരു, ഞാൻ നിങ്ങളോടു പറയുന്നു! വേഗം! (ഒന്നു നിർത്തി) നിങ്ങൾക്കു കേൾക്കാനില്ലേ? ചുമരുകളോടാണോ ഞാൻ സംസാരിക്കുന്നതു്? (എഴുന്നേല്ക്കുന്നു.)

ടിഹോങ്ങ്— വരു, വരു!... അല്പമേ വേണ്ടു!

മെറിക്ക്— ഞാനൊരു തെണ്ടിയും യാചകനുമാണെങ്കിലും, ഹേ ചോര കുടിയ, നിങ്ങളോടു് എന്റെ ബൂട്ട്സുകൾ അഴിച്ചെടുത്തുകൊള്ളാൻ ഞാൻ ആവശ്യപ്പെടുന്നു.

ടിഹോങ്ങ്— വരു, വരു!... ശുണ്ഠി എടുക്കേണ്ട! വന്നു് ഒരു ഗ്ലാസ്സു കുടിച്ചുകൊള്ളു... വന്നു് ഒന്നു കുടിച്ചുകൊള്ളു!

മെറിക്ക്— ഹേ നല്ല ആളുകളേ, ഞാനാവശ്യപ്പെടുന്നതെന്താണ്? അയാൾ എന്നെ ചാരായം സൽക്കരിക്കണമെന്നോ, അതോ, അയാൾ എന്റെ ബൂട്ട്സുകളഴിച്ചെടുക്കണമെന്നോ? ഞാൻ വ്യക്തമായി പറഞ്ഞില്ലേ? ഞാൻ പറഞ്ഞതു ശരിയല്ലേ? (ടിഹോങ്ങിനോടു) ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടില്ലെന്നു ഞാൻ കരുതുന്നു? ഞാനൊരു നിമിഷം കാക്കാം. ഒരു പക്ഷേ നിങ്ങൾ കേട്ടേക്കും.

(തീർത്ഥയാത്രക്കാരുടെ ഇടയിലും വഴിപോക്കരുടെ ഇടയിലും എന്തോ ഒരു ലഹള. അവർ എഴുന്നേററു ടിഹോങ്ങിന്റെ നേക്കും മെറിക്കിന്റെ നേക്കും നിശ്ശബ്ദമായ പ്രതീക്ഷയോടുകൂടി നോക്കുന്നു.)

ടിഹോങ്ങ്— ഒരു ദുഷിച്ച കാററാണു നിങ്ങളെ കൊണ്ടുവന്നതു്;

(മേശയ്ക്കു പിന്നിൽനിന്നു വരുന്നു) ഒരു നല്ല മാന്യൻ, സംശയമില്ല! അവരിവിടെ എവിടെയാണു്? (മെറിക്കിന്റെ ബൂട്ട്സുകൾ വലിച്ചെടുക്കുന്നു.) നിങ്ങൾ കെയിനിന്റെ കൂടപ്പിറപ്പാണു്!...

മെറിക്ക്— അങ്ങിനെതന്നെ. അവ അടുത്തെടുത്തു വെയ്ക്കൂ... അതു ശരിയാണു്... നിങ്ങൾക്കു പോകാം!

ടിഹോങ്ങ്— (മെറിക്കിന്റെ ബൂട്ട്സുകളഴിച്ചെടുത്തു പണം വെയ്ക്കുന്ന മേശയ്ക്കടുക്കലേയ്ക്കു പോകുന്നു) നിങ്ങൾക്കു സൊള്ളു പറയാൻ വലിയ ഇഷ്ടമാണല്ലോ. നിങ്ങളുടെ ആ സൊള്ളു പറയൽ എനിയ്ക്കു തന്നു കളയൂ, എന്നാൽ നിങ്ങൾ ഉടനെ പുറത്തേയ്ക്കു പറക്കുന്നതായിരിയ്ക്കും! ഉവ്വ് (അടുത്തുവരുന്ന ബോർട്സ്സോവിനോടു്) നിങ്ങൾ പിന്നേയും അതിന്റെ നേക്കാണോ?

ബോർട്സ്സോവ്— ഇതു നോക്കു്, ഒരു വിലപിടിച്ച സാധനം നിങ്ങൾക്കു തരാൻ എനിയ്ക്കൊരു പക്ഷേ കഴിയും... നിങ്ങൾക്കിഷ്ടമുള്ള പക്ഷം ഞാൻ...

ടിഹോങ്ങ്— നിങ്ങൾ ഇടറുന്നതെന്താണു്? വ്യക്തമായി പറയൂ!

ബോർട്സ്സോവ്— എന്നെസ്സംബന്ധിച്ചേടത്തോളം അതു നീചവും നികൃഷ്ടവുമാണു്. എന്നാൽ അതിന്നു യാതൊരു നിവൃത്തിയുമില്ല... ഞാനല്ല അതു ചെയ്യുന്നതിന്നു് ഉത്തരവാദി... ഇതിന്നു വിചാരണ ചെയ്യപ്പെട്ടാൽ, ഞാൻ വിട്ടുപോകും... ഇതെടുത്തോളൂ, ഞാൻ പട്ടണത്തിൽനിന്നു തിരിച്ചുവരുമ്പോൾ, ഇതു എനിയ്ക്കു തിരിയെ തരാമെന്ന ഒരു വ്യവസ്ഥയിന്മേൽ മാത്രമേ പാടുള്ളൂ. ഞാനിതു സാക്ഷികളുടെ മുമ്പിൽവെച്ചു നിങ്ങൾക്കു തരുന്നു... സ്നേഹിതന്മാരേ, നിങ്ങൾ സാക്ഷികളായിരിയ്ക്കും. (മാറത്തുള്ള കീശയിൽനിന്നു് ഒരു സ്വർണ്ണലോക്കറ്റെടുക്കുന്നു) ഇതാ... ഇതിന്മേലുള്ള പടം എനിയ്ക്കെടുക്കണം, എന്നാൽ എനിയ്ക്കതു എവിടേയും വെയ്ക്കാനില്ല: ഞാനാകെ നനഞ്ഞിരിയ്ക്കുന്നു... ആട്ടെ, പടത്തോടുകൂടി എടുത്തോളൂ അതു്. ഒന്നു മാത്രം നിങ്ങൾ മനസ്സിരുത്തണം... നിങ്ങളുടെ കൈവിരലുകൾ അതിന്മേൽ തട്ടിയ്ക്കരുതു്. ദയ ചെയ്യു്... ...എന്റെ പ്രിയപ്പെട്ട മനുഷ്യ, ഞാൻ നിങ്ങളോടു മര്യാദയില്ലാതെയാണു പെരുമാറിയതു... എന്റെ ബുദ്ധി മന്ദിച്ചിരുന്നു; എന്നാൽ, നിങ്ങൾ എനിയ്ക്കു മാപ്പുതരണം; പിന്നെ... അതിന്മേൽ വിരൽ തട്ടരുതു്... നിങ്ങളുടെ കണ്ണുകൾ അതിന്റെ നേക്കു വയ്ക്കണമെന്നില്ല എനിക്കു... (ടിഹോങ്ങിന്നു ലോക്കറ്റു കൊടുക്കുന്നു)

(തുടരും)

# ഭാഷാവിഷയം.

## കിഞ്ചിച്ഛേഷം.

പ്രമാദമായ 'രാഷ്ട്രീയ' വാദം—രാജർഷി മാസികയുടെ ആ അധിക്ഷേപകോലാഹലം—കൈരളിയുടെ വായനക്കാർ ഇപ്പോഴും വിസ്മരിച്ചിരിക്കുവാനിടയില്ല. കൈരളിയുടെ മല്ലിനാഥനു അപവാദസൂത്രം മനസ്സിലായിട്ടുണ്ടെന്നു് അവൻ പറയുന്നില്ല; അവൻ അവൈയാകരണൻതന്നെ, കാര്യം എങ്ങനെയായാലും അവനു് അസ്ഥാനത്തിൽ വലിഞ്ഞു കയറി അനാവശ്യമായി ആരേയും അധിക്ഷേപിക്കുന്ന ആ രാജർഷിവൈയാകരണനോടു വിനീതമട്ടിൽ ഒന്നപേക്ഷിക്കുവാനുണ്ടു്. "സ്നേഹിതാ! രാഷ്ട്രീയശബ്ദം ഏതെല്ലാം അർത്ഥത്തിലാണു പ്രയോഗിക്കാവുന്നതു് എന്നും രാഷ്ട്രീയശബ്ദം രാഷ്ട്രായഹിതം എന്നു തുടങ്ങിയ അർത്ഥങ്ങളിൽ പ്രയോഗിച്ചുകൂടെന്നു പാണിനി പറഞ്ഞിട്ടുണ്ടോ എന്നും മററും താങ്കൾ ഒന്നുകൂടി ആലോചിച്ചു് ആ ആലോചനയുടെ ഫലം കൈരളിക്കല്ലെങ്കിൽ രാജർഷിമാസികക്കുതന്നെ അയച്ചു കൊടുത്താൽകൊള്ളാം" എന്നു്. ആ വിലപിടിച്ച അഭിപ്രായം ഒന്നു കണ്ടതിനുശേഷമാകാം "രാഷ്ട്രീയ"ത്തിന്റെ "കിഞ്ചിച്ഛേഷം" പുറത്തു കാണിപ്പാൻ എന്നാണു മല്ലിനാഥൻ കരുതിക്കൊണ്ടിരിക്കുന്നതു്. ഒരു വൈയാകരണശിരോമണിയുടെ ന്യായമായ അഭിപ്രായങ്ങൾ കേട്ടതിനുശേഷം കിഞ്ചിച്ഛേഷം തുച്ഛമെന്നു തോന്നിയാൽ വ്യക്തിവിദ്വേഷത്തിന്റെ ദുർഗ്ഗന്ധം പൊങ്ങുവാനിടയുള്ള ആ ദുർവ്യാപാരത്തിൽനിന്നു വിരമിക്കുവാനും വിരോധമില്ലല്ലോ.

## മലയാളം ചോദ്യക്കടലാസ്സുകൾ.

മുമ്പൊരിക്കൽ മലയാളിക്കുട്ടികൾ—പബ്ലിക്കു പരീക്ഷക്കു പരീക്ഷ്യന്മാരായിപ്പോകുന്ന കുട്ടികൾ—"മലയാളം എന്നു കേട്ടാൽ "ഇമ്പാച്ചി" എന്നു പേടിക്കരുതെന്നു കരുതി മലയാളം ഉത്തരക്കടലാസ്സു നോക്കി മാർക്കുകൊടുക്കുമ്പോൾ പരീക്ഷകന്മാർ നൂററുക്കു അറുപതു കണ്ടേ മാർക്കുകൊടുക്കൂ എന്ന വ്രതം മാറേറണ്ടതാണെന്നു മല്ലിനാഥൻ പറഞ്ഞിരുന്നുവല്ലോ. ഭാഷാപോഷണത്തിനുവേണ്ടി ഇക്കാര്യത്തിൽ തങ്ങളുടെ കർത്തവ്യമെന്തെന്നു ചുമതലപ്പെട്ടവൻ ഒന്നു ചിന്തിക്കേണ്ടതാണു്. പരീക്ഷക്കടലാസ്സു നോക്കുന്ന കാലമായിരിക്കുമല്ലോ ഇതു്.

ഈക്കൊല്ലത്തെ സ്കൂൾ ഫൈനൽ മലയാളം ചോദ്യക്കടലാസ്സുകളെസ്സംബന്ധിച്ചു മല്ലിനാഥന്നു വലിയ ആക്ഷേപമൊന്നും തോന്നുന്നില്ല. ഫസ്റ്റ് പേപ്പറിൽ അപോദ്ധാരം വേണ്ടിയിരുന്നില്ലെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടുവാനിടയുണ്ടു്. മല്ലിനാഥൻ അവരോടു യോജിക്കുവാനൊരുക്കമില്ല. സമയം പോരെന്നു കുട്ടികൾ പറയുന്നതു വേണ്ടതെന്തെന്നു ചിന്തിക്കാതെ പാഠം മുഴുവൻ എഴുതുവാൻ തുടങ്ങുന്നതുകൊണ്ടാണെന്നേ മല്ലിനാഥൻ വിചാരിക്കുന്നുള്ളു. രണ്ടാം കടലാസ്സിലെ തർജ്ജമയ്ക്കുള്ള ഭാഗം അധികം മിനുത്തുപോയില്ലേ എന്നൊരു സംശയം ചിലർക്കുണ്ടാകാം. ഭാഷ കഠിനമല്ലെന്നിരിക്കേ തർജ്ജമയ്ക്കുള്ള ഭാഗം സാഹിത്യവാസനയെക്കൂടി സ്പർശിക്കുന്നതായിപ്പോയി എന്നൊരപവാദം മല്ലിനാഥൻ അത്ര ഗണ്യമാക്കുന്നില്ല. കൈ വിറക്കാതെ മാർക്കുകൊടുക്കുന്ന പക്ഷം വൈഷമ്യമൊന്നും വരുവാനില്ലെന്നാണു മല്ലിനാഥന്നു തോന്നിയിരിക്കുന്നതു്. പരീക്ഷക്കടലാസ്സിനെപ്പറ്റിയുള്ള പ്രസ്താവം കൈരളിയുടെ കുടുംബരക്ഷയ്ക്കുവേണ്ടി മാത്രം ചെയ്തുപോയിട്ടുള്ളതാണേ.

മല്ലിനാഥൻ.